240219

# ഉദനോട്

വി. കെ. ചെറിയാൻ

240219

2H0219

൩/൪ അണ ഗ്രന്ഥാവലി

# [illegible]

PPBD

240219

# വാനരനാരി

വി. എം. ചെറിയാന്റെ

നോവലുകൾ

---

ആരണ്യകന്യക.

അത്ഭുതവിഗ്രഹം.

വന്യവനിതകൾ.

ആരണ്യപുത്രി.

വാനരനാരി.

# വാനരനാരി

(നോവൽ)

SEN GUPTA PUBLIC LIBRARY
Date.........
PUTHIYARA

ഗ്രന്ഥകർത്താ

വി. എം. ചെറിയാൻ

DISTRIBUTORS

നാഷനൽ ബുക്ക്സ്റ്റാൾ

കളരിക്കൽ ബസാർ കോട്ടയം

വില 12 ണ.

ഒന്നാം പതിപ്പ് കോപ്പി 1000

1954 എപ്രിൽ

(പകർപ്പവകാശം)

894.83
CHE

പ്രസാധകന്മാർ

വി. വി. ബുക്കുഡിപ്പോ, കോട്ടയം

# ആമുഖം

പന്ത്രണ്ടണ ഗ്രന്ഥാവലിയിലെ മൂന്നാം പുസ്തകമാണ് "വാനരനാരി." സി. എം. എസ്സ്. പ്രസ്സിലെ ജോലിത്തിരക്കുകാരണം നാലാംപുസ്തകം അച്ചടിച്ചുകഴിഞ്ഞിട്ടും മൂന്നാം പുസ്തകത്തിന്റെ അച്ചടി പൂർത്തിയാകാതെ വന്നുകൂടി. പന്ത്രണ്ടണ ഗ്രന്ഥാവലിയിൽ ഇതേവരെ പ്രസിദ്ധീകൃതമായ മററു നോവലുകൾപോലെ, "വാനരനാരി"യും "പത്രിക"യിൽ ഖണ്ഡശ്ശഃ പ്രസിദ്ധപ്പെടുത്തുകയും, വായനക്കാരുടെ പ്രശംസക്കു അർഹമായിത്തീരുകയും ചെയ്തതാണ്.

ഞങ്ങളുടെ പുതിയ പ്രസ്ഥാനത്തിന് ഇതേവരെ ലഭിച്ച പ്രോത്സാഹനം ഗ്രന്ഥപാരായണത്തിൽ താല്പര്യമുള്ളവരിൽനിന്ന് ഇനിമേലും ധാരാളമായി ലഭിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി "വാനരനാരി"യും സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

കോട്ടയം, <br>
1954 ഏപ്രിൽ 1.

പ്രസാധകർ: <br>
പി. പി. ബുക്കഡിപ്പോ.

# വാനരനാരി

## അദ്ധ്യായം 1

ഇന്ദ്രൻ ബാല്യകാലത്തിൽ തന്നെ പല പ്രത്യേകതകളും പ്രത്യക്ഷപ്പെടുത്താറുണ്ടായിരുന്നു. മററുള്ള കുട്ടികളെ പോലല്ല. തനിച്ച്, ഒരു കൂട്ടുകാരും കൂടാതെയാണ് അവൻെറ കളികൾ. കളിക്കോപ്പുകൾ ഒന്നും വേണ്ടാ. എന്നുവച്ചാൽ സാധാരണ കുട്ടികൾ ഇഷ്ടപ്പെടുന്ന കളിക്കോപ്പുകൾ ഒന്നും അവനു വേണ്ടാ. നിർജ്ജീവ വസ്തുക്കൾ കൊണ്ട് എങ്ങനെയാണ് കളിക്കുന്നതെന്നു ചോദിക്കുന്നു എന്നു തോന്നിപ്പോകും, ഒരു പാവയൊ മറെറാ കൊടുക്കുമ്പോൾ അവൻ നോക്കുന്നതു കണ്ടാൽ. കണ്ണു തുറക്കുകയൊ അടയ്ക്കുകയൊ, തല ആട്ടുകയൊ, കാലും കൈയ്യും പൊക്കുകയൊ താക്കുകയൊ, തൊട്ടാൽ ശബ്ദം പുറപ്പെടുവിക്കയൊ ചെയ്യുന്ന പാവകൾ ആയാൽ പോലും ഇന്ദ്രനെ ആകർഷിക്കയില്ല. തീവണ്ടി; മോട്ടോർകാർ എന്നിങ്ങനെ യന്ത്രപ്പണികൾ ഉള്ളവയും സ്പ്രിംഗ് മുറുക്കിയാൽ ഓടുന്നവയും ആയ കളിക്കോപ്പുകളും അവനു വേണ്ടാ. ഒരു വിട്ടിലൊ, എറുമ്പോ, പാററയൊ, തവളയൊ ആയാൽ പിന്നെ അവനു വേറൊന്നും വേണ്ടാ. ആഹാരം പോലും വേണ്ടാ. കൊച്ചുകുട്ടി അല്ലെ, തവളയേയും പാററായെയുംകണ്ടാൽ ഭയം തോന്നുകയില്ലെ എന്നു ഓക്കാം, ചോദിക്കാം. ഭയം എന്നതു് ആ കുട്ടിയെ തീണ്ടിയിട്ടുപോലുമില്ല. ഭയം എന്നാൽ എന്താണെന്നു അറിഞ്ഞു കൂടെങ്കിൽപിന്നെ ഭയപ്പെടുകയില്ലല്ലോ. ജീവനുള്ള "പാവ"

യെ കിട്ടിയാൽ പിന്നെ ഇന്ദ്രൻ അതിനെ വിട്ടുല്ല. ആ കൊച്ചു കൈകളിൽ നിന്നു ചാടിപ്പോകാൻ അതു എത്ര ശ്രമിച്ചാലും പററുകയില്ല. ആദ്യകാലങ്ങളിൽ അവയെ കണ്ടു കൊണ്ടിരുന്നാൽ മതിയായിരുന്നു ഇന്ദ്രന്. അതു് കഴിഞ്ഞപ്പോൾ അവയുടെ ഉള്ളിൽ എന്താണു്, അവയ്ക്കു ചലനശക്തി ലഭിക്കുന്നതു് എങ്ങനെയാണു് എന്നു കണ്ടുപിടിക്കണമെന്നു് ആഗ്രഹമായി. പ്രാണികളുടെ ഉള്ളിൽ എന്താണെന്നു തേടിത്തെരഞ്ഞു വരുമ്പോഴേക്കു അവ അനക്കമെ ഇല്ലാത്ത അവസ്ഥയിൽ എത്തുന്നതു് ഇന്ദ്രനെ വേദനപ്പെടുത്തി. എന്താണു് അങ്ങനെ സംഭവിക്കുന്നതെന്നറിവാൻ അവനു് അതിയായ ആഗ്രഹം ഉണ്ടായിരുന്നു. അച്ഛനമ്മമാരോടും സ്നേഹിതന്മാരോടും ചോദിച്ചാൽ തൃപ്തികരമായ ഒരു മറുപടി ലഭിക്കയില്ലല്ലോ.

ബാല്യത്തിലെ കഥയാണു മുകളിൽ പറഞ്ഞതു്. ചെറുപ്രാണികളെ ഉപദ്രവിക്കയും കൊല്ലുകയും ചെയ്യുന്ന ഒരു ബാലൻ പ്രായമാകുമ്പോൾ ഏതു തരക്കാരനായിരിക്കും? അയൽക്കാരിൽ പലരും ഈ ചോദ്യം ചോദിക്കാറുമുണ്ടായിരുന്നു. ഇന്ദ്രന്റെ മാതാപിതാക്കളുടെ മനസ്സിലും ഉദിച്ചു ഈ ചോദ്യം. അവർ അതു ആരേയും അറിയിച്ചില്ല. ഇന്ദ്രൻ ഒരു കഠോരനായിട്ടാണൊ വരാൻ പോകുന്നതു് എന്ന ചിന്ത അവന്റെ പിതാവിനെക്കാൾ അധികം മാതാവിനെയാണു് ഉപദ്രവിച്ചതു്. അതു സമീപത്തുള്ള ദേവാലയത്തിനും അവിടത്തെ പുരോഹിതനും നല്ലൊരു ആദായമാർഗ്ഗമായിത്തീർന്നു. മാതാവിന്റെ ആഗ്രഹത്തിന്റെയൊ പ്രാർത്ഥനയുടെയൊ, ദേവാലയത്തിലെ പുരോഹിതന്റെ ഇടപെടൽ കൊണ്ടു് ദേവപ്രീതി ലഭിച്ചതു കൊണ്ടോ, എന്തൊ കൌമാരകാലത്തു തന്നെ, ഇന്ദ്രൻ ചെറുപ്രാണികളോടു ക്രൂരമായി പെരുമാറുകയല്ല, പ്രത്യുത അവ എന്താണെന്നു മനസ്സിലാക്കുന്നതിനു ശ്രമിക്കയാണു് എന്നു വ്യക്തമാകയു

ണ്ടായി. അതു അവൻെറ മാതാപിതാക്കൾക്കു ആശ്വാസപ്രദമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. "ഇന്ദ്രൻെറ പ്രത്യേകതയിൽ നിന്നു ധരിക്കേണ്ടതു്, ജീവജാലങ്ങൾക്കു ജീവശക്തി ലഭിക്കുന്ന മാർഗ്ഗം തുടങ്ങിയ കാര്യങ്ങളിൽ വിജ്ഞാനം സമ്പാദിക്കുന്നതിനു അവനു അതിയായ ആഗ്രഹം ഉണ്ടെന്നാണ്. അതിനു വേണ്ട സൗകര്യങ്ങൾ നൽകിയാൽ വേണ്ട അറിവും അഭ്യസനവും ലഭിക്കത്തക്ക വിധത്തിൽ വിദ്യാഭ്യാസരീതി ക്രമപ്പെടുത്തിയാൽ, ജീവിതായോധനത്തിൽ വിജയം വരിക്കയും ലോകരംഗത്തു് സംപൂജ്യമായ ഒരു സ്ഥാനത്തു എത്തിച്ചേരുകയും ചെയ്യും" എന്നാണ് അവൻെറ ഗുരുവും മാതാപിതാക്കളുടെ ആപ്തമിത്രവും ആയ ഒരു ദേഹം ഒരിക്കൽ പറഞ്ഞതു്. അന്നു മുതൽ തന്നെ ഭാവിയിൽ ഇന്ദ്രൻ അലങ്കരിക്കേണ്ട സ്ഥാനത്തു് എത്തിച്ചേരുന്നതിനുള്ള ഒരുക്കങ്ങൾ മാതാപിതാക്കന്മാർ വിശേഷവിധിയായി ആരംഭിച്ചു എന്നു പറയേണ്ടതുണ്ടു്.

പ്രാണികളേയും ചെറുജന്തുക്കളേയും കണ്ടാൽ അവയെ കയ്യിൽ എടുത്തോ എടുക്കാതെ മുട്ടിൽ നിന്നോ ഇരുന്നോ കമഴ്ന്നു കിടന്നോ, അവയുടെ പ്രവർത്തനങ്ങൾ എത്ര സമയം വേണമെങ്കിലും നോക്കിക്കൊണ്ടിരിക്കുമെങ്കിലും, ഇന്ദ്രൻ ഒരു ക്ലാസ്സിൽപോലും തോററിട്ടില്ല. എന്നല്ല അവൻ എല്ലാ പരീക്ഷകൾക്കും ധാരാളം മാർക്കു വാങ്ങി ഉയർന്നു ജയിക്കുക, എന്നുള്ളതായിരുന്നു പതിവു്. ഒരു വിദ്യാർത്ഥി അവൻെറ കർത്തവ്യകർമ്മമായ അദ്ധ്യയനം അദ്ധ്യാപകർക്കു തന്നെ തൃപ്തികരമായ വിധത്തിൽ നിർവ്വഹിക്കുന്നെങ്കിൽ, എറുമ്പുകൾ അണിനിരന്നു മാർച്ചുചെയ്യുന്നതു് നോക്കി ഇരുന്നശേഷം അവയിൽ ഒന്നുരണ്ടിനെ പിടിച്ചെടുത്തു് ഒരു കുപ്പിയിൽ ആക്കി അടച്ചു എന്നുവച്ചതിനു അവനെ ആരെങ്കിലും കുററപ്പെടുത്തുമോ? ഒരു എട്ടുകാലി അതിൻെറ വീടും ആ

ഹാരസമ്പാദനമാർഗ്ഗവും ആയ വല കെട്ടുന്നതു കണ്ടു നിന്ന് അല്പം ഉല്ലാസവാനായിപ്പോയി എങ്കിൽ വിദ്യാർത്ഥിയെ ശിക്ഷിക്കുന്നത് ശരിയായിരിക്കുമോ? എട്ടുകാലിക്കു വല കെട്ടാനുള്ള നൂൽ നിഷ്പ്രയാസം എവിടെ നിന്നു ലഭിക്കുന്നു എന്നു ഗവേഷണം നടത്തിയപ്പോൾ, എട്ടുകാലി മൂത്തിപ്പെട്ടു എങ്കിൽ അത് ഒരു കഠിനകൃത്യമായി ഗണിക്കാമോ? ഗവേഷകന്മാർ അവരുടേയും സഹപ്രവർത്തകരുടേയും ആരോഗ്യവും ജീവനും അപകടത്തിൽ ആക്കി ഗവേഷണം നടത്തിയതുകൊണ്ടും നടത്തുന്നതുകൊണ്ടും ആണല്ലോ ലോകത്തിന് ഇന്നു കാണുന്ന ശാസ്ത്രീയ പുരോഗതി കൈവന്നിരിക്കുന്നത്.

ഇന്ദ്രന് വീട്ടിലും വിദ്യാലയത്തിലും ലഭിച്ച സ്വാതന്ത്ര്യം അവന്റെ ശാസ്ത്രീയ തൃഷ്ണയെ വളർത്തുകയും, ചെറുപ്പക്കാർ സാധാരണ ചെന്നു ചാടുന്ന അപകടങ്ങളിൽ നിന്ന് അവനെ രക്ഷിക്കുകയും ആണ് ചെയ്തത്. ധനസംബന്ധമായി വളരെ ഉയർന്ന ഒരു നില ഇല്ലായിരുന്നു എങ്കിലും, ഏകപുത്രന്റെ വിദ്യാഭ്യാസത്തിനും, അവന് ഏതെങ്കിലും ഒരു തൊഴിലിൽ ഏർപ്പെടണമെന്നുണ്ടെങ്കിൽ അതിന് ആവശ്യം വരാവുന്ന മുതൽ മുടക്കുന്നതിനും വേണ്ട സൌകര്യങ്ങൾ ഇന്ദ്രന്റെ അച്ഛനുണ്ടായിരുന്നു. "ഇന്റർമിഡിയററ്-ഇൻസയൻസ്" പരീക്ഷ പാസാകുന്നതുവരെ, ഇന്ദ്രന്റെ വിദ്യാഭ്യാസലക്ഷ്യം എന്താണെന്നോ ഏതെങ്കിലും തൊഴിലിനെ ലക്ഷ്യമാക്കി അഭ്യസനം തിരിച്ചു വിടണമോ എന്നോ അദ്ദേഹം അവനോടു ചോദിച്ചില്ല. ഇഷ്ടമനുസരിച്ച് എന്തെങ്കിലും ചെയ്തുകൊള്ളട്ടെ, പണം ഉതപമില്ലല്ലോ, എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഇന്റർമീഡിയററ് ജയിച്ചപ്പോൾ, ഏതെങ്കിലും തൊഴിലിനുള്ള പഠിത്തമാണ് ലക്ഷ്യമെങ്കിൽ ആ വഴിക്കു തിരിയുന്നതാണ് നന്നെന്നു അദ്ദേഹം ഇന്ദ്രനെ ഉപദേശിച്ചു. ഇന്ദ്രൻ ഭാവിയെപ്പററി അന്നുവരെ

അങ്ങനെ ചിന്തിച്ചിട്ടുണ്ടായിരുന്നില്ല. ഓരോ ദിവസവും ഉണരുമ്പോൾ മുതൽ ഉറങ്ങുമ്പോൾ വരെ സന്തോഷമായും ഉത്സാഹമായും, അവൻെറ അഭിപ്രായത്തിൽ ഉപകാരപ്രദമായും ചെലവഴിച്ചുകൊണ്ടിരുന്നതിനാൽ ഭാവിയെപ്പററി ചിന്തിക്കണമെന്നു തന്നെ ഇന്ദ്രൻ ഒരിക്കൽപോലും ഓർത്തിട്ടില്ല.

അച്ഛനും മകനും അമ്മയും സ്നേഹിതരായിട്ടാണു് ആ വീട്ടിൽ കഴിഞ്ഞുവന്നതു്. ഇന്ദ്രൻ ഇൻറർ പാസായശേഷം അവർ മൂന്നാളുംകൂടി മൂന്നുനാലു ദിവസം ആലോചിച്ചു. ആ ദിവസങ്ങളിൽ ഇന്ദ്രൻ പതിവില്ലാത്തതരത്തിൽ സഗൗരവം ആലോചനകളിൽ പങ്കെടുക്കയും കാര്യങ്ങളുടെ ഗുരുലഘുത്വവും ഗുണദോഷങ്ങളും മനസ്സിലാക്കി അഭിപ്രായങ്ങൾ പ്രകടിപ്പിക്കയും ചെയ്തപ്പോളാണു് തൻെറ പുത്രൻ കൌമാരത്തിൽനിന്നു യൌവ്വനത്തിൽ പ്രവേശിച്ചു എന്നു അവൻെറ അച്ഛനു് മനസ്സിലായതു്. അതും, അവൻെറ അഭിപ്രായങ്ങളിൽ പ്രകടിതമായ ബുദ്ധിസാമർത്ഥ്യവും ആ മാതാപിതാക്കളെ എത്രമാത്രം ആനന്ദിപ്പിച്ചു എന്നു പറയാൻ പ്രയാസമാണു്.

ആലോചനയുടെ ഫലമായി, ഇന്ദ്രൻ മെഡിക്കൽ കോളേജിൽ ചേരുകയാണു ചെയ്തതു്. നൈസർഗ്ഗികമായി അവനുണ്ടായിരുന്ന വാസന വികസിക്കുന്നതിനു് ഏററം പററിയ മാർഗ്ഗം അതു തന്നെയാണെന്നു അറിയാമായിരുന്നു എങ്കിലും, ഓരോ ക്ലാസിലും ഓരോ വിഷയത്തിലും അവനു ലഭിച്ച അസാധാരണമായ വിജയം അതിനെ സ്ഥിരപ്പെടുത്തി. ഒരു ക്ലാസിൽ എങ്കിലും തോൽവി ഉണ്ടായില്ല. ഒരു വിഷയത്തിൽ എങ്കിലും മാർക്കു കുറഞ്ഞുപോയുമില്ല. അഞ്ചുവർഷംകൊണ്ടു് മെഡിക്കൽ കോളേജ് അഭ്യസനം പൂർത്തിയാക്കി, ഡിഗ്രിയും സമ്പാദിച്ചു കഴിഞ്ഞപ്പോൾ പിന്നെയും ഉയർന്ന

"ഇനി എന്തു്" എന്നുള്ള ചോദ്യം. ഗവമ്മെൻറു സവ്വീസിൽ കേറാൻ പണിയില്ല. ഡോക്ടർമാരെ കിട്ടാതെ ബുദ്ധിമുട്ടുന്ന കാലമാണു്. പ്രായം വളരെ കുറവായതുകൊണ്ടു് ഇപ്പോൾ സവ്വീസിൽ പ്രവേശിച്ചാൽ വളരെ ഉയൎന്ന നിലയിൽ എത്തിയ ശേഷം, നല്ല സമ്പാദ്യത്തോടെ നല്ല പെൻഷ്യൻ വാങ്ങി പിരിയാൻ സാധിക്കുമെന്ന നിശ്ചയമുണ്ടായിരുന്നതുകൊണ്ടു്, ഉടൻ തന്നെ ഗവമ്മെൻറു സവ്വീസിൽ പ്രവേശിക്കുക ആയിരിക്കും നന്നു്, എന്നു് ഇന്ദ്രൻെറ പിതാവു് അഭിപ്രായപ്പെട്ടു. മാതാവു് അതിനെ "സെക്കൻറു" ചെയ്തു.

ഇന്ദ്രൻ പറഞ്ഞു:—"ഗവമ്മെൻറു സവ്വീസിൽ കേറി ഉയൎന്ന ഒരു നിലയിൽ എത്തുന്നതു് വളരെ കാമ്യമായ ഒരു കായ്യമായി എനിക്കു തോന്നിയിട്ടില്ല."

ഇന്ദ്രൻെറ അച്ഛൻ പറഞ്ഞു:—"കാലത്തിൻെറ മാററം മൂലം ചിന്താഗതിയിലും അഭിപ്രായത്തിലും വന്നു കൂടുന്ന മാററം കൊണ്ടാണു് നീ അങ്ങനെ പറയുന്നതു്."

ഇന്ദ്രൻ:—"അച്ഛൻ പറഞ്ഞതു ശരിയായിരിക്കണം. എൻെറ അഭിപ്രായം, ഈ വിധം ഇരിക്കുന്ന സ്ഥിതിക്കു്....."

അച്ഛൻ:—"രണ്ടുവശവും ചൂണ്ടിക്കാണിക്കുക എന്നുള്ളതിൽ കവിഞ്ഞൊരു വിധത്തിലും ഈക്കായ്യത്തിൽ ഇടപെടണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല."

അമ്മ: "അങ്ങിനെ പറയാതെ. അഭിപ്രായം പറഞ്ഞാൽ മാത്രം മതിയെന്നോ? അവിടുത്തെ അഭിപ്രായം അവൻ ആദരിക്കണമല്ലോ. അതിനു അവനെ നിർബന്ധിക്കയും കൂടി ചെയ്യണം."

ഇന്ദ്രൻ:—"അച്ഛൻെറ ആജ്ഞ എന്നും ശിരസ്സാവഹിക്കാൻ ഞാൻ എപ്പോഴും തയ്യാറാണു്."

അച്ഛൻ:—"ആ പ്രശ്നം ഇവിടെ ഉദിക്കുന്നതേ ഇല്ല. നിനക്കു വിവേകത്തിനുള്ള പ്രായമായി. ലോകപരിജ്ഞാനം നിൻെറ പ്രായക്കാർക്കുള്ളതിൽ കൂടുതൽ ലഭിക്കത്തക്ക വിധമാണ് ഞങ്ങൾ വളർത്തിക്കൊണ്ടു വന്നത്. ഇപ്പോൾ സർവകലാശാലക്കാരും നിൻെറ യോഗ്യത സമ്മതിച്ചിരിക്കുന്നു. കാര്യങ്ങൾ ഈ വിധം ഇരിക്കുമ്പോൾ കണ്ണുംപൂട്ടി ഒരു ആജ്ഞ നൽകുകയല്ല ഞാൻ ചെയ്യേണ്ടതെന്നാണ് എൻെറ അഭിപ്രായം."

അമ്മ:—"പിന്നെ എന്തു വേണമെന്നാണ്?"

അച്ഛൻ:—"അവന് എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ അതു തീർത്തു കൊടുക്കുക. ഏതു കാര്യത്തിൻെറയും രണ്ടുവശങ്ങളും കാണിച്ചു കൊടുക്കുക. എൻെറ ഭാവിയെയല്ല, ഇന്ദ്രൻെറ ഭാവിയെ ആയിരിക്കും അതു സ്പർശിക്കുന്നത്. അതു കൊണ്ടാണ് അവൻ തന്നെ തീരുമാനിക്കണം എന്നു ഞാൻ പറയുന്നത്."

അമ്മ:—"സംഗതികളുടെ രണ്ടു വശവും കാണിച്ചു കൊടുക്കുക മാത്രമാണ് അവിടുത്തെ ചുമതല എന്നു പറഞ്ഞല്ലോ. ഏതു സംഗതികളുടെ രണ്ടു വശവും ആണ്?"

അച്ഛൻ:—"ഇന്ദ്രൻ ഇനി എന്താണു ചെയ്യേണ്ടതെന്നാണല്ലോ ആലോചിക്കുന്നത്. ഗവമ്മെൻറു സർവ്വീസിൽ പ്രവേശിക്ക ആയിരിക്കും നന്നെന്നു ഞാൻ അഭിപ്രായപ്പെട്ടു. അതിൻെറ രണ്ടുവശവും ഞാൻ കാണിക്കയും ചെയ്യുവല്ലോ."

അമ്മ:—"അതു അവനു ഇഷ്ടമില്ലെന്നു പറഞ്ഞുവല്ലോ. ഇനിയും പിന്നെ....."

ഇന്ദ്രൻ:—"ഇഷ്ടമില്ലെന്നല്ല ഞാൻ പറഞ്ഞത്. ഗവമ്മെൻറു സർവ്വീസിൽ കേറിയാൽ സാമൂഹ്യമായി ഉയർച്ചയുണ്ടാകും. പണവും സമ്പാദിക്കാം. അതു രണ്ടും

ജീവിതോദ്ദേശമായി സ്വീകരിക്കുന്നതിന്നു എൻെറ മനസ്സ് അങ്ങട്ടു സമ്മതിക്കുന്നില്ല. പിന്നെ അച്ഛൻ പറഞ്ഞാൽ.....”

അച്ഛൻ:—“ ഞാൻ അങ്ങനെ പറയുകയില്ല, പറയുന്നുമില്ല. നിൻെറ ആഗ്രഹം എന്തെന്നു വ്യക്തമായി പറയണം.”

ഇന്ദ്രൻ:—“ വിദേശത്തുപോയി സർജറിയുടേയും മെഡിസിൻെറയും ഉയൎന്ന മേഖലകളിൽ പരിശീലനവും മനഃശാസ്ത്രസംബന്ധമായി ഉപരിപഠനവും നടത്തിയാൽ കൊള്ളാമെന്നാണ് എൻെറ ആഗ്രഹം. പക്ഷേ.....”

അമ്മ:—“അയ്യോ കടൽ കടന്നു വല്ല രാജ്യത്തും പോകണമെന്നാണൊ? എനിക്കു ആകെ ഒന്നേയുള്ളു.”

അച്ഛൻ.—“ നീ ബഹളിക്കാതെ. അവൻ പറയുന്നതെന്താണെന്നു കേൾക്കാം. അതിനുശേഷം നമ്മുടെ അഭിപ്രായം പറയാം.” (ഇന്ദ്രനോടു) “നീ എന്തുപറയാനാണു വന്നതു്? പക്ഷേ....എന്നു വന്നപ്പോളാണല്ലൊ അമ്മ ഇടയ്ക്കു ചാടി വീണതു്.”

ഇന്ദ്രൻ:—“വിദേശ പര്യടനത്തിനും താമസത്തിനും വേണ്ടിവരുന്ന ചെലവു വഹിക്കാൻ അച്ഛനു സന്തോഷവും സൌകര്യവും ഉണ്ടോ എന്നു ചോദിക്കാൻ ഞാൻ ഭാവിച്ചപ്പോളാണു അമ്മ എനിക്കു ഒന്നേയുള്ളു എന്നു പറഞ്ഞതു്.”

അച്ഛൻ:—“എത്ര വർഷം വിദേശത്തു താമസിക്കേണ്ടിവരും? എവിടെയെല്ലാമാണ്? ചെലവു എന്തു വരുമെന്നാണു വിചാരിക്കുന്നതു്?

ചന്ദ്രൻ:—“ ഓസ്ത്രിയായിൽ വീയന്നായിലും, ജൎമ്മനിയിലും ഓരോ വർഷം, ബ്രിട്ടനിലും അമേരിക്കയിലുംകൂടി ഒരു വർഷം അങ്ങനെ മൂന്നു വർഷം ആയാൽ

കൊള്ളാമെന്നാണ്. ചെലവെന്തുവരുമെന്നു എനിക്കു അല്പംപോലും അറിഞ്ഞുകൂടാ. അച്ഛനു അറിയാമായിരിക്കുമല്ലൊ?"

അച്ഛൻ:—"ചെലവു എന്തുവരുമെന്നു നല്ല നിശ്ചയമില്ല. ഏകദേശം ഒന്നു ഊഹിക്കാം. അതു ഒരു തടസ്സമായി നില്ക്കേണ്ടാ. വീയന്നായിലെ പരിശീലനം വളരെ പ്രയോജനപ്പെടുകയും ചെയ്യും. എന്നാൽ ഒന്നുകൂടി ചിന്തിക്കാനുണ്ട്. ഞാൻ തടസ്സം പറയുകയാണെന്നു ധരിക്കരുത്."

ഇന്ദ്രൻ:—"അച്ഛൻ അങ്ങനെ പറയാതെ. അവിടുന്നു എനിക്കു ഗുണത്തിനല്ലാതെ ദോഷത്തിനു ഒന്നും ചെയ്യുകയില്ലെന്നു എനിക്കു പൂർണ്ണബോദ്ധ്യമാണ്."

അച്ഛൻ:—"ഗവമ്മെൻറ സർവീസിൽ കേറി ഒരു കല്യാണവും കഴിച്ചു ഒരു അഞ്ചുവർഷം കഴിഞ്ഞു, കൂടുതൽ ഉന്നത വിദ്യാഭ്യാസത്തിനു പോകയല്ലേ നന്ന്? അപ്പോൾ സ്റ്റഡിലീവു കിട്ടും. ചെലവിൽ ഒരു നല്ല ഭാഗം ഗവമ്മെൻറ വഹിക്കുകയും ചെയ്യും."

അമ്മ:—"അതാണു നല്ലതു്. ഒരു കുഞ്ഞെങ്കിലും ആയിട്ടു പോകയാണെങ്കിൽ എനിക്കു അവനെ മനാക്കിക്കൊണ്ടു് ഇരിക്കാമല്ലൊ."

ഇന്ദ്രൻ:—"അച്ഛൻ ചൂണ്ടിക്കാണിച്ച മാർഗ്ഗം വളരെ ഉത്തമമാണ്. പക്ഷെ ഗവമ്മെൻറ സർവീസിൽ കേറി, ആരോ വെട്ടി ശരിപ്പെടുത്തിയിട്ടിരിക്കുന്ന ആ റോഡിൽകൂടിതന്നെ നടന്നു ജീവിതാന്ത്യത്തിൽ എത്താൻ എനിക്കു ആഗ്രഹവും ഇഷ്ടവും ഇല്ല. അതിൽ ഒരു പുതുമയും ഇല്ല. ശാസ്ത്രീയമായി ഒരു വളർച്ചയും അതുമൂലം ലഭിക്കാനുമില്ല. എനിക്കു ഉദ്യോഗത്തിലും ശമ്പളത്തിലും പണത്തിലും യാതൊരു കമ്പവും, രസവുമില്ല. ശാസ്ത്രത്തിൽ വലിയ രസം ഉണ്ടുതാനും. അച്ഛൻ ചൂ

ണ്ടിക്കാണിച്ച മാൎഗ്ഗത്തിലൂടെ പോയാൽ ഉദ്യോഗത്തിൽ ഉയൎച്ചയുണ്ടാകും. പണം കിട്ടുകയും ചെയ്യും. പക്ഷെ ശാസ്ത്രീയമായ പുരോഗതി ഉണ്ടാകയില്ല."

അച്ഛൻ:—"ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ ഉപരി വിദ്യാഭ്യാസത്തിനു പോയാൽ ഫലിക്കയില്ലെന്നാണൊ?"

ഇന്ദ്രൻ:—"അല്ല, ഉദ്യോഗത്തിൽ ഉയൎച്ച ലഭിക്കുന്നതിനുള്ള അഭ്യാസനം ആയിരിക്കും തേടുന്നതും ലഭിക്കുന്നതും. എന്റെ ലക്ഷ്യം ശാസ്ത്രമാണ്. ശാസ്ത്രത്തെ സേവിച്ചു പ്രത്യക്ഷപ്പെടുത്താൻ പുറപ്പെടുന്ന ആൾ സ്വതന്ത്രൻ അല്ലെങ്കിൽ പ്രയാസം വരും. ഉദ്യോഗത്തിൽ കേറി കല്യാണം കഴിച്ചു കുട്ടികളുമായശേഷം ഉന്നതവിദ്യാഭ്യാസത്തിനു പുറപ്പെടുന്നവൻ ഒരു തരത്തിലും സ്വതന്ത്രൻ ആയിരിക്കയില്ലല്ലൊ. അത്രെയുള്ളു തടസ്സം."

അച്ഛൻ:—"അപ്പോൾ എന്നത്തേക്കു പുറപ്പെടണമെന്നാണ്?"

ഇന്ദ്രൻ:—"അച്ഛനു സന്തോഷമാണെങ്കിൽ കഴിയുന്നത്ര വേഗത്തിൽ."

അമ്മ:—"നല്ല നേരായി. ഞാൻ വിടാതിരിക്കയില്ല. ഇപ്പോൾ പോകേണ്ടാ, ഒരിക്കലും പോകേണ്ടാ........"

ഇന്ദ്രൻ:—"അമ്മ അങ്ങനെ പറയാതെ."

അമ്മ:—"ഞാൻ പറയുന്നതു മുഴുവൻ ഒന്നു കേട്ടിട്ടാകട്ടെ. എന്തിനാണു കടൽകടന്നു പോകുന്നത്? പണം ഉണ്ടാക്കാനാണെങ്കിൽ ഇവിടെ ഉണ്ടെന്നു അച്ഛൻ പറഞ്ഞതു കേട്ടില്ലെ?"

ഇന്ദ്രൻ:—"കേട്ടു. അതല്ലല്ലൊ ഉദ്ദേശം."

അമ്മ:— "ഉദ്യോഗത്തിനാണെങ്കിൽ ഇപ്പോൾ ജയിച്ച പരീക്ഷ മതിയല്ലൊ. അതു മാത്രം ജയിച്ച വലി

യ ഉദ്യോഗത്തിൽ ഇരിക്കുന്നവരെ എത്രപേരെ നമു ക്കറിയാം."

അച്ഛൻ:—"അവനു ശാസ്ത്രം പഠിക്കണമെന്നാ ണല്ലൊ പറയുന്നത്."

അമ്മ:—"ശാസ്ത്രം പഠിച്ചിട്ടു എന്തുചെയ്യാനാണ്? പുഴുങ്ങിത്തിന്നാനൊ?"

ഇന്ദ്രൻ:—"അമ്മെ! ചെറുപ്പകാലത്തിൽ അല്ലാ തെ സാധിക്കുമൊ? പ്രായമായി ഭാര്യയും മക്കളും ആയി കഴിഞ്ഞാൽ പിന്നെ പഠിക്കാനൊക്കുമൊ?"

അച്ഛൻ:—"നീ അങ്ങനെ നിർബന്ധം തുടങ്ങരു തെ. ഇന്ദ്രനു പോകണമെന്നുണ്ടെങ്കിൽ പോയി പഠി ച്ചു പൂർത്തിയാക്കി വരട്ടെ."

അമ്മ:—"ഇവിടുന്നും അങ്ങനെ പറയുകയാണെ ങ്കിൽ ഞാൻ തടസ്സം പറയുന്നില്ല. എന്നാൽ ഒരു കാ ര്യം ഉണ്ട്...."

അച്ഛൻ:—"അതെന്താണ്? പറയാൻ എന്താ മടി ക്കുന്നത്."

അമ്മ:—"മടി ഒന്നുമില്ല. കുഞ്ഞു പഠിക്കാൻപോകു ന്നതിനു ഞാൻ ഇനി തടസ്സം പറയുന്നില്ല. പക്ഷെ കല്യാണം കഴിച്ചശേഷമേ വിടാൻ ഒക്കുകയുള്ളൂ."

ഇന്ദ്രൻ:—"അതെന്താ അമ്മെ?"

അമ്മ:—"അത്രെ സാധിക്കയുള്ളൂ."

ഇന്ദ്രൻ:—"അല്ലാത്തപക്ഷം പാസ്പോർട്ടു കിട്ടുക യില്ലെന്നാണൊ?"

അമ്മ:—'പാസ്പോർട്ടു കിട്ടും. തിരികെ വരാൻ അതു ഉപയോഗിച്ചില്ലെന്നൊ, തിരികെ പോരാൻ സമ യം ഒരു പാസ്പോർട്ടുകൂടി വേണ്ടിവന്നു എന്നൊ വര രുതെന്നുവച്ചാണു പറയുന്നത്."

ഇന്ദ്രൻ:--"അമ്മ പറയുന്നതെന്താണെന്നു ത ന്നെ മനസ്സിലാകുന്നില്ല."

അമ്മ:--"മനസ്സിലാകുന്നില്ലേ ? എന്നാൽ പറയാമല്ലോ. ചുണ്ണാമ്പുപോലെ വെളുത്ത വല്ല ബിലാത്തിക്കാരിയുടേയും അമ്മായിയമ്മ ആകാൻ ഞാൻ തയ്യാറില്ല."

അച്ഛൻ:--"എന്താണീ പറയുന്നത്? മിണ്ടാതിരിക്കണം."

അമ്മ:--"ചുമ്മാതിരിക്കണം എന്നു പറയാൻ എളുപ്പമുണ്ട്. ഒന്നിനേയും വലിച്ചു തലയിൽ കേററിക്കൊണ്ടു വന്നെങ്കിൽ........"

അച്ഛൻ:--"ഇന്ദ്രൻ അത്തരക്കാരനാണെന്നാണൊ നീ പറയുന്നതു ?"

അമ്മ:--മര്യാദക്കാരനാകുന്നതല്ലെ അപകടം? അപ്പോഴാണല്ലോ അവളുമാരുടെ വലയിൽ പാടിയാൽ, വല പൊട്ടിച്ചു ഇങ്ങുപോരാൻ ശ്രമിക്കുന്നതു തന്നെ തെററാണെന്നുള്ള അഭിപ്രായവും വിശ്വാസവും ഉണ്ടാകുന്നത്."

അച്ഛൻ:--"ഛെ.... ..."

അമ്മ:--"അങ്ങനെ അല്ല. കാര്യത്തിൻെറ ഗൗരവം ശരിക്കു മനസ്സിലാക്കിയിട്ടു തന്നെയാണ് ഞാൻ പറയുന്നത്. നമ്മുടെ നാട്ടിൽനിന്നും ബിലാത്തിക്കുപോയി, അവിടെനിന്നു ഓരോന്നിനേയും കൊണ്ടുവന്നവർ പലരുണ്ടല്ലോ. അവരിൽ സന്തോഷകരമായ കുടുംബജീവിതം നയിക്കുന്നവർ എത്ര ഉണ്ട്. നാട്ടിൽ വന്നു നാലാംപക്കം തമ്മിൽ അടിച്ചുപിരിയും. പിന്നെ അവളുംകൂ ബിലാത്തിയിൽ തോന്നിയപാടു ജീവിക്കാനുള്ള പണം അയച്ചുകൊടുത്തുകൊള്ളണം."

ഇന്ദ്രൻ:--"അമ്മയ്ക്കു പ്രസംഗം അറിയാം എന്നു ഞാൻ അറിഞ്ഞിരുന്നില്ല."

അമ്മ:--"മകനേ, പുലിയുടെ ഗന്ധംവരുന്ന ദി

ക്കിൽനിന്നു ജീവനുംകൊണ്ടു ഓട്ടുന്ന പശു അതിൻെറ കിടാവിനെ പിടിക്കാൻ വരുന്ന പുലിയോടു എതൃക്കുമെന്നും ഓടിക്കുമെന്നും നീ കേട്ടിട്ടുണ്ടോ? അതാണു് മാതൃഹൃദയത്തിൻെറ പണി. നിന്നെ പത്തുമാസം ... ...എന്തിനു അതൊക്കെ പറയുന്നു? വല്ല ബിലാത്തിക്കാരിയും തലയിൽ കേറാതിരിക്കുന്നതിനു കുഞ്ഞിനെക്കൊണ്ടു കല്യാണം കഴിപ്പിച്ചശേഷം അയച്ചുകൊള്ളുണം, അയക്കണമെന്നു നിർബന്ധമുണ്ടെങ്കിൽ."

ഇന്ദ്രൻ:--"ഒരു സ്ത്രീയെ കല്യാണംകഴിച്ചു നാട്ടിൽ ഇട്ടുംവച്ചു ബിലാത്തിയിൽ ചെന്നു വേറൊരുവളെ കല്യാണം കഴിക്കരുതൊ?"

അമ്മ:--"ഉവ്വായിരിക്കും. എന്നാലും ഒരു ഭാൎയ്യയുണ്ടെന്നു അറിഞ്ഞാൽ അവളുമാർ അത്ര ബദ്ധപ്പെടുകയില്ല."

അച്ഛൻ:--"നിൻെറ അമ്മ പറഞ്ഞതു വളരെ കാൎയ്യമാണു. പുറപ്പെടുന്നതിനു മുമ്പു സൗകൎയ്യപ്പെട്ടെങ്കിൽ കല്യാണം കഴിക്കണം."

ഇന്ദ്രൻ:--'വിവാഹംതന്നെ വേണ്ടെന്നാണു് എൻെറ ഇപ്പോഴത്തെ അഭിപ്രായം. ഇവിടെ കല്യാണം കഴിച്ചു് ഒരു യുവതിയെ അങ്ങനെ ഇട്ടു് മൂന്നു വൎഷം ബിലാത്തിയിൽ പോയി താമസിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല! തന്നെയുമല്ല നാട്ടിൽ ഒരു ഭാൎയ്യയുള്ളതുകൊണ്ടു നാലഞ്ചു ആയിരം മൈൽസ് ദൂരത്തു താമസിക്കുന്ന ഭൎത്താവു മൎയ്യാദക്കാരനായി കഴിയുമെന്നു വയ്ക്കുന്നതും ശരിയായിരിക്കുമൊ? എന്താ ബിലാത്തിയിൽ ചെന്നു കല്യാണം കഴിക്കയില്ലെന്നു ഉറപ്പുതന്നാൽ പോരെയൊ?"

അമ്മ:—"നീ ഉറച്ചതുകൊണ്ടായൊ? അവിടുത്തെ ശൃംഗാരികൾ വന്നു തലയിൽ ഇരമ്പിക്കേറുമ്പോൾ ആ ഉറപ്പൊക്കെ പൊയ്പോകും."

ഇന്ദ്രൻ:—"അമ്മ......"

അമ്മ:—"മകനേ, നീ എന്തറിഞ്ഞു? എം. ബി. പാസ്സായാൽ സ്ത്രീഹൃദയത്തിൻെറ ഉള്ളുകള്ളികൾ എല്ലാം അറിവാകും എന്നാണൊ ഭാവം?"

ഇന്ദ്രൻ:—"അതല്ല. എന്നെപ്പററി എനിക്കു തന്നെ ഉള്ള വിശ്വാസംകൊണ്ടാണ്."

അമ്മ:—"ലോകത്തെപ്പററി, മനുഷ്യൻെറ ബലഹീനതയെപ്പററി ശരിക്കു ഒന്നും അറിയാൻ ഇടയാകാത്തതുകൊണ്ടാണു ഇത്ര ധൈൎയ്യമായി പറയുന്നതു്. നമ്മുടെ പുരാണങ്ങൾ തന്നെ എന്താണു കാണിക്കുന്നതു്? ദശവൎഷക്കാലം ഒരേ ഇരുപ്പിൽ ഇരുന്നു തപസ്സു ചെയ്യാൻ ശക്തിയുള്ള മുനിമാർപോലും അകപ്പെട്ടുപോയിട്ടുണ്ടല്ലോ. അതു തന്നെയല്ല"......

അച്ഛൻ:—"അതുകൊണ്ടു എന്തു വേണമെന്നാണു നീ പറയുന്നതു്?"

അമ്മ:—"വല്ല ബിലാത്തിക്കാരികളേയും തലയിൽ കേററിയാൽ ഇവൻ അനുഭവിക്കേണ്ടിവരുന്ന നരകദുരിതം ഓൎത്തിട്ടാണു ഞാൻ പറയുന്നതു്. ഭാഷയറിയാൻ പാടില്ല, നമ്മുടെ ജീവിതരീതി അറിയാൻ പാടില്ല. അതൊക്കെ പരിഹരിക്കയൊ വഹിക്കയൊ ചെയ്യാമെന്നു വച്ചാൽതന്നെയും കുട്ടികൾ ഉണ്ടായാലത്തെ കഥ എന്തായിരിക്കും?"

ഇന്ദ്രൻ:—"അപ്പോൾ വിശേഷവിധിയായി എന്തു സംഭവിക്കുമെന്നാണു്?"

അമ്മ:—"അവർ എന്തു ജാതിക്കാരായിരിക്കും? കല്യാണം കഴിക്കാനൊ, കഴിച്ചുകൊടുക്കാനൊ പോലും സാധിക്കാതെ വരുകയില്ലേ?"

ഇന്ദ്രൻ:—"നടക്കാൻ ഇടയില്ലാത്ത കാൎയ്യം നട

ക്കുമെന്നു ഓർത്തു, ഭയന്നു് അമ്മ എന്തിനാണു ഇങ്ങനെ മനസ്സു പുണ്ണാക്കുന്നതു് ?”

അമ്മ:—“സംഭവിക്കയില്ലെന്നു നിശ്ചയം പറയാൻ സാധിക്കുമെങ്കിൽ കൊള്ളാം. സാധിക്കുമൊ?”

ഇന്ദ്രൻ:—“സാധിക്കും. അമ്മ വിഷമിക്കേണ്ടാ.”

അമ്മ:—“നല്ല ഉറപ്പുണ്ടെങ്കിൽ.....ഞാൻ ഇനി ഒന്നും പറയുന്നില്ല.”

അച്ഛൻ:—“ഇന്ദ്രനു് എവിടെ എല്ലാം പോയി പഠിക്കണമെന്നു് ആദ്യമായി തീർച്ചപ്പെടുത്തണം, അവിടേയ്ക്കെല്ലാം എഴുതി അനുമതി വാങ്ങാൻ നോക്കുക. പാസ്പോർട്ടിനും ഇപ്പോൾമുതൽ ശ്രമിച്ചു തുടങ്ങുകയായിരിക്കും നന്നു്.”

അമ്മ:—“അപ്പോൾ......”

അച്ഛൻ:—“നിന്റെ അഭിപ്രായം അവഗണിച്ചു എന്നു ധരിക്കരുതു്. അവഗണിച്ചില്ല. എങ്ങനെ ആയാലും പത്തുപന്ത്രണ്ടു മാസങ്ങൾക്കകമെ അവനു പുറപ്പെടാൻ സാധിക്കയുള്ളു. അതിനകം സൗകര്യമായി ഏതെങ്കിലും കല്യാണക്കാര്യം വന്നെങ്കിൽ അതു നടത്തിയിട്ടു വിട്ടാൽ മതി.”

അമ്മ:—“അവൻ......”

അച്ഛൻ:—“സമ്മതിക്കും, സമ്മതിപ്പിക്കണം.”

## അദ്ധ്യായം 2

മുൻ അദ്ധ്യായത്തിൽ വിവരിച്ച ആലോചനകളും സംഭാഷണങ്ങളും നടന്നിട്ടു പത്തുപന്ത്രണ്ടു വൎഷങ്ങളായി. ശാസ്ത്രീയഗവേഷണങ്ങളിലും അഭ്യസനത്തിലും ഉണ്ടായ അതിയായ താല്പൎയ്യം നിമിത്തം ഇന്ദ്രൻ പ്രതീക്ഷിച്ചതിൽ വളരെ കൂടുതൽ കാലം പാശ്ചാത്യരാജ്യങ്ങളിൽ ചെലവഴിച്ചു. സ്വജനങ്ങളുടെ ഇടയിൽനിന്നു മാറി, പൊതുജനാഭിപ്രായം തങ്ങളെ സ്പൎശിക്കയില്ലെന്നു തോന്നത്തക്ക പരിതസ്ഥിതികളിൽ ചെന്നു ചേരുന്ന യുവജനങ്ങൾ സാധാരണ വീഴാറുള്ള കെണികളിൽ ഒന്നിലെങ്കിലും ഇന്ദ്രൻ വീണില്ല. അതു് അവന്റെ സാമൎത്ഥ്യം കൊണ്ടോ നിയന്ത്രണശക്തി കൊണ്ടോ മാത്രം ആയിരുന്നു എന്നു പറഞ്ഞുകൂടാ. ശാസ്ത്രീയ ഗവേഷണാദി കാൎയ്യങ്ങളിൽ സൎവ്വശ്രദ്ധയും സദാ കേന്ദ്രീകരിച്ചതു് കൊണ്ടു് മററു ചിന്തകൾക്കു് ഒന്നിനും അവനെ ബന്ധിക്കുന്നതിനോ ബാധിക്കുന്നതിനോ സാധിച്ചില്ല. നാടും വീടും വിട്ടു വളരെ പണം ചെലവാക്കി ദൂരദേശത്തു വന്നു താമസിക്കുന്നതിന്റെ പ്രയോജനം ലഭിക്കണം എന്നുള്ള ചിന്ത ഇന്ദ്രനെ പൂൎണ്ണമായി ഭരിച്ചതും വളരെ സഹായകരമായിരുന്നു.

പുത്രന്റെ വിദേശവാസം പ്രതീക്ഷയിൽ വളരെ അധികം ദീൎഘിച്ചതു അവന്റെ മാതാപിതാക്കന്മാൎക്കു ക്ലേശത്തിനു കാരണമായി. എങ്കിലും അവൻ വഷളത്തങ്ങളിൽ ചാടാതെ, വിദേശവാസത്തിൽനിന്നു ലഭിക്കാവുന്ന ഗുണം പൂൎണ്ണമായി കൈവശപ്പെടുത്തുകയാണെന്നു അവന്റെ കത്തുകളിൽ നിന്നും മററുമാൎഗ്ഗങ്ങളിലൂടെയും അറിഞ്ഞു കൊണ്ടിരുന്നതിനാൽ അവർ ഒരുതരം മനസ്സമാധാനത്തോടു കൂടിത്തന്നെ കഴിഞ്ഞു കൂടി.

അഞ്ചു വൎഷങ്ങൾ കൊണ്ടു് അഭ്യസനം പൂൎത്തിയാക്കി. അതു കഴിഞ്ഞപ്പോൾ ഇന്ദ്രന് ഏററവും പ്രിയംകരമായ ഗവേഷണങ്ങൾ നടത്തുന്നതിനു ഒരു സുപ്രസിദ്ധ ഗവേഷണകേന്ദ്രത്തിൽ പ്രവേശനത്തിനു വാഗ്ദത്തം ലഭിച്ചിരിക്കുന്നു എന്നും, അവിടത്തെ സൎവ്വ ചെലവുകളും നടത്തിക്കൊണ്ടു പോകുന്നതിനു ആവശ്യമായ സംഖ്യ സ്കോളർഷിപ്പായി ലഭിക്കുമെന്നും, അച്ഛന്റെ അനുമതിയുള്ളപക്ഷം അവിടെ മൂന്നുവൎഷം കഴിച്ചു കൂട്ടാൻ ആഗ്രഹമുണ്ടെന്നും അവൻ കേബിൾമാൎഗ്ഗം അച്ഛനെ അറിയിച്ചു. പ്രതീക്ഷയിൽ കവിഞ്ഞു ധനവ്യയം ഉണ്ടായി എങ്കിലും പുത്രൻ തെരഞ്ഞെടുത്ത മാൎഗ്ഗത്തിൽ പുരോഗമിച്ചു കൊണ്ടിരുന്നതിനാൽ പണക്കാൎയ്യത്തിൽ അച്ഛന് അശേഷം പോലും മനഃപ്രയാസം ഉണ്ടായില്ല. പ്രവേശനത്തിനു വാഗ്ദത്തം നൽകിയ ഗവേഷണശാലയിൽ സ്കോളർഷിപ്പ് കൂടാതെ പരിശീലനം നടത്തുന്നതിന് അനുമതി ലഭിച്ചിരുന്നു എങ്കിൽ തന്നെയും, പുത്രനെ കാണണമെന്നുള്ള അതിയായ മോഹം അമൎത്തി, അവിടെ പ്രവേശിച്ചു കൊള്ളുക എന്ന് അദ്ദേഹം മറുപടി കൊടുക്കുമായിരുന്നു. സ്കോളർഷിപ്പ് ലഭിച്ചതും സന്തോഷകരമായിരുന്നു. അത്രയും പണം ലാഭിക്കാമല്ലോ എന്നു ഓൎത്തുള്ള സന്തോഷമല്ല, വിശ്വവിഖ്യാതമായ ആ ഗവേഷണശാലയിൽ സ്കോളർഷിപ്പ് കൊടുത്തു പ്രവേശിപ്പിക്കാൻ തക്ക നിലയിൽ തന്റെ പുത്രൻ എത്തി എന്നുള്ള ബോധമാണ് അദ്ദേഹത്തിനു സന്തോഷത്തിനു ഇടയാക്കിയതു്.

ജീവരാശികളുടെ എല്ലാം ശാരീരികമായും കായികമായും ഉള്ള വളൎച്ചയേയും അധഃപതനത്തേയും നിയന്ത്രിക്കുന്നതു് ഗ്ലാണ്ടുകൾ അല്ലെങ്കിൽ മാംസഗ്രന്ഥികൾ ആണെന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തി വിപുലമായ രീതിയിൽ ശാസ്ത്രീയഗവേഷണം നടത്തു

ന്ന ആ ഗവേഷണശാലയിൽ ഇന്ദ്രൻ മൂന്നു വർഷം കഴിച്ചുകൂട്ടി. ആ മൂന്നു വർഷങ്ങൾക്കു മൂന്നു ദിവസങ്ങളുടെ ദൈർഘ്യമെ ഉണ്ടായിരുന്നുള്ളു എന്നാണ് ഇന്ദ്രൻ പറയുന്നത്. അവിടത്തെ പ്രധാന ശാസ്ത്രജ്ഞന്മാരുടെ ഉള്ളഴിഞ്ഞ അഭിനന്ദനങ്ങളും, അനേകം അനേകം "ഡിഗ്രികളും" ആയി സസുഖം മടങ്ങിയ ഇന്ദ്രൻെറ വരവു പ്രതീക്ഷിച്ചു വിമാനത്താവളത്തിൽ കാത്തു നിന്ന മാതാപിതാക്കന്മാരെ നമസ്കരിച്ചശേഷം അവൻ ആദ്യമായി ഉച്ചരിച്ചത് "അമ്മേ, ഞാൻ പറഞ്ഞതുപോലെ തന്നെ ചെയ്തില്ലേ, എനിക്കു എന്നിൽ തന്നെ നല്ല വിശ്വാസം ഉണ്ടെന്നുപറഞ്ഞതു ശരി ആയിരുന്നു എന്ന് ഇപ്പോൾ ബോദ്ധ്യമായയൊ" എന്നുള്ള ചോദ്യമായിരുന്നു.

ഏകപുത്രൻ സസുഖം മടങ്ങി എത്തിയതുകൊണ്ടു തന്നെ സ്വർഗ്ഗാനുഭൂതി അനുഭവിച്ചുകൊണ്ടിരുന്ന ആ മാതാവു ചോദ്യത്തിനു നല്കിയ മറുപടി ഒരു ചുംബനവും ആയിരുന്നു.

ഇന്ദ്രൻ മടങ്ങി എത്തി ഒരു മാസം വിശ്രമിച്ച ശേഷമാണ് ഇനി എന്താണ് ഭാവം എന്നു അച്ഛൻ ചോദിച്ചത്. ഗവമ്മെൻറു സർവ്വീസിൽ പ്രവേശിക്കആയിരിക്കും നന്നെന്നു ഒരു സൂചനയും അദ്ദേഹം നല്കാതിരുന്നില്ല.

ഇന്ദ്രൻ മറുപടി പറഞ്ഞു, "ശാസ്ത്രത്തെ കൊല്ലാക്കൊല ചെയ്യുന്ന മേധാവികളുടെ കീഴിൽ, കുറച്ചു പണത്തിനു വേണ്ടി ജോലി ചെയ്യാൻ ഞാൻ പോകണമെന്നാണോ ?"

അച്ഛൻ:—"പണത്തിനു വേണ്ടി ജോലി ചെയ്യണമെന്നല്ല. ഗവമ്മെൻറിൽ ആയാൽ ഒരു സ്ഥിരത ഉണ്ടല്ലോ."

അമ്മ :—"ജോലികാര്യം തീർച്ചപ്പെടുത്തി അതിൽ പ്രവേശിക്കുന്നതിനു മുമ്പു നിശ്ചയിച്ചു നടപ്പിൽ വരുത്തേണ്ട വേറൊരു കാര്യം കിടപ്പുണ്ട്."

ഇന്ദ്രൻ :—"അതെന്താണമ്മേ ?"

അമ്മ :—"എനിക്കു പ്രായമായി. ഗൃഹഭാരം വഹിക്കാൻ ഇനി വയ്യാ. ആ ചുമതല ഏല്ക്കാൻ ഒരാളും ഉണ്ടാവണം."

ഇന്ദ്രൻ:—"നമുക്കു നല്ലൊരു ബട്ട്ലറേയൊ ഹൌസ് കീപ്പറേയൊ നിയമിക്കണം."

അമ്മ:—"അപ്പോൾ 'എടുകുടുക്കെ' എന്നു പറഞ്ഞാൽ ആഹാരം മുമ്പിൽ വന്നു നിരന്നുകൊള്ളും. കാര്യങ്ങൾ നടന്നുകൊള്ളും....... !!"

ഇന്ദ്രൻ :—"പിന്നെ എന്തു വേണമെന്നാണ് അമ്മ പറഞ്ഞത് ?"

അമ്മ :—"നീ കല്യാണം കഴിക്കണമെന്നാണ്. വയസ്സ് ഇത്രയും ആയില്ലേ?"

ഇന്ദ്രൻ:—"വയസ്സോ? വയസ്സെന്നും വാർദ്ധക്യമെന്നും പറയുന്നതു ഇല്ലാതാക്കാനുള്ള വിദ്യ പഠിച്ചുകൊണ്ടാണ് ഞാൻ വന്നിരിക്കുന്നത്. അമ്മയെ ഞാൻ നിത്യജീവി ആക്കിയേക്കാം."

അമ്മ :—"അതു മാത്രം വേണ്ടാ. ഈശ്വരൻ എനിക്കു നിശ്ചയിച്ചിട്ടുള്ള കാലത്തോളം ഇവിടെ ജീവിച്ചാൽ മതി. അതിലധികം വേണമെന്ന് ആഗ്രഹമില്ല. അങ്ങനെ ആഗ്രഹിക്കുന്നതും അതിനായി ശ്രമിക്കുന്നതും തെററാണ്."

ഇന്ദ്രൻ :—"എന്നാൽ വേണ്ടാ."

അമ്മ :—"വേണ്ടാ, ഇനിയും പറയണം എൻെറ ചോദ്യത്തിനുത്തരം."

ഇന്ദ്രൻ :—"അമ്മ ഒന്നും ചോദിച്ചില്ലല്ലൊ."

അമ്മ:—"എനിക്കു തക്കിക്കാനും വാദിക്കാനും ഒന്നും അറിഞ്ഞുകൂടാ. ഈ കുടുംബം നിലനില്ക്കുന്നതിനു നീ കല്യാണം കഴിക്കണം. എനിക്കു അല്പം വിശ്രമം കിട്ടുന്നതിനും അതു ആവശ്യമാണ്. അതു കഴിഞ്ഞിട്ടു വേണം നിന്റെ ജോലിക്കാര്യത്തെപ്പററി ആലോചിക്കാനെന്നാണ് ഞാൻ പറഞ്ഞതു്."

ഇന്ദ്രൻ:—"അതിനൊക്കെ സമയവും കാലവും ഇനി ധാരാളമുണ്ടല്ലോ. ഞാൻ സക്കാർ സർവ്വീസിൽ പ്രവേശിക്കയാണു നന്നെന്നാണ് അച്ഛന്റെ അഭിപ്രായം. അമ്മ എന്തു പറയുന്നു?'

അമ്മ:—"അതു നിങ്ങൾ രണ്ടാളുംകൂടി തീച്ചപ്പെടുത്തിയാൽ മതി. മണി പതിനൊന്നര ആയി. പന്ത്രണ്ടിനു ഊണു തയ്യാറാകേണ്ടതല്ലേ? വേലക്കാർ വളത്തിക്കൊള്ളും എന്നു പറഞ്ഞിരുന്നാൽ വയററിലേക്കു ഒന്നും പോകയില്ല."

അമ്മ അകത്തേക്കു പോയശേഷം അച്ഛനും മകനുംകൂടി ആലോചന തുടന്നു. ഗവമ്മെൻറ സർവ്വീസിൽ പ്രവേശിക്കാൻ ഇന്ദ്രനു അശേഷം ഇഷ്ടമില്ലാതിരുന്നതുകൊണ്ടു്, പ്രൈവററ പ്രാക്ററീസു തന്നെ ആരംഭിക്കാമെന്നു തീച്ചപ്പെടുത്തി. വീട്ടിൽ എത്തി വിശ്രമിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ സഹസ്രക്കണക്കിനു രോഗികൾ എത്തിക്കൂടിക്കൊണ്ടിരുന്നു. പ്രാക്ററീസു ആരംഭിച്ചാൽ സംഖ്യ അതിൽ പതിന്മടങ്ങു വദ്ധിക്കുമെന്നു ന്യായമായി പ്രതീക്ഷിക്കാമെന്നു അച്ഛനു ബോദ്ധ്യപ്പെട്ടു. ഒരു നല്ല കെട്ടിടം വാടകയ്ക്കു എടുത്തു് ഒരു ആസ്പത്രി ആരംഭിക്കണമെന്നായിരുന്നു ഇന്ദ്രന്റെ അഭിപ്രായം. രോഗികൾക്കു താമസിക്കുന്നതിനുള്ള സൌകയ്യങ്ങൾ നല്കണമെങ്കിൽ വളരെ വലിയ ഒരു കെട്ടിടം തന്നെ വേണം. അതോടുകൂടി ഇന്ദ്രന്റെ വിവിധ രീതിയിലുള്ള ഗവേഷണങ്ങൾ

സൌകൎയ്യമായി നടത്തണമെങ്കിൽ അതിനു പ്രത്യേക സൌകൎയ്യങ്ങളും ആവശ്യമാണല്ലോ. എല്ലാററിനും കൂടി പററിയ ഒരു കെട്ടിടം മാത്രമെ അവർ കണ്ടുള്ളു. കണ്ണൂറററിക്കിലെ പഴയ നവാബ്ബുമാരുടെ ഒരു കൊട്ടാരം. ചുററിലും വിസ്തൃതമായ തോട്ടം. ഒട്ടധികം എടുപ്പുകൾ. ഓരോന്നിലും ധാരാളം സ്ഥലസൌകൎയ്യവുമുണ്ട്. ആ കൊട്ടാരം വാടകയ്ക്കു കൊടുക്കയില്ലെന്നും, നല്ല വില കൊടുത്താൽ വാങ്ങാൻ പററിയേക്കുമെന്നും നാലഞ്ചു ദിവസത്തെ ശ്രമംകൊണ്ടു അറിഞ്ഞു. രോഗികൾക്കു കിടക്കുന്നതിനുള്ള സൌകൎയ്യത്തെക്കാൾ ഇന്ദ്രനെ വളരെ അധികം ആകർഷിച്ചു, ഗവേഷണത്തിനു അവിടെ ഉണ്ടാക്കാവുന്ന സൌകൎയ്യങ്ങൾ. അതിനു ആവശ്യമുള്ള ചെറു മൃഗങ്ങളെ സൂക്ഷിക്കുന്നതിനും വളൎത്തുന്നതിനും ഇത്ര പററിയ വേറൊരു സ്ഥലം ആ നഗരത്തിലൊ അതിനടുത്തു എവിടെ എങ്കിലുമൊ ലഭിക്കയില്ല. പണം എങ്ങനെ ചെലവാക്കുന്നു എന്നറിയാതെ കുഴങ്ങി വന്ന നവാബന്മാർ, അനേകം മൃഗങ്ങളുള്ള ഒരു മൃഗശാല തന്നെ അവിടെ ഉണ്ടാക്കിയിരുന്നു. ഇന്നു മൃഗങ്ങൾ ഒന്നും ഇല്ലെങ്കിലും, അവയ്ക്കായി നിൎമ്മിച്ച കെട്ടിടങ്ങൾക്കു പറയത്തക്ക അററകുററങ്ങൾ ഒന്നുമില്ല. അല്പസ്വല്പ മാററങ്ങൾ വരുത്തിയാൽ ഒന്നാംതരം ഒരു "സൂ" തന്നെ ആക്കാം.

വിലയുടെ കാൎയ്യത്തിൽ വലിയ തക്കമൊന്നും ഉണ്ടായില്ല. സ്ഥലവും കെട്ടിടവും വിലയ്ക്കു വാങ്ങി ഒരു മാസത്തിനുള്ളിൽ "ഇന്ദ്രൻസ് ഹോസ്പിററൽ" ഉൽഘാടനം ചെയ്യപ്പെട്ടു. ഇന്ദ്രൻ വിമാനത്തിൽ യാത്ര ചെയ്തുകൊണ്ടു സാമാനങ്ങൾ ഒന്നുംതന്നെ ഇല്ലാതെ "കൈ വിശി" ആണ് വന്നതു്. കപ്പലിൽ കയററയിരുന്ന അനേകശതം പെട്ടികൾ തുറന്നു അവയിൽ അടക്കം ചെയ്തിരുന്ന സാമാനങ്ങളും ഉപകരണങ്ങളും വേണ്ടതരത്തിൽ ക്രമീകരിച്ചപ്പോൾ മാത്രമാണ്, വലി

യ കെട്ടിടം വേണമെന്നു ഇന്ദ്രൻ നിർബ്ബന്ധമായി പറഞ്ഞതിൻെറ കാൎയ്യം അവൻെറ അച്ഛനു മനസ്സിലായത്. രോഗികൾക്കു കിടക്കുന്നതിനും, അവരെ പരിശോധിക്കുന്നതിനും, നേഴ്സുമാൎക്കും അസിസ്റ്റൻറു ഡോക്ടറന്മാൎക്കും ആഫീസായും മററും ഉപയോഗിക്കുന്നതിനും പ്രധാന എടുപ്പു വിനിയോഗിച്ചു. പ്രധാന എടുപ്പിനു അടുത്തു തന്നെ സ്ഥലസൌകൎയ്യമുള്ള മററു മൂന്നു എടുപ്പുകൾ ഉണ്ടായിരുന്നവ എല്ലാം ഗവേഷണശാലയ്ക്കു മാററിവെയ്ക്കേണ്ടതായി വന്നു. അവിടെല്ലാം ആവശ്യമുള്ള ഉപകരണങ്ങളും യന്ത്രങ്ങളും, കപ്പലിൽ വന്ന് ഇറങ്ങിയ പെട്ടികളിൽ ഉണ്ടായിരുന്നു. ഇന്ദ്രനു വേണ്ടി എന്തു ചെലവാക്കുന്നതിനും അല്പം പോലും മടി ഇല്ലായിരുന്നു എങ്കിലും, അവൻെറ അച്ഛനു, ഇന്ദ്രൻെറ വിദേശവിദ്യാഭ്യാസത്തിനു ചെലവായ സംഖ്യ കുറെ അധികമായിപ്പോയി എന്നു തോന്നാറുണ്ടായിരുന്നു. എങ്കിലും അതു ഭാൎയ്യയോടു പോലും പറഞ്ഞുമില്ല. ഗവേഷണശാലയിലും ആസ്പത്രിയിലും നിരത്തിവെച്ചിരുന്ന യന്ത്രവിശേഷങ്ങളുടേയും ഉപകരണങ്ങളുടേയും വില കണക്കു കൂട്ടിയാൽ, ഇന്ദ്രനു താൻ അയച്ചുകൊടുത്ത സംഖ്യ വളരെ നിസ്സാരമായിരിക്കുമെന്നും, അയച്ച സംഖ്യയുടെ നാലിരട്ടി കൊടുത്താൽ ഇത്രയും സാധനങ്ങൾ കിട്ടുകയില്ലെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. അതു വളരെ ആശ്വാസവും നല്കി.

ആസ്പത്രി തുറക്കുന്നതിനു മുമ്പുതന്നെ രോഗികൾ ഇരമ്പി അടുത്തുകൊണ്ടിരുന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആസ്പത്രി തുറക്കുന്നതിനു മുമ്പുതന്നെ നല്ല പരിചയവും വിദ്യാഭ്യാസയോഗ്യതയും ഉള്ള എതാനും ഡോക്ടർമാരേയും, നേഴ്സുകളേയും സഹായത്തിനു ഇന്ദ്രൻ നിയമിക്കയുണ്ടായി. ഇത്ര അധികം വേണ

മൊ എന്നു അയാളുടെ അച്ഛനു ചില സമയം സംശയം തോന്നാറുണ്ടായിരുന്നു എങ്കിലും ഒന്നും പറഞ്ഞില്ല. ഒരു മാസം കഴിഞ്ഞപ്പോഴേക്കു, ഒന്നും പറയാതിരുന്നതു നന്നായി എന്നു അദ്ദേഹത്തിനു തോന്നി. കേൾവിപ്പെട്ട ചില ഡോക്ടർമാരും, ഗവമ്മെൻറു ജനറൽ ആസ്പത്രി അധികൃതരും ആശ ഇല്ലെന്നു പറഞ്ഞു് ഇറക്കിവിട്ട ഏതാനും രോഗികൾക്കു ശസ്ത്രക്രിയ മൂലം അത്ഭുതകരമായ വിധം സുഖം നല്കിയതോടുകൂടി ഇന്ദ്രൻെറ കേൾവി നാട്ടിൻെറ നാനാഭാഗങ്ങളിലും പാറിപറന്നു. രോഗികളെ കിടത്താൻ സ്ഥലമൊ നോക്കാൻ സമയമൊ ഇല്ലാത്ത ഘട്ടം ആവിർഭവിക്കാൻ ഇനി അധികതാമസമില്ല എന്ന നില ആയി.

## അദ്ധ്യായം 3

“റോഷ്ണി വരണം, എൻെറ ഏററവും പുതിയ കാമിനിയുമായി പരിചയപ്പെടുത്താം. എന്തൊരു സുന്ദരിയാണെന്നറിഞ്ഞോ, എത്ര നല്ല സ്വഭാവം. ഇത്ര കൃശഗാത്രിയും സുശീലയും ആയ ഒരു കന്യക, കാനനത്തിൽ നിന്നു ഇതിനു മുമ്പു പുറത്തു വന്നിട്ടില്ല നിശ്ചയം!!” സുമുഖൻ കളിമട്ടിലാണു് പറഞ്ഞതെങ്കിലും അതിൽ കാര്യം ഒട്ടും ഇല്ലെന്നു ധരിക്കരുതു്.

വാറൻ സക്കസിലെ വന്യമൃഗവകുപ്പിൻെറ സർവ്വാധിപതിയാണു് സുമുഖൻ. സുമുഖനു മെരുക്കാൻ സാധിക്കാത്ത തരം വന്യമൃഗങ്ങൾ ഇനി ബ്രഹ്മാവു പുതുതായി സൃഷ്ടിച്ചെങ്കിലെ ഉണ്ടാകയുള്ളൂ. മററുള്ളവർ കണ്ടാൽ ഭയപ്പെടുകയൊ അറയ്ക്കുകയൊ ചെയ്യുന്ന മൃഗങ്ങളുടെ സൌന്ദര്യസൌശീല്യാദി ഗുണങ്ങൾ അയാൾ വർണ്ണിക്കുന്നതു കേട്ടാൽ റോഷ്ണിക്കു നാണമാവും. എങ്കിലും ആരും അടുത്തുചെല്ലുന്നതിനുപോലും

ധൈര്യപ്പെടാത്ത സിംഹം, കടുവാ തുടങ്ങിയ ഭയങ്കര മൃഗങ്ങളെ ക്ഷണത്തിൽ മെരുക്കി പൂർണ്ണാനുസരണത്തിൽ കൊണ്ടുവരുന്നതിനു അവളുടെ പ്രാണനാഥനുള്ള ശക്തി, റോഷ്ണിയുടെ അഭിമാനത്തെ വിജൃംഭിപ്പിക്കാറുണ്ടു്. അതേ സമയം തന്നെ അപകടം നിറഞ്ഞ ആ പണിയിൽ ഏർപ്പെട്ടു വൃത്തികെട്ട വന്യമൃഗങ്ങളെ ലാളിക്കുന്നതു അവളിൽ രോഷവും പലപ്പോഴും അസൂയയും ജനിപ്പിക്കാറുമുണ്ടു്.

വാറൻ സർക്കസിന്റെ ഉടമസ്ഥനും നല്ലൊരു കോടീശ്വരനും ആയ സി. പി. വാറന്റെ പുത്രിയാണു് റോഷ്ണി. റോഷ്ണിയും സുമുഖനും തമ്മിലുള്ള വിവാഹം ജാത്യാചാരമനുസരിച്ചു പറഞ്ഞുറച്ചു വച്ചിരിക്കയാണു്. എപ്പോൾ വേണമെങ്കിലും അതു ആഘോഷപൂർവ്വം നടത്തുന്നതിനു വാറനും സുമുഖനും ഒരുക്കവുമാണു്. സുമുഖനെ കൂടാതുള്ള ജീവിതത്തെപ്പററി ഓർക്കുന്നതിനു പോലും റോഷ്ണിക്കു ശക്തിയില്ല. എങ്കിലും അവളുടെ തടസ്സം കൊണ്ടാണു് അവരുടെ വിവാഹം നടക്കാതിരിക്കുന്നതും.

വാറൻ സർക്കസ് പൗരസ്ത്യ രാജ്യങ്ങളിൽ എല്ലാം പ്രസിദ്ധമാണു്. ജപ്പാൻ മുതൽ ലബനാൻ വരെയുള്ള രാജ്യങ്ങളാണു് വാറൻ സർക്കസിന്റെ പ്രവർത്തനരംഗം. ഓരോ വർഷവും പുതിയ പുതിയ മൃഗങ്ങളെ വാങ്ങുന്നതിനും വരുത്തുന്നതിനും എത്ര പണം ചെലവു ചെയ്യുന്നതിനും വാറനു ഒരു മടിയുമില്ല. നല്ല നല്ല മൃഗങ്ങളെ അവയുള്ള രാജ്യങ്ങളിൽ ചെന്നു് കൊണ്ടുവരുന്നതിനുള്ള ചുമതല സുമുഖന്റേതാണു്. ആഫ്രിക്കയിൽ പോയി ഏതാനും സിംഹങ്ങളും ഒരു ഗോറില്ല (ആൾ) കുരങ്ങും ആയി സുമുഖൻ വന്നതിന്റെ പിറേറന്നാളാണു് ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ കാണുന്നവിധം ആ ഗോറില്ലയുമായി പരിചയപ്പെടുന്നതിനു സുമുഖൻ തന്റെ കാമിനിയെ ക്ഷണിച്ചതു്.

സുമുഖൻ ആവശ്യത്തിൽ കവിഞ്ഞു മൃഗങ്ങളെ സ്നേഹിക്കുന്നു എന്നു റോമ്പിനി പരമാത്ഥമായി വിശ്വസിക്കുന്നുണ്ട്. അതു അവൾക്കു ഇഷ്ടവും അല്ല. സുമുഖൻെറ പുതിയ പെൺകുരങ്ങിനെ കാണണമെന്നു അവൾക്കു ആഗ്രഹം ഉണ്ടായിരുന്നില്ല. നേരെമറിച്ചു, സക്കസിൻെറ അന്തരീക്ഷത്തിൽ നിന്നു രക്ഷപെട്ടു എവിടെങ്കിലും പോയി സുമുഖനുമായി സൈ്വരസല്ലാപം ചെയ്യുകയും, അയാളുടെ സമീപത്തു ഒന്നു ഇരിക്കയും, അയാളുടെ കരസ്പശ സുഖം അനുഭവിക്കയും ചെയ്യാൽ കൊള്ളാമെന്നു അതിയായ ആഗ്രഹം ഉണ്ടായിരുന്നു താനും. എങ്കിലും കുരങ്ങിനെ കാണാൻ ക്ഷണിച്ചതു നിരസിക്കുന്നതു ഭംഗിയല്ല, എന്തോ നീരസം ഉണ്ടെന്നു തോന്നാൻ ഇട നല്കുകയും ചെയ്യും എന്നു വച്ചു റോമ്പിനി സുമുഖനും ഒരുമിച്ചു പുറപ്പെട്ടു.

വാറൻ സക്കസ് ഒരു വലിയ സ്ഥാപനം ആണ്. ഒട്ടേറെ മൃഗങ്ങളും കായികാഭ്യാസികളും, മററുമായി ഒരു സംഘം ഓരോ രാജ്യങ്ങളിലും നഗരങ്ങളിലും പര്യടനം നടത്തുമ്പോൾ അതിൻെറ യഥാത്ഥ ആസ്ഥാനത്തു ഒട്ടധികം മൃഗങ്ങളും കളിക്കാരും ഉണ്ടായിരിക്കും. അവയ്ക്കും അവക്കും പ്രത്യേക പരിശീലനം നല്കുന്നതിനുള്ള ഏപ്പാടുകളെല്ലാം അവിടെ ഉണ്ട്. അവിടെവച്ചു പ്രദശനങ്ങളും നടത്താറുണ്ട്. വാറൻെറ വസതിയോടു തൊട്ടു അനേകം ഏക്കർ വിസ്തീണ്ണമുള്ള ഒരു വലിയ തോട്ടവും അതിലുള്ള നിരവധി എടുപ്പുകളും ഇതിനായി പ്രത്യേകം ശരിപ്പെടുത്തിയിട്ടുള്ളതാണ്.

സുമുഖനും റോമ്പിനിയും, വാറൻെറ വസതിയിൽ നിന്നും സക്കസ് തോട്ടങ്ങളിലേക്കു പുറപ്പെട്ടു. കടുവാ, പുലി, കരടി എന്നീ മൃഗങ്ങളെ സൂക്ഷിച്ചിട്ടുള്ള ഭാഗത്തേക്കു തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ സുമുഖൻ യുവതിയെ കൂട്ടിക്കൊണ്ടു നടക്കുകയാണ്.

സുമുഖൻ:—"ഈ പ്രാവശ്യം കൊണ്ടുവന്ന സിംഹങ്ങളിൽ രണ്ട് എണ്ണം വളരെ നന്നാണ്. അവയെ ക്ഷണത്തിൽ മെരുക്കാനും സാധിക്കും."

റോഷ്ണി:—"എന്നാൽ നമുക്കു അവയെ കാണാൻ അങ്ങോട്ടു പോകാം."

സുമുഖൻ:—"അതു പിന്നീടാവാം. എൻെറ കാമുകി കോഹിനൂറിനെ കണ്ടിട്ടാവാം. അവളെ റോഷ്ണിക്കു കാണിച്ചു തരാൻ എനിക്കു ധൃതി ആയി."

റോഷ്ണി:—"കോഹിനൂറൊ? അതെന്താണ്?"

സുമുഖൻ:—"ബ്രിട്ടീഷ് രാജകിരീടത്തിലെ ഏററം വിശിഷ്ടമായ രത്നം നമ്മുടെ നാട്ടിൽ നിന്നു തട്ടിക്കൊണ്ടുപോയ കോഹിനൂർ ആണല്ലോ. അതുപോലെ വാറൻ സക്കസിൻെറ കിരീടമാകുന്ന മൃഗങ്ങളിലേക്കു് വിശേഷപ്പെട്ടതാണ് എൻെറ കാമിനി ഗോരില്ലാ കുരങ്ങച്ചി. അവൾക്കു ഞാൻ കോഹിനൂർ എന്ന പേർ കൊടുത്തു."

റോഷ്ണി:—(ചിരിച്ചുകൊണ്ട്) "പേർ കൊടുക്കാൻ പ്രയാസമില്ല. അങ്ങ് പേർ വിളിച്ചാൽ ആരെയാണ് വിളിക്കുന്നതെന്നു പേരിൻെറ ഉടമസ്ഥ അറിയുമോ എന്നാണ് സംശയം."

സുമു:—"ആ സ്റ്റേജ് ഒക്കെക്കഴിഞ്ഞു. കപ്പലിൽ ഏതാനും ദിവസം ഞങ്ങൾ ഒരുമിച്ചായിരുന്നല്ലോ. അതുകൊണ്ടു പേരുപഠിച്ചു. എന്നെ ഇപ്പോൾ നന്നായി അറിയുകയും ചെയ്യും."

റോഷ്ണി:—"അത്ഭുതമായി!"

സുമു:—"അത്ഭുതം മാത്രമല്ല ഹസ്തദാനം ചെയ്യാനും മററും പഠിച്ചു കഴിഞ്ഞു."

റോഷ്ണി:—"ബ്രിട്ടീഷുകാർ പോയിട്ടും ആ കമ്പം പൊയ്പ്പോയില്ലെന്നു തോന്നുന്നു."

സുമു:—"എന്തു കമ്പം?"

റോഷ്ണി:—"അവരെ അനുകരിക്കുന്നതിലുള്ള കമ്പം."

സുമു:—"ഞാൻ ബ്രിട്ടിഷ്കാരെ അനുകരിച്ചെന്നോ? എപ്പോൾ? എങ്ങനെ?"

റോഷ്ണി:—"ആ കുരങ്ങിനു കോഹിനൂർ എന്നു പേരു കൊടുത്തില്ലേ, ഷേയ്ക്ക് ഹാൻഡ് ചെയ്യാൻ ശീലിപ്പിച്ചില്ലേ?"

സുമു:—"ഇപ്പോഴത്തെ പിള്ളേൎക്കു ഒന്നും അറിഞ്ഞുകൂടാ. കോഹിനൂർ എന്ന പേരിട്ടതു ബ്രിട്ടീഷുകാരെ അനുകരിച്ചാണെന്നു പറഞ്ഞാൽ എന്തു ചെയ്യും? കൈകൾ കൂപ്പി നമസ്കരിക്കാൻ കുരങ്ങിനെ പഠിപ്പിക്കേണമെങ്കിൽ എത്ര തലമുറ വേണ്ടിവരുമെന്നു അനുഭവിച്ചാലെ അറിയുകയുള്ളു. അതെല്ലാം പോകട്ടെ. ഇതാ ഞാനിപ്പോൾ കാണിക്കാം കോഹിനൂറിനെ."

അവർ കുരങ്ങിനെ അടച്ചിരുന്ന കൂട്ടിനടുത്തു എത്തി. ഗോറില്ല ആൾക്കുരങ്ങാണെന്നും ദേഹം ആസകലം കാടു കെട്ടിയ രോമം ഉണ്ടായിരിക്കുമെന്നും അണ് റോഷ്ണിക്കുണ്ടായിരുന്ന അറിവ്. എങ്കിലും അയാളുടെ കാമിനി അതിസുന്ദരി ആണെന്നും മററും തമാശ ആയിട്ടെങ്കിലും പറഞ്ഞപ്പോൾ കോഹിനൂർ എന്തോ പ്രത്യേകതരം ഒരു കുരങ്ങായിരിക്കാം, കണ്ടാലും മററുള്ളവയെക്കാൾ ഭേദമായിരിക്കാം എന്നു റോഷ്ണി ഓൎത്തുപോയി.

കോഹിനൂറിന്റെ കൂട മറച്ചിരുന്ന തറപ്പാള മാററിയിട്ടു സുമുഖൻ കൂടിനോടു അടുത്തു. റോഷ്ണിയും അടുത്തു ചെന്നു. കോഹിനൂർ സുകുമാരനെ കണ്ട ക്ഷണത്തിൽ എന്തോ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു അയാളുടെ സമീപത്തേക്കു ആഞ്ഞു വലിഞ്ഞു രണ്ടു കാലിൽ തന്നെ നടന്നു നീങ്ങി. മുഖത്തു സന്തോഷ ലക്ഷണം വല്ലതും കാണാനുണ്ടോ എന്നു റോ

ണ്ണി ശ്രദ്ധിച്ചു. സന്തോഷം ഇല്ലാതിരുന്നതു കൊണ്ടോ, സന്തോഷം മുഖത്തു സ്ഫുരിപ്പിക്കാൻ ആ കുരങ്ങിന്റെ മനസ്സിനൊ മാംസപേശികൾക്കൊ ശക്തി ഇല്ലാതിരുന്നതു കൊണ്ടോ, എന്തോ സന്തോഷഭാവം മുഖത്തു കണ്ടില്ല. സുമുഖന്റെ അടുക്കലേക്കു നടന്നു കൂടിന്റെ ഏകദേശം മദ്ധ്യം കഴിഞ്ഞപ്പോഴാണ് കോഹിനൂർ റോണ്ണിയെ കണ്ടത്. സുമുഖനെ കണ്ടപ്പോൾ മുഖത്തു സന്തോഷഭാവം സ്ഫുരിച്ചില്ലെങ്കിലും, റോണ്ണിയെ കണ്ടപ്പോൾ അസുഖമോ അതൃപ്തിയൊ മുഖത്തു കാണാൻ കഴിഞ്ഞു എന്നു അവൾക്കു തോന്നി.

ഗോരില്ല, ഒരു കുരങ്ങാണ്, കണ്ടാൽ ഒരു ചന്തവും ഉണ്ടായിരിക്കയില്ല എന്നു അറിയാമായിരുന്നിട്ടും, കോഹിനൂറിനെപ്പററി സംസാരിച്ചപ്പോൾ സുമുഖൻ പ്രത്യക്ഷപ്പെടുത്തിയ ഉത്സാഹവും സന്തോഷവും റോണ്ണിയുടെ സ്ത്രീഹൃദയത്തിന്റെ അടിത്തട്ടിൽ അല്പം ഒരു അസുഖം ഉണ്ടാക്കിയില്ല എന്നു പറഞ്ഞുകൂടാ. ആ കുരങ്ങച്ചിയെ ഒരു നോക്കു കണ്ട ക്ഷണത്തിൽ അതെല്ലാം പൊയ്പോയി. തന്റെ പ്രിയനെ തൃപ്തിപ്പെടുത്തുന്നതിനായി റോണ്ണി മുഖം ഒരു വശത്തേക്കു തിരിച്ചിട്ട് അറപ്പോടുകൂടി ഒരു കൈ കുരങ്ങിന്റെ അടുക്കലേക്കു നീട്ടിക്കൊണ്ട് "എന്താ കോഹിനൂർ! സുഖം തന്നെയല്ലെ" എന്നു ചോദിച്ചു. കോഹിനൂർ റോണ്ണിയുടെ ചോദ്യം കേൾക്കയോ അവൾ നീട്ടിയ കൈ കാണുകയൊ ചെയ്തില്ല. അത് സുമുഖനെ സമീപിച്ച് അയാൾ നീട്ടിയ കൈയിൽ, രോമം പൊതിഞ്ഞ പരുപരുത്ത കൈകൊണ്ടു സാവധാനം പിടിച്ചൊന്നു കുലുക്കി. റോണ്ണി കുരങ്ങിനെ ഒന്നുകൂടി നോക്കി. അതു സിംഹത്തെപ്പോലെ ഭയാനകമായ ഒരു ജന്തുവല്ലെങ്കിലും, അതിന്റെ മുഖത്തു മനുഷ്യന്റെ എന്തോ ഒരു ഛായ കാണാനുണ്ടായിരുന്നെങ്കിലും അതിന്റെ ആ

കാരവും കൂർത്തു നീണ്ട നഖങ്ങളും വല്ലാത്ത നടപ്പും യുവതിയെ ഭയപ്പെടുത്തി. എത്രയും വേഗത്തിൽ സുമുഖനേയും കൂട്ടിക്കൊണ്ടു അവിടെനിന്നു കടക്കണം എന്നു അവൾ ആഗ്രഹിച്ചു. അതു സുമുഖൻ അറിയരുതെന്നും ആഗ്രഹിച്ചു. അല്പ സമയം അവിടെ നിന്നശേഷം റോസ്ലിനി ചോദിച്ചു "ലളിതയുടെ കാര്യം അറിഞ്ഞില്ലായിരിക്കുമല്ലോ."

സുമുഖൻ:—"എന്താണ്‌ ഞാൻ ഒന്നും അറിഞ്ഞില്ലല്ലോ" റോസ്ലിനി സാവധാനം നടന്നു. അവൾ പ്രതീക്ഷിച്ചതുപോലെ സുമുഖൻ അവളെ അനുഗമിച്ചു.

റോസ്ലിനി:—"ഏതാനും മാസങ്ങളായി അവൾക്കു ഒരു ക്ഷീണം. എപ്പോഴും ഒരു അരുതാഴിക. സാരമില്ലെന്നു വച്ചു ഒരു ചികിത്സയും ചെയ്തില്ല. ദേഹം നന്നാ ക്ഷീണിച്ചുകൊണ്ടിരുന്നതിനാൽ ഒടുവിൽ ഡോക്ടരെ കാണിച്ചു: അദ്ദേഹത്തിൻെറ അഭിപ്രായം ഗ്ലാൻഡ് സംബന്ധിച്ചുള്ള എന്തോ രോഗമാണെന്നാണ്‌. ഗ്ലാൻഡ് സ്പെഷ്യലിസ്ററായ ഡോക്ടർ ഇന്ദ്രനെ ഒന്നു കാണിക്കയായിരിക്കും ഉത്തമം എന്നും അഭിപ്രായപ്പെട്ടു."

സുമുഖൻ:—"എന്നിട്ട്?"

റോസ്ലിനി:—'ഞാൻ തന്നെ അവളെ ഡോക്ടർ ഇന്ദ്രൻെറ അടുക്കൽ കൊണ്ടുപോയി. അവൾക്കു വലിയ ഭയമായിരുന്നു. എനിക്കും ഭയം തോന്നി."

സുമുഖൻ:—"ഇന്ദ്രനെ കണ്ടപ്പോഴേക്കു നിൻെറ ഭയം തീൻറു, അല്ലേ?"

റോസ്ലിനി:—"കണ്ടപ്പോൾ തീൻറില്ല. ഞങ്ങൾ ചെല്ലുന്നതിനു മുമ്പു അവിടെ എത്തിയിരുന്ന രണ്ടു മൂന്നു രോഗികളെ നോക്കിക്കഴിയുന്നതു വരെ ഞങ്ങൾ അവിടെ കാത്തിരുന്നു."

സുമുഖൻ:—"എന്നിട്ട്?"

രോഷ്നി:—"അവിടെ കിടന്ന ഒരു വൈദ്യമാസിക ഞാൻ വൃഥാ മറിച്ചു നോക്കി. അതിൽ ഡോക്ടർ ഇന്ദ്രൻ എഴുതിയ ഒരു ലേഖനം ഉണ്ടായിരുന്നു. ആ ലേഖനത്തിന് മുഖവുരയായി മാസികയുടെ പത്രാധിപർ എഴുതിയ ഒരു കുറിപ്പു് കണ്ടു. അതു വായിച്ചപ്പോൾ എന്റെ ഭയം തീന്നു."

സുമുഖൻ:--"അത്ര വിശേഷപ്പെട്ട കുറിപ്പായിരുന്നോ?"

രോഷ്നി:--"കുറിപ്പിന്റെ വിശേഷമൊന്നുമല്ല. ഡോക്ടർ ഇന്ദ്രന്റെ പരീക്ഷായോഗ്യതകളുടെയും സാങ്കേതിക പരിജ്ഞാനത്തിന്റെയും ശസ്ത്രക്രിയാസാമത്ഥ്യത്തിന്റെയും ഒരു ചുരുങ്ങിയ വിവരണമായിരുന്നു ആ കുറിപ്പ്."

സുമുഖൻ:--"അതു വായിച്ചപ്പോൾ പേടി ഒക്കെ തീന്നു!"

രോഷ്നി:--"അതെ, എന്റെ പേടി തീന്നു എന്നു മാത്രമല്ല."

സുമുഖൻ:--"പിന്നെ."

രോഷ്നി:--"ഞാൻ അതു ലളിതയെയും കാണിച്ചു. അവൾക്കും വലിയ സമാധാനമായി. അതു തന്നെയല്ല......"

സുമുഖൻ:--"എന്താണ് വാചകം പൂർത്തിയാകാതെ നിറുത്തിയതു്?"

രോഷ്നി:--"എനിക്കു ഡോക്ടർ ഇന്ദ്രനെപ്പററി വലിയ ബഹുമാനവും തോന്നി."

സുമുഖൻ:--"വന്യമൃഗങ്ങളെ മെരുക്കുന്നവനെക്കാൾ പററിയ ആളാണെല്ലേ?"

റോസ്ലി:—"എന്തൊരു മറയത്തരമാണ് ഇതു്? അങ്ങനെ ആണെങ്കിൽ ഞാൻ ഇനി ഒന്നും പറയുകയില്ല."

സുമുഖൻ:—"മറയത്തരം പറഞ്ഞതു് വിസ്മരിച്ചുകളയണം. ബാക്കികൂടി കേൾക്കട്ടെ."

റോസ്ലി:—"ഡോക്ടർ ഇന്ദ്രൻ ഗ്ലാൻഡുകളിൽ ശസ്ത്രക്രിയ ചെയ്തു മൃഗവർഗ്ഗങ്ങളിൽ വംശപുരോഗതി ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയാണത്രെ."

സുമുഖൻ:—"എന്നു പറഞ്ഞാൽ എന്താണ്?"

റോസ്ലി:—"ആ കുറിപ്പിൽ ഒട്ടധികം സാങ്കേതിക പദങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് എനിക്കു ശരിക്കൊന്നും മനസ്സിലായില്ല. എങ്കിലും താഴ്ന്ന തരം മൃഗങ്ങളെ അതിൻെറ അടുത്ത പടിയിലേക്കും, അവിടെ ഉള്ളവയെ അതിൻെറ അടുത്ത പടിയിലേക്കും ഉയർത്താൻ ശ്രമിക്കുന്നു എന്നാണ് ഊഹിച്ചതു്."

സുമുഖൻ:—"അതുകൊണ്ടു് ഒക്കെ എന്തു സാധിക്കാനാണൊ? കിറുക്ക് എന്നു പറഞ്ഞാൽ മതി."

റോസ്ലി:—"കിറുക്ക് എന്നു പറയാൻ എളുപ്പമുണ്ടു്. കുററം പറയുന്നവരെക്കൊണ്ടു് എന്തെങ്കിലും സാധിക്കുമോ?"

സുമുഖൻ:—"സാധിക്കയില്ലെന്നു വച്ചുകൊള്ളുക. ഞാൻ ഒന്നു ചോദിക്കട്ടെ. ഒരു പൂച്ചയെ പട്ടി ആക്കുകയും, ഒരു പട്ടിയുടെ ഗ്ലാൻഡ് എടുത്തുകളഞ്ഞൊ അല്ലാതെയൊ അതിനെ ചെന്നായ് ആക്കുകയും ചെയ്തിട്ടു് എന്തു സാധിക്കാനാണെന്നാണ് ഞാൻ ചോദിച്ചതു്."

റോസ്ലി:—"അതു് എനിക്കറിഞ്ഞുകൂടാ. അതു സാധിക്കുന്ന ആളിന്, അതിൽനിന്നു ശരിയായ പ്രയോജനം വരുത്താനും പാടില്ലാതെ വരുമോ?"

സുമുഖൻ:—"പ്രയോജനം വരുത്തിക്കൊള്ളട്ടെ. ഞാൻ വാദിക്കുന്നില്ല. എങ്കിലും മനുഷ്യർ ധാരാളം

ധാരാളം ഉള്ളപ്പോൾ പിന്നെ കുരങ്ങിന് ക്ലാസ്സു കയററം കൊടുത്തുകൂടി മനുഷ്യൻെറ സംഖ്യ വദ്ധിപ്പിക്കാൻ തുനിയുന്നവൻ കിറുക്കൻ ആയിരിക്കേണ്ടേയോ എന്നുള്ള എൻെറ സംശയം തീരുന്നില്ല. ആൾ ബഹുമിടുക്കനായിരിക്കാം, പക്ഷെ സ്ക്രൂ ലൂസാണെന്നു മാത്രം."

റോസ്സി:—"ഞാൻ വാദിക്കാൻ ഒരുക്കമില്ല. മുഷിയാൻ ഒരുങ്ങിയാണ് പുറപ്പാട്."

സുമുഖൻ:—"മുഷിയാനൊന്നുമല്ല. സാക്ഷാൽ ഇന്ദ്രനായ ഈ ഡോക്ടർ ഇന്ദ്രനെ ഒന്നു കണ്ടാൽ കൊള്ളാമെന്നു തോന്നിപ്പോകുന്നു."

റോസ്സി:—"അതിനു പ്രയാസമില്ല. അദ്ദേഹം ഇന്നു വൈകുന്നേരം അച്ഛനെ കാണാൻ വരുന്നുണ്ട്."

സുമുഖൻ:—"കൊള്ളാം. ഞാനും അങ്ങോട്ടിറങ്ങാം വൈകുന്നേരം."

വൈകുന്നേരം മി. വാറൻെറ വസതിയിൽ വച്ചു തമ്മിൽ കണ്ട ഇന്ദ്രനും സുമുഖനും തമ്മിൽ ക്ഷണത്തിൽ തന്നെ സ്നേഹിതന്മാരായി എന്നു പറയുന്നതിൽ തെററില്ല. മൃഗങ്ങളോട്ട രണ്ടാൾക്കും ഉണ്ടായിരുന്ന പ്രതിപത്തി അവരെ തമ്മിൽ ആകർഷിച്ചു. അവരുടെ സംസാരം കേട്ടാൽ തോന്നും, അവർ വളരെ പഴയ സ്നേഹിതന്മാരാണെന്നു.

സുമുഖൻെറ ക്ഷണം സ്വീകരിച്ചു ഡോക്ടർ ഇന്ദ്രൻ അയാളോടൊപ്പം, സുമുഖൻെറ പ്രേമഭാജനമായ കോഹിനൂരിനേയും സിംഹങ്ങളേയും കാണാൻ പുറപ്പെട്ടു.

സമത്ഥരായ സന്താനങ്ങളെ ഒരു പിതാവു അഭിമാനപൂവ്വം പരിചയപ്പെടുത്തിക്കൊടുക്കുന്ന രീതി

യിലാണ് സുമുഖൻ അയാളുടെ സിംഹങ്ങളെ ഡോക്ടർ ഇന്ദ്രനു കാണിച്ചുകൊടുത്തതു്.

സുമുഖൻ പറഞ്ഞു:—"ഇവയെ കാട്ടിൽനിന്നു പിടിച്ചിട്ടു അധികനാളായില്ല. ഇപ്പോൾ കണ്ടാൽ തന്നെ പേടിയാവും, ഇല്ലേ? ആ നില ഒക്കെ ക്ഷണത്തിൽ മാറും. ഇവയിൽ ശൌര്യം കൂടുന്നവയാണ് വേഗത്തിൽ മെരുങ്ങുന്നതു്."

ഇന്ദ്രൻെറ ഉത്സാഹം ഒന്നു കാണേണ്ടതായിരുന്നു. അയാൾ പറഞ്ഞു, "നിങ്ങൾ ഇവയെ മെരുക്കുന്ന രീതി ഒന്നു കാണണമെന്ന് ആഗ്രഹം തോന്നുന്നു."

സുമുഖൻ:— "അതിനെന്താണ് വൈഷമ്യം? ഡോക്ടർക്കു ഇഷ്ടവും സൌകര്യവും ഉള്ളപ്പോൾ ഒക്കെ വന്നു കാണാമല്ലോ."

ഇന്ദ്രനും സുമുഖനും സിംഹങ്ങളെ കണ്ടശേഷം കോഹിനൂറിനെ കാണാൻ പോകയാണ്. അവളുടെ കൂടിനോടു സമീപിച്ചപ്പോൾ സുമുഖൻ വിളിച്ചു പറഞ്ഞു "അരുതു്, അരുതു്, ആപൽകടം വിളിച്ചു വരുത്തരുതു്."

കോഹിനൂറിൻെറ കൂടിന്മേൽ ചാരിനിന്നു ഒരു കോൽകൊണ്ടു് അവളെ കുത്താൻ ശ്രമിച്ച് ഒരു കാവൽക്കാരനോടാണ് സുമുഖൻ ഇങ്ങനെ പറഞ്ഞതു്. പക്ഷെ അയാൾ നൽകിയ മുന്നറിയിപ്പുകൊണ്ടു പ്രയോജനം ഒന്നും ഉണ്ടായില്ല. ശല്യപ്പെടുത്താൻ ശ്രമിച്ച സർക്കസ് ജോലിക്കാരനെ കോഹിനൂർ തന്നെ ശിക്ഷിച്ചു. അവൾ കൂടിൻെറ മറുവശത്തുനിന്നു ഒററച്ചാട്ടം. ആ കുണ്ടാമണ്ടിക്കാരൻ നിന്ന ഭാഗത്തു എത്തിയതും രോമം പൊതിഞ്ഞ ഒരു കൈ കൂടിൻെറ അഴികൾക്കിടയിൽകൂടി പുറത്തേക്കു വന്ന് അവനെ പിടിച്ചെടുത്തു

നിലത്തേക്കു അടിച്ചതും എല്ലാം ഒരു നിമിഷം കൊണ്ടു കഴിഞ്ഞു. മദ്യപിച്ചശേഷം നേരംപോക്കായി ഒരു ചിരിയും ചിരിച്ചു നിന്നു കുസൃതി കാണിച്ച ആ വിദ്വാൻ മലൎന്നടിച്ചു വീണു. എന്താണ് സംഭവിച്ചതെന്നു തന്നെ അവനു മനസ്സിലായില്ല. സുമുഖൻ ഓടി എത്തിയപ്പോഴേക്കു ഭയം കൊണ്ടു വിറച്ചു തപ്പിത്തടഞ്ഞു എണീററ ആ വിഡ്ഢിയോടു അയാൾ പറഞ്ഞു "എൻെറ മൃഗങ്ങളെ ആരും ശല്യപ്പെടുത്താൻ ഞാൻ അനുവദിക്കയില്ലെന്നു അറിഞ്ഞുകൊണ്ടല്ലെ താൻ ഇതിനു തുനിഞ്ഞതു്? മദ്യപിച്ചുകൊണ്ടു് ഇവിടെ എത്തി നോക്കുക പോലും ചെയ്യരുതെന്നുള്ള എൻെറ നിദ്ദേശവും താൻ അവഗണിച്ചു. മതി, വേഗം പൊയ്ക്കൊള്ളണം. ഇനി ഈ വളപ്പിൽ കണ്ടുപോകരുതു്."

സുമുഖനെ കണ്ട ക്ഷണത്തിൽ കോഹിനൂർ ശാന്തയായി. അവളെ ആരോ ശല്യപ്പെടുത്തി എന്നും അവനു വേണ്ട ശിക്ഷ കൊടുത്തു എന്നും ഉള്ള കഥ തന്നെ അവൾ മറന്നതുപോലെ തോന്നി. സുമുഖനെ സ്വാഗതം ചെയ്യുന്നതിന്, അല്പം മുൻപു ഇരുമ്പുലക്ക കണക്കെ പുറത്തുവന്ന ആ കൈ തന്നെ പുറത്തേക്കു വന്ന് സുമുഖൻെറ കൈയിൽ പിടിച്ചു കുലുക്കി.

സുമുഖൻ:—"നോക്കണം അവൾ എത്ര നല്ല പെണ്ണാണെന്ന്. അവളോടു സ്നേഹമായി പെരുമാറിയാൽ അവൾ വളരെ സ്നേഹമുള്ളവളാണ്. മയ്യാദകേടുംകൊണ്ടു ചെന്നാൽ നല്ല പാഠം പഠിപ്പിക്കാതെ വിടുകയുമില്ല. ഹസ്തദാനം ചെയ്യുന്നതു എത്ര ഭംഗിയായിട്ടാണെന്നു നോക്കണം. കപ്പലിൽ വച്ചു ഞാൻ പഠിപ്പിച്ചതാണു്. ക്ഷണത്തിൽ പഠിക്കും. ഇനി എന്തെല്ലാം പഠിപ്പിക്കാൻ കിടക്കുന്നു."

ഇന്ദ്രൻ "അത്ഭുതകരം അത്ഭുതകരം" എന്നു പ

റഞ്ഞതു വെറും പുച്ഛോന്നും അല്ലായിരുന്നു എന്നു അയാളുടെ മുഖഭാവവും ശബ്ദവും തെളിയിച്ചു.

## അദ്ധ്യായം 4

ഡോക്ടർ ഇന്ദ്രൻ ഇപ്പോൾ ഊണും ഉറക്കവും എല്ലാം ആസ്പത്രിയിലെ ഗവേഷണശാലയിലാണ്. ഉറക്കം ഉണ്ടെങ്കിൽ അതും എന്നു പറയുകയായിരിക്കും കുറേക്കൂടി ശരിയായിരിക്കുന്നത്. കോഹിന്നൂറിന്റെ പെരുമാററം കണ്ടപ്പോൾ ഉണ്ടായ അത്ഭുതം ഇന്ദ്രൻ ആസ്പത്രിയിൽ ചെന്നിട്ടും തീർന്നില്ല.

വാറന്റെ വസതിയിലേക്കു പുറപ്പെടുന്നതിനു മുമ്പു ചെയ്ത ഒരു ശസ്ത്രക്രിയയുടെ ഫലം അറിയുന്നതിനു ഇന്ദ്രൻ ബദ്ധപ്പെട്ടു ഗവേഷണശാലയിലേക്കു നടന്നു. ഗവേഷണാവശ്യങ്ങൾക്കു അവിടെ കൂടുകളിൽ സൂക്ഷിച്ചിരുന്ന എലികൾ, ഗിനിപിഗ്ഗ്, കുഴിമുയൽ തുടങ്ങിയവയെ എല്ലാം നോക്കി അവയുടെ കളികൾ കണ്ടു രസിച്ചിട്ടാണ് അദ്ദേഹം ഗവേഷണശാലയിലേക്കു കടക്കാറുള്ളത്. ഇന്നു ആ പതിവൊക്കെ വിട്ടു അവിടേക്കു ഓടിപ്പോയി എന്നു പറയാം.

എന്തോ ജോലി ചെയ്തുകൊണ്ടിരുന്ന സുഷമയെ കണ്ടു ഉടനെ ചോദിച്ചു "എന്തായി?"

സുഷമ:—'പതിവുപോലെ അതും ചത്തുപോയി.'

ഇന്ദ്രൻ-:-"അതിപ്രധാനമായ ഒരു പരീക്ഷണമാണ് ഞാൻ നടത്തുന്നതെന്നു സുഷമയ്ക്കു അറിയാമല്ലോ. ഇതിൽ വിജയിച്ചാൽപിന്നെ എന്റെ വിജയത്തിനും ഉയർച്ചയ്ക്കും അതിരുവയ്ക്കാൻ സാധിക്കയില്ല."

സുഷമ:--"വിജയം ലഭിക്കുന്നില്ലല്ലോ."

ഇന്ദ്രൻ:—"എന്തുകൊണ്ടാണ് എൻെറ കണക്കെല്ലാം തെററി, ഇവയെല്ലാം ചാകുന്നതെന്നു ഇന്നു മനസ്സിലായി."

സുഷമ:—"എന്താണാവോ?"

ഇന്ദ്രൻ:—"ജീവിക്കണമെന്നുള്ള മോഹം, മരിക്കാതിരിക്കണമെന്നുള്ള മോഹം മനുഷ്യനു ധാരാളമുണ്ട്. അതു മനുഷ്യൻെറ പ്രാഥമികഗുണങ്ങളിൽ ഒന്നാണ്. ഇവററകൾക്കു ആ ആഗ്രഹം അല്പംപോലുമില്ല. ഗ്ളാൻസ് പകൎത്തി ജീവനുള്ള എന്തിൻെറയും ആകൃതിയും പ്രകൃതിയും പരിപൂൎണ്ണമായി മാററാൻ എനിക്കു കഴിയും. സ്ത്രീയെ പുരുഷനാക്കുന്നതിനും പുരുഷനെ സ്ത്രീയാക്കുന്നതിനും ഈ വിദ്യകൊണ്ടു സാധിക്കും. പക്ഷെ ജീവിക്കുന്നതിനുള്ള ആഗ്രഹം ഇവററകളിൽ ഉണ്ടാക്കുന്നതെങ്ങനെയാണ്? ഇവററകളുടെ മാനസികമായ പ്രവൎത്തനങ്ങളിൽ സ്വാധീനം ചെലുത്തി ജീവിതമോഹം ഉണ്ടാക്കാൻ ഒരു മാൎഗ്ഗവും കണ്ടില്ല. അതാണു കണ്ടുപിടിക്കേണ്ടതു്."

എന്നിങ്ങനെ നിരാശയോടും വൈമനസ്യത്തോടും കൂടി തൻെറ തോൽവി ഏററുപറഞ്ഞുകൊണ്ടിരുന്ന ഇന്ദ്രൻെറ മുഖഭാവം പെട്ടെന്നു മാറി. അയാൾ എന്തോ പുതിയ മാൎഗ്ഗം കണ്ടുപിടിച്ചിരിക്കണം എന്നു സുഷമ ഓൎത്തു. ഇന്ദ്രൻെറ നാവിൽനിന്നു വീണ വാക്കുകൾ സുഷമയുടെ അനുമാനം ശരിയായിരുന്നു എന്നു തെളിയിച്ചു.

ഇന്ദ്രൻപറഞ്ഞു: "മാൎഗ്ഗം കണ്ടുപോയി. കണ്ടുപോയി. ഇവിടെത്തന്നെ ഉണ്ട് ഒരു രോഗി. ലൈംഗികദേഹനീർ ആന്തരികാവയവങ്ങളിൽ ആവശ്യത്തിലധികം ഒഴുകിക്കൂട്ടുന്നതാണ് അവരുടെ രോഗം. ആവശ്യത്തിൽ വളരെ അധികമായി സ്രവിച്ചുകൊണ്ടിരിക്കുന്ന ആ സാധനത്തിൽ കുറെ, മൃഗവൎഗ്ഗത്തിൽത്തന്നെ ഉയൎന്ന

പടിയിലുള്ള ഒന്നിലേക്കു പകരുന്നതിനു എന്താണു ത
ടസ്സം? ഇതേവരെ എൻെറ ശ്രമങ്ങളെ വിഫലപ്പെ
ടുത്തിയ പ്രതിബന്ധങ്ങളെല്ലാം അപ്പോൾ താനെ മാ
റിക്കൊള്ളും."

ഇന്ദ്രൻെറ ഗവേഷണശാലയിൽ വച്ചു ലഭിച്ച
അറിവും പരിചയവും കൊണ്ടു്, അയാൾ ഉദ്ദേശിക്കു
ന്നതെന്താണെന്നു സുഷമയ്ക്കു ക്ഷണത്തിൽ മനസ്സി
ലാക്കാൻ കഴിഞ്ഞു. ശസ്ത്രക്രിയകൾ തന്നെ എന്നും എ
ന്നോണം കാണുകയും അവയിൽ ഭാഗഭാക്കാകുകയും
ചെയ്തു്, ആ വക കാര്യങ്ങളിൽ ഉണ്ടായിരുന്ന നിർമ്മല
വാസന എല്ലാം നഷ്ടപ്പെട്ടിരുന്നിട്ടും, ഇന്ദ്രൻെറ പുതി
യ പദ്ധതി സുഷമയെ അമ്പരപ്പിച്ചു. ഒന്നുകൊണ്ടും
ഒരിക്കലും ക്ഷോഭിക്കാത്ത ആ വനിത ക്ഷോഭിച്ചു. അ
വളുടെ മുഖം വിവർണ്ണമായി. അയാളേയും പൈശാചി
കമായ ആ പദ്ധതിയേയും ദൂരത്തു മാററുന്നതിനോ എ
ന്നു തോന്നുമാറു കൈ എടുത്തു തടുത്തുകൊണ്ടു സുഷമ
അറിയാതെതന്നെ പറഞ്ഞുപോയി, 'അയ്യോ, ഭയങ്ക
രം. പൈശാചികം. അങ്ങു് അങ്ങിനെ ചെയ്യുകയി
ല്ല. ചെയ്യാൻ സാധിക്കയില്ല. ഞാൻ സമ്മതിക്ക
യില്ല.'

ശാസ്ത്രപുരോഗതിക്കു വേണ്ടി എന്തു ചെയ്യുന്നതും
തെററല്ലെന്നു പരിപൂർണ്ണമായി വിശ്വസിക്കുന്ന ഇന്ദ്ര
നെ അല്പമെങ്കിലും ചലിപ്പിക്കുന്നതിനു സുഷമയുടെ
ക്ഷോഭത്തിനു സാധിച്ചില്ല. അതു വ്യക്തമാക്കുന്നതി
നു 'സുഷമയ്ക്കു ശാസ്ത്രത്തിൽ അത്രമാത്രമേയുള്ളു താല്പ
ര്യം' എന്നു പറഞ്ഞിട്ടു അയാൾ വന്നവഴിതന്നെ പുറ
ത്തേക്കു ഇറങ്ങിപ്പോയി.

പാറൻ സക്കസിലെ മൃഗങ്ങളേയും മററും സൂക്ഷി
ക്കുന്ന കെട്ടിടങ്ങളും കൂടുകളും പാറൻെറ വസതിയും എ
ല്ലാം അതിവിസ്തൃതമായ ഒരു വളപ്പിലാണു്. ഇന്ദ്ര

ൻെറ ആസ്പത്രിയും ഗവേഷണശാലയും സ്ഥിതിചെയ്യു ന്ന തോട്ടവും അതും തൊട്ടു തൊട്ടു തന്നെയാണ്. രണ്ടും വളരെ വിസ്തീർണ്ണമുള്ളവ ആയതുകൊണ്ട് നന്നാ അടു ത്താണെന്നു തോന്നുകയില്ല. ഇന്ദ്രൻ വാററൻെറ സ്ഥ ലത്തേക്കാണ് പുറപ്പെട്ടതു്. എന്നാൽ അയാൾ സക്ക സ് ഉടമസ്ഥൻെറ ബംഗ്ലാവിലേക്കോ, കോഹിനൂറി നേയും മററും സൂക്ഷിച്ചിരുന്ന കൂടുകളുടെ സമീപത്തേ ക്കോ അല്ല പോയതു്. കൂടുകളുടെ സമീപത്തുകൂടി അ തിവേഗം കടന്നുപോയി. എന്തോ ബദ്ധപ്പാടുണ്ടെന്നു തോന്നും ആ പോക്കു കണ്ടാൽ. അയാളുടെ മനസ്സി ൽ അതിവേഗത്തിൽ രൂപമെടുത്തുകൊണ്ടിരുന്ന ഒരു പ ദ്ധതി ഇന്ദ്രനേയും അയാളുടെ ഗതിവേഗത്തേയും നി യന്ത്രിച്ചിരുന്നു.

കോഹിനൂറിൻെറ കൂട്ടക്കൽ നിന്നു് ഒരു ഫർലോ ങ്ങുകൂടി നടന്നുകാണും ഇന്ദ്രൻ. അപ്പോൾ അവിടെ വീണു കിടക്കുന്ന ഒരു മരത്തടിയിന്മേൽ ഇരിക്കുന്നു, സുമുഖൻ സക്കസിൽനിന്നു പിരിച്ചുവിട്ട ജോലിക്കാര ൻ. അവൻ കുടിച്ച മദ്യത്തിൻെറ കെട്ടു വിട്ടു. അ തോടുകൂടി ജോലി നഷ്ടപ്പെട്ടതിൻെറ ഗൗരവം അവ ൻ ശരിക്കു മനസ്സിലാക്കുകയും ചെയ്തു. നേരമ്പോ ക്കിനുവേണ്ടി കോഹിനൂറിനെ ഒരു കമ്പുകൊണ്ടു കു ത്തുമെന്നു ഭാവിച്ചു. അതിനു ആ കുരങ്ങു് അവനെ എടുത്തടിച്ചു. അതു പോരാഞ്ഞിട്ടാണ് സുമുഖൻ ജോ ലിയിൽനിന്നു പിരിച്ചയച്ചതു്. ഇതാണ് അവൻെറ ചിന്താഗതി. ആ അധർമ്മം (?) അവനെ അത്യന്തം രോഷാകുലനാക്കിയിട്ടുണ്ടു്. പ്രതിപകരം ചെയ്‌വാ ൻ എന്താണ് മാർഗ്ഗം എന്നു ആലോചിച്ചുകൊണ്ടിരിക്ക യാണ്. സുമുഖനേയും അവൻെറ കുരങ്ങച്ചിയേയും വെട്ടിക്കമഴ്ത്തിയാൽപോലും അധികമാകയില്ല എന്നു വരെ ആലോചന എത്തിയപ്പോഴാണ് ഡോക്ടർ ഇ ന്ദ്രൻ അവൻെറ മുമ്പിൽ പ്രത്യക്ഷനായതു്.

സുമുഖൻെറ കൂട്ടാളിയാണ് ഇന്ദ്രൻ എന്നേ അവനു അറിവാമായിരുന്നുള്ളൂ. അയാൾ അവൻെറ ആലോചന മനസ്സിലാക്കിയിരിക്കുമോ? അതിനു മാർഗ്ഗമില്ലല്ലോ എന്നു സ്വയം സമാധാനപ്പെടാൻ ശ്രമിക്കവേ ഇന്ദ്രൻ പറഞ്ഞു, 'സുമുഖൻ ചെയ്യുന്ന വലിയ കട്ടം കൈ ആയിപ്പോയി. എന്നാലും....'

സർക്കസ് ജോലിക്കാരൻ:—"ഇത്തരക്കാർക്കു ആ വക ഓർമ്മ ഒന്നുമില്ല. ഞാൻ എന്തു അന്യായം കാണിച്ചതിനാണ് അയാൾ എന്നെ പിരിച്ചു വിട്ടതു്?"

ഇന്ദ്രൻ:—"കുരങ്ങ് അടിച്ചു വീഴ്ത്തിയതിൽ വല്ലതും പററിയോ?"

സ. ജോ:—"ഈ വശത്തു കുറച്ചു നൊമ്പരമുണ്ട്. അതു സാരമില്ല. നാളത്തേക്കു മാറിക്കൊള്ളും. അയാൾ വയററത്തു അടിച്ചതാണ് എന്നെ വിഷമിപ്പിക്കുന്നതു്. ഡോക്ടർ ഒന്നു പറയാമോ?"

ഇന്ദ്രൻ:—"അയാളെ നല്ലപാഠം പഠിപ്പിക്കാൻ ഒരു വഴിയുണ്ട്. തൻെറ പ്രയാസവും തീരും."

സ. ജോ.:—"അതു എന്താണോ?"

ഇന്ദ്രൻ:—"ഒരുക്കമാണെങ്കിൽ പറയാം."

സ. ജോ:—"ഞാൻ എന്തിനും തയ്യാറാണ്."

ഇന്ദ്ര:—"എന്നാൽ പറയാം. ആ കുരങ്ങിനെ ഞാൻ വാങ്ങിക്കൊള്ളാം. തരുമോ?"

സ. ജോ:—"ഞാൻ തന്നാൽ മതിയെങ്കിൽ തരാം. എനിക്കു..."

ഇന്ദ്രൻ:—"താൻ തന്നാൽ മതി. പ്രതീക്ഷിക്കുന്നതിൽ കൂടുതൽ സംഖ്യ തരാൻ ഞാൻ ഒരുക്കവുമാണ്."

സ. ജോ:—'അങ്ങനെതന്നെ. എപ്പോഴാണ്. ഇപ്പോൾ ഒരു അമ്പതു തരുമോ?'

ഇന്ദ്ര:—"കുരങ്ങിനെ കേററി കൊണ്ടുപോകുന്നതിനു രാത്രി ഒരുമണിക്കു ഒരു ലോറിയും അതിൽ ഒരു കൂടുമായിഞാൻ ഇവിടെ വരാം. കുരങ്ങിനെ എൻെറ കൂട്ടിൽ കയററുന്ന നിമിഷത്തിൽ പണവും തരാം. ഇപ്പോൾ ഒന്നും വേണ്ടാ."

സ. ജോ:—"അങ്ങനെതന്നെ. ആ ഗേററ് ഞാൻ തുറന്നിട്ടേക്കാം. ആ വഴിക്കാകുമ്പോൾ ആരും കാണുകയും അറിയുകയും ചെയ്കയില്ല. പണം....."

ഇന്ദ്ര:—"കുരങ്ങു എൻെറ കൂട്ടിലാകുന്ന നിമിഷത്തിൽ തരാം പണം. ഞാൻ ഒരു മണിക്കു ഇവിടെയുണ്ട്."

ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ ഇന്ദ്രൻ തന്നെ ഒരു കൂടുള്ള ലോറി സക്കസ്സുജോലിക്കാരൻ ചൂണ്ടിക്കാണിച്ച ഗേററിൽക്കൂടി ഓടിച്ചു കയററി അവിടെ എത്തി. ജോലിക്കാരും കാവൽക്കാരും എല്ലാം നല്ല ഉറക്കമാണ്. ലോറി കോഹിനൂറിൻെറ കൂടിനു അടുത്തു കൊണ്ടു നിറുത്തി. ഇന്ദ്രൻെറ കിങ്കരസ്ഥാനം സ്വീകരിച്ച സക്കസ് ജോലിക്കാരൻ ഇരുട്ടിൽ എവിടെനിന്നോ അവിടെ പ്രത്യക്ഷപ്പെട്ടു. ലോറിയിലെ കൂട് കോഹിനൂറിൻെറ കൂട്ടിൽ മുട്ടത്തക്കവിധം ലോറി അടുപ്പിച്ചു നിറുത്താൻ ഇന്ദ്രനെ അവൻ സഹായിച്ചു. ലോറിയിലെ കൂടിൻെറ വാതിൽ ആദ്യം തുറന്നു. പിന്നീടു കോഹിനൂറിൻെറ കൂടിൻെറ വാതിലും. പത്തു മിനിട്ടിലധികം വേണ്ടിവന്നില്ല, കോഹിനൂർ ഇന്ദ്രൻെറ ലോറിയിലായി. സക്കസ ജോലിക്കാരൻ പ്രതീക്ഷയിൽ കവിഞ്ഞു സംഖ്യ വാങ്ങാൻ നീട്ടിയ കൈ മടക്കാൻ ഇടയാക്കാതെ അവൻ ഇന്ദ്രൻെറ അടികൊണ്ടു പിറകോട്ടു

മറിഞ്ഞു കോഹിനൂറിൻെറ കയ്യിലേക്ക്! ശത്രുവിനെ കയ്യിൽ കിട്ടിയ ക്ഷണത്തിൽ അവൻെറ കഥ അവൾ കഴിച്ചു. കുരവള്ളി വലിച്ചു പുറത്തെടുത്തു രണ്ടായി മുറിച്ചു അതിനെ ദൂരത്തെറിയാൻ ആ കുരങ്ങിനു അഞ്ചു നിമിഷം മതിയായിരുന്നു.

പിറേറന്നാൾ രാവിലെ സൎക്കസ്സുകൂടാരത്തിലെ ബഹളം! കോഹിനൂറിനെ കാണാനില്ല. അതിനെ അടച്ചിരുന്ന കൂട്ട തുറന്നു കിടക്കുന്നു. തലേന്നാൾ അവളെ ഉപദ്രവിച്ച ജോലിക്കാരൻെറ മൃതശരീരം കുരവള്ളി പറിഞ്ഞു രക്തത്തിൽ കുളിച്ചു കിടക്കുന്നു, അതു മാത്രമാണ് ഒരു തുമ്പുള്ളതു്. കോഹിനൂർ ആണ് അവൻെറ കഥ കഴിച്ചതെന്നുള്ളതിൽ ആൎക്കും സംശയം ഉണ്ടായിരുന്നില്ല. കൂട്ടിൽനിന്നു രക്ഷപെട്ടു തലേന്നാൾ ദ്രോഹിച്ചവരോടു പ്രതിപകരംചെയ്യു കുരങ്ങ് ഇനി ആരെയെല്ലാം ഉപദ്രവിക്കും? എല്ലാവൎക്കും ഭയമായി. കോഹിനൂറിനെ അന്വേഷിച്ചു ധാരാളമാളുകൾ നാലുപാടും ഓടി.

സൎക്കസ്സുകാരുടെ ലോറികളും മററു മോട്ടോർവാഹനങ്ങളും എപ്പോഴുംതന്നെ അവിടെയെല്ലാം ഓടുന്നതായതുകൊണ്ടു വളപ്പിനുള്ളിൽ മറെറാരു ലോറി കടന്നു വന്നു എന്നും, അതിലാണു കോഹിനൂറിനെ കേററിക്കൊണ്ടുപോയതെന്നും ആരും സംശയിക്കയോ കണ്ടുപിടിക്കയൊ ചെയ്തില്ല.

ഡോക്ടർ ഇന്ദ്രൻെറ ഗവേഷണശാലയിൽതന്നെ അതിപ്രധാനമായ ശസ്ത്രക്രിയകളും ഗവേഷണങ്ങളും വളരെ രഹസ്യമായി നടത്തുന്നതിനു വേണ്ടി എല്ലാ സൗകൎയ്യങ്ങളും ഉള്ള ഒരു ഓപ്പറേഷൻ തീയററർ ഉണ്ടു്. സാധാരണ നല്ല സൎജ്ജന്മാർ ആയാലും, ആ മുറിയിലെ യന്ത്രോപകരണങ്ങളുടെ പ്രവൎത്തനങ്ങൾ ക്ഷണത്തിൽ ശരിക്കു മനസ്സി

ലാക്കുകയില്ല. ആ മുറിയിൽ സുഷമയ്ക്കും ഇന്ദ്രനും മാത്രമെ പ്രവേശനമുള്ളു. അവിടെ എന്തോ അതിഗൗരവതരമായ പ്രവൃത്തനങ്ങൾ നടന്നുകൊണ്ടിരിക്കയാണ്. എന്താണെന്നു നമുക്കു ഒന്നു നോക്കാം. അവിടെ ഉള്ള രണ്ടു ഓപ്പറേഷൻ മേശകളിൽ ഒന്നിന്റെ തലയ്ക്കൽ സുഷമ നിന്നിമേഷയായി നിൽക്കുന്നു. നൈരാശ്യവും അറപ്പും അവളുടെ മുഖത്തു സ്ഫുരിക്കുന്നുണ്ട്. ഡോക്ടർ ഇന്ദ്രന്റെ സർവ്വ ശ്രദ്ധയും ചുവരിൽ ഉള്ള യന്ത്രങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഒരു മോട്ടോർ കാറോ, വിമാനമോ നിയന്ത്രിക്കുന്ന ആളിന് പെട്രോൾ, എണ്ണ, വേഗത, ഉയരം, കാററിന്റെ ഗതി എന്നിങ്ങനെയുള്ള വിവിധ വിവരങ്ങൾ അറിയുന്നതിനായി, വാഹന നിയന്ത്രകനു ക്ഷണത്തിൽ കാണത്തക്കവിധം അയാളുടെ കൺമുമ്പിൽ നിരത്തി ഘടിപ്പിച്ചിരിക്കുന്ന വിവിധതരം യന്ത്രങ്ങളുടെ മാതിരിയിലുള്ള ഒട്ടധികം യന്ത്രങ്ങൾ നിരത്തി വച്ചിരിക്കുന്നു. ആ യന്ത്രങ്ങളുടെ ചില സൂചികൾ മുമ്പോട്ടും മററു ചിലവയുടെ സൂചികൾ മററു ഓരോ തരത്തിലും ചലിക്കുന്നുണ്ട്. ഈ യന്ത്രങ്ങൾ മുറിയിലുള്ള ഓപ്പറേഷൻ മേശകളുമായി എന്തോ പ്രത്യേകതരം ചെറുകമ്പികൾ കൊണ്ട് ബന്ധിച്ചിട്ടുണ്ട്. മേശകളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ അതു പൂർണ്ണമായും ശരിയായിരിക്കയില്ല. ഓപ്പറേഷൻ മേശയിൽ കിടക്കുന്ന രണ്ടു ശരീരങ്ങളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നാണ് പറയേണ്ടതു്.

രണ്ടു ഓപ്പറേഷൻ മേശകളിൽ ഒന്നിന്മേൽ, സുമുഖന്റെ ഭാഷയിൽ പറഞ്ഞാൽ, അയാളുടെ അതിസുന്ദരിയായ കാമിനി കോഹിനൂരും, മററതിൻ മേൽ സുമുഖനു വിവാഹം പറഞ്ഞുവച്ചിരിക്കുന്ന റോസ്സിയുടെ അനുജത്തി ലളിതയും ഉണ്ട്. കോഹിനൂറും ലളിതയും സുഷുപ്താവസ്ഥയിലാണ്.

ഇന്ദ്രൻ യന്ത്രങ്ങളിൽ നിന്ന് ദൃഷ്ടിയും ശ്രദ്ധയും കോഹിനൂറിലേക്ക തിരിച്ചു. അവളുടെ തലയിലും ദേഹത്തിലും ഘടിപ്പിച്ചിട്ടുള്ളവയും ചുവരിന്മേൽ വച്ചിട്ടുള്ള യന്ത്രങ്ങളുമായി ബന്ധിക്കപ്പെട്ടിട്ടുള്ളവയുമായ ചെറു കുഴൽകമ്പികളിലൂടുള്ള പ്രവാഹം ശരിക്ക നടക്കുന്നുണ്ടോ എന്നു പരിശോധിച്ചു. ശരിക്ക നടക്കുന്നുണ്ടു. പ്രതീക്ഷപോലെ തന്നെ ഉള്ള ഫലവും കണ്ടു തുടങ്ങി. ഇന്ദ്രൻ അറിയാതെ, പരിതസ്ഥിതികളുടെ ഗൗരവം വിസ്മരിച്ച്, അയാൾ എന്തോ ഒരു ശബ്ദം പുറപ്പെടുവിച്ചു. അപ്പോളാണ് സുഷ്മ കോഹിനൂറിനെ ശരിക്ക നോക്കിയത്. യുവതിയുടെ കൈയിൽ ഇരുന്ന സിറിഞ്ചു ഒരു ട്രേയിലേക്ക വീണു ചടുപിടാ ശബ്ദം ഉണ്ടാക്കി. ആ ശബ്ദം പോലും ഇന്ദ്രൻ കേട്ടില്ല. അത്രമാത്രം ലയിച്ചിരുന്നു അയാൾ ആ പരീക്ഷണത്തിൽ, അല്ല പരിക്ഷണത്തിൻെറ വിജയത്തെ വിളിച്ചറിയിച്ചു കൊണ്ടിരുന്ന ഫലത്തിൽ.

സാധാരണ ഗതിയിൽ, ഒരിക്കലും ഒന്നുകൊണ്ടും ക്ഷോഭിക്കയോ ഇളകുകയൊ ചെയ്യാറില്ലാത്ത സുഷ്മയുടെ കൈയിൽ നിന്നു സിറിഞ്ചു താഴെ വീഴത്തക്കവിധം എന്താണ് അവൾ കോഹിനൂറിൽ കണ്ടത്?

കോഹിനൂറിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്ന മാറങ്ങൾ അത്ഭുതകരമായിരുന്നു. ആരു തന്നെ ആയാലും, അതു കണ്ടാൽ അമ്പരന്നു പോകും. സുഷ്മ നോക്കിക്കൊണ്ടു നില്ക്കവെ കോഹിനൂറിൻെറ കരങ്ങൾ കൈകൾക്കും നഖങ്ങൾക്കും രൂപഭേദം വന്നു കൊണ്ടിരുന്നു. മദ്യപാനിയായ ആ സക്സസ് ജോലിക്കാരനെ നിഷ്പ്രയാസം എടുത്തു നിലത്തടിച്ച കരങ്ങൾ കൈ അബലയായ ഒരു തരുണിയുടെ ഭംഗിയേറിയ കരങ്ങളായി രൂപാന്തരപ്പെട്ടു. ആ മദ്യപൻെറ കരവള്ളി വലിച്ചു പറിച്ചെടുക്കാൻ തക്ക മൂർച്ചയും വലുപ്പവും ഉ

ണ്ടായിരുന്ന നഖം യുവതിയുടെ സൌന്ദര്യ്യത്തിൻെറ മാററ വദ്ധിപ്പിക്കാൻ സഹായിക്കുന്ന രക്തവണ്ണമുള്ള ചെറുനഖങ്ങളായി മാറുന്നു. മരത്തിൻെറ പട്ടയെക്കാൾ പരുപരുത്തതും രോമം കൊണ്ടു് നിറഞ്ഞതുമായ കുരങ്ങിൻ ചമ്മം അതിവേഗം വീരവാളിപ്പട്ടിൻെറ മാദ്ദവത്തെയും ആനക്കൊമ്പിൻെറ നിറത്തെയും വെല്ലുന്ന മൃദുലമായ ത്വക്കായി രൂപഭേദപ്പെട്ടിരിക്കുന്നു. ഭയാനകമായിരുന്ന ആ മുഖത്തുണ്ടായ മാററം ഇതിലും അത്ഭുതകരമായിരുന്നു. എന്തും കടിച്ചുടയ്ക്കുന്നതിനു ശക്തമായിരുന്ന നീണ്ട ദംഷ്ട്രങ്ങൾ പൗഴപ്പല്ലുകളായി മാറി. വികൃതമായിരുന്ന കണ്ണുകൾ കാമദേവനു് മുങ്ങിച്ചാകാൻ തന്നെ വലുപ്പവും നീളവും ഉള്ള അഴകുകരിയ അംബുജനേത്രങ്ങളായി. കന്നുകാലിയുടെ രക്തം കുടിക്കുന്ന "വട്ട"ൻ പോലെ കോഹിനൂറിൻെറ മുഖത്തു എങ്ങനെയോ പററി പിടിച്ചിരുന്ന മുറിമൂക്കിനു് എൾകുസുമത്തെ വെല്ലുന്നതിനുള്ള അഴകു ഉണ്ടായിക്കഴിഞ്ഞു. മുഖത്തും കൈകളിലും പ്രത്യക്ഷപ്പെട്ട മാററങ്ങൾ ശരീരത്തിൻെറ എല്ലാഭാഗങ്ങളിലും ഉണ്ടാകയും അവയ്ക്കു രൂപഭേദം സംഭവിക്കയും ചെയ്തു കൊണ്ടിരുന്നു. ചുരുക്കത്തിൽ ഒരു മണിക്കൂർ മുമ്പു് ഭീകരാകൃതമായിരുന്ന ഒരു കാട്ടുമൃഗം ഇപ്പോൾ അതിസുന്ദരിയായ ഒരു തരുണി ആയിത്തീന്നിരിക്കുന്നു. സുഷുമ അത്ഭുതപരവശ ആയതിലൊ, ഇന്ദ്രൻ വിജയോന്മത്തൻ ആയതിലൊ അത്ഭുതപ്പെടാൻ എന്തെങ്കിലും ഉണ്ടോ ? ഇന്ദ്രൻെറ ഗവേഷണം പൂണ്ണവിജയത്തിൽ എത്തി. കുരങ്ങിനെ മനുഷ്യനാക്കാനുള്ള മാഗ്ഗം—വാനര സ്ത്രീയെ നാരി ആക്കാനുള്ള മാഗ്ഗം അയാൾ കണ്ടു പിടിച്ചു.

..........................

# അദ്ധ്യായം 5

കോഹിനൂറിൽ പ്രത്യക്ഷപ്പെട്ട മാററങ്ങൾക്ക എല്ലാം വേണ്ടതു നൽകിയ ലളിതയെപ്പററി ഇന്ദ്രനോ സുഷമയോ ചിന്തിക്കതന്നെ ചെയ്യില്ല എന്നു പറയാം. കുരങ്ങ് വനിത ആയി ക്രമേണ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന ആ കാഴ്ച അവരെ അത്രമാത്രം ആകർഷിക്കയും അത്ഭുതപ്പെടുത്തുകയും ചെയ്തു. ഇന്ദ്രൻ അതിനായി അനേക വഷക്കാലം ബുദ്ധിമുട്ടിയതുകൊണ്ട് ഈ ഫലം അപ്രതീക്ഷിതമായിരുന്നില്ല എന്നു വേണമെങ്കിൽ പറയാം. പക്ഷെ, പല പല തോൽവിക്ക ശേഷം ഉണ്ടാകുന്ന വിജയത്തിനാണല്ലൊ ലഹരി കൂടുതൽ ഉള്ളത്.

കോഹിനൂറിൽനിന്നു സുഷമ അവളുടെ ശ്രദ്ധ ലളിതയിലേക്ക മാററി. നഴ്സിംഗ് ഉന്നതവും ഉത്തമവുമായ ഒരു തൊഴിലായി സ്വീകരിച്ചിരുന്ന ആ സ്ത്രീയെ ലളിതയിൽ കണ്ട മാററങ്ങൾ പരവശയാക്കി. അല്പസമയം കൂടി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവത്തനമൊ പരീക്ഷണമൊ ഗവേഷണമൊ ജീവശക്തി പകരലൊ തുടരുന്ന പക്ഷം ലളിതയുടെ ജീവശക്തി അത്രയും കോഹിനൂറിൽ ഒഴുകിച്ചേരുമെന്നും ലളിത അന്തരിക്കുമെന്നും അങ്ങനെ സംഭവിക്കാനിടയാകുന്നതു് അധമ്മമാണെന്നും സുഷമയ്ക്കു് തോന്നി. ഒരു നഴ്സ് ഒരിക്കലും ഒരു കാരണവശാലും ക്ഷോഭിച്ചുകൂടെന്നു വിശ്വസിച്ചിരുന്ന സുഷമ, അതൊക്കെ മറന്നു. അവൾ ക്ഷോഭിച്ചു ഇന്ദ്രനോടു പറഞ്ഞു "ആ യുവതിയുടെ ജീവശക്തി ആ കുരങ്ങിലേക്ക പകരുകയാണല്ലൊ. അതു ഉടൻ മതിയാക്കിയില്ലെങ്കിൽ അവൾ മരിച്ചുപോകും. അതു കൊലപാതകം ആയിരിക്കും. ഈ പണി നിത്തണം, ഇനി തുടരരുതു."

സുഷമയുടെ ക്ഷോഭമൊ അവളുടെ അഭ്യൎത്ഥനയൊ ഇന്ദ്രനെ അല്പംപോലും ചലിപ്പിച്ചില്ല. അയാൾ യന്ത്രങ്ങൾ ശരിക്കു പ്രവൎത്തനം നടത്തുന്നുണ്ടൊ ലളിതയിൽനിന്നു നരജീവശക്തി കോഹിനൂറിലേക്കു ശരിക്കു പകൎന്നുകൊണ്ടു തന്നെ ഇരിക്കുന്നുവൊ എന്നു പരിശോധിച്ചുകൊണ്ടിരിക്കയാണു്. അതിനിടയിൽ ഇതെല്ലാം സാധാരണ സംഭവങ്ങളാണെന്നുള്ള മട്ടിൽ പറഞ്ഞു. "ലളിത ഇതുമൂലം മരണം പ്രാപിക്കുന്നു എങ്കിൽ അവൾ അത്യന്തം ഭാഗ്യവതിയാണെന്നു വിചാരിക്കണം. ശാസ്ത്രങ്ങളുടെ പുരോഗതിക്കുവേണ്ടി സ്വജീവൻ നൽകാൻ എല്ലാവൎക്കും അവസരം കിട്ടി എന്നു വരുന്നതല്ലല്ലൊ."

അനേകവൎഷം ഇന്ദ്രനുമായി ഗവേഷണം സംബന്ധിച്ചു സഹകരിച്ചിട്ടു ഇപ്പോഴാണു് അയാളുടെ യഥാൎത്ഥ നിറം സുഷമ കണ്ടതു്. ഹൃദയവും ആത്മാവും, മനുഷ്യത്വവും ദയവും സ്നേഹവും ഒന്നും ഇല്ലാത്തതും ചില പ്രത്യേകതകൾ ഉള്ളതുമായ ഒരു യന്ത്രമൊ, സുബോധമില്ലാത്ത പിരാന്തനൊ ആണു് ഇന്ദ്രൻ, വജ്രംപോലെ കട്ടപ്പമുള്ള ഒരു തലച്ചോറു മാത്രമാണു് ഇന്ദ്രൻ എന്നു അവൾക്കു ബോദ്ധ്യമായി. എന്നാലും അയാളെ നേർവഴിക്കു തിരിക്കാമൊ എന്നു നോക്കേണ്ടതു തന്റെ കടമയാണെന്നു തോന്നുകയാൽ സുഷമ വീണ്ടും പറഞ്ഞു, "അനേക വൎഷങ്ങളായി ഞാൻ അങ്ങുമായി ഈ ഗവേഷണങ്ങളിൽ എല്ലാം സഹകരിക്കുന്നുണ്ടു്. മൃഗങ്ങളുടെ ആകൃതിയും പ്രകൃതിയും മാററുക, അവയിൽ സ്ത്രീയെ പുരുഷനാക്കുക പുരുഷനെ സ്ത്രീ ആക്കുക, എന്നീ നാനാവിധപ്രവൎത്തനങ്ങളിൽ എല്ലാം ഞാൻ അങ്ങയോടു എന്റെ കഴിവു അനുസരിച്ചു് സഹകരിക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ ഇപ്പോൾ ചെയ്യുന്നതു നീതിയുടേയും മൎയ്യാദയുടേയും മനുഷ്യത്വത്തി

ൻേറയും അതിരു കടന്നുള്ള പണിയാണ്. ഒരു മനുഷ്യനും ഒരിക്കലും ഒരു തരത്തിലും ചെയ്യരുതാത്ത കാര്യമാണ്."

ഇതു കേട്ടിട്ടും ഇന്ദ്രന് ഒരു ചലനവുമില്ല. കേട്ട ഭാവം പോലുമില്ല. എന്തു പറഞ്ഞതുകൊണ്ടും പ്രയോജനം ഒന്നും ഉണ്ടാകാൻ പോകുന്നില്ല, എന്നു പൂർണ്ണ ബോധ്യമായി എങ്കിലും സുഷമ പിൻമാറാതെ തുടന്നു പറഞ്ഞു, "ഈ പെൺകുട്ടി മരിച്ചില്ലെങ്കിൽ തന്നെയും, നിങ്ങൾ അവളെ നിർദ്ദയം കൊന്നില്ലെങ്കിൽ തന്നെയും ഇപ്പോഴത്തെ ഈ പ്രവൎത്തനംകൊണ്ടു എന്തു സാധിക്കാനാണു പോകുന്നതെന്നു ആലോചിക്കണം."

ലളിതയിൽനിന്നു കോഹിനൂറിലേക്കു നരജീവശക്തി പകരുന്നതിനോടൊപ്പം, തൂക്കത്തിലും അളവിലും കുറവായിട്ടെയുള്ളൂ എങ്കിലും കോഹിനൂറിൻേറ വാനര ജീവശക്തിയിൽ നിന്നു കുറെ എല്ലാം ലളിതയിലേക്കും കടക്കുന്നുണ്ടെന്നു ബോധമില്ലാതെ കിടക്കുന്ന യുവതിയെയും, കുരങ്ങിനെയും സൂക്ഷിച്ചു നോക്കിയപ്പോൾ ബോദ്ധ്യമായ സുഷമ പിന്നെയും പറഞ്ഞു, "ഈ ഓപ്പറേഷൻ കഴിയുമ്പോൾ ലളിത ജീവനോടിരിക്കുന്നെങ്കിൽ അവളുടെ നില എന്തുമാവട്ടെ, കോഹിനൂർ കുരങ്ങിൻേറ സ്ഥിതി എന്തായിരിക്കുമെന്നു ഒന്നു ആലോചിക്കണം. ഒരു സ്ത്രീയുടെ ആകാരവും കുരങ്ങിൻേറ തലച്ചോറുംകൂടിയ സ്വഭാവമുള്ള ഒരു ജന്തുവിനെ ലോകത്തിന്നു നൽകാനല്ലേ ശ്രമിക്കുന്നതു? അതു എന്തൊരു ഭയങ്കര ജന്തു ആയിരിക്കും?"

സുഷമയുടെ ആ വാദം കുറിക്കു തന്നെ കൊണ്ടു. യന്ത്രങ്ങളിൽ മാത്രം ശ്രദ്ധിച്ചുകൊണ്ടിരുന്ന ഇന്ദ്രൻേറ ശ്രദ്ധ പതറി. സുഷമ ചൂണ്ടിക്കാണിച്ചതുപോലുള്ള ഒരു വശംകൂടി ഉണ്ടല്ലോ എന്ന ഓൎമ്മ അപ്പോഴാണു ഇന്ദ്രനുണ്ടായതു്. സുഷമ ചൂണ്ടിക്കാണിച്ച കുറവും

പരിഹരിച്ചു കളയാമെന്നു ഉടൻ തീൎച്ചപ്പെടുത്തി. "സുഷുമ പറഞ്ഞതു് വളരെ ശരിയാണ്. കോഹിനൂറിൻെറ തലച്ചോറിൽ മാററമൊന്നും ഈ ഓപ്പറേഷൻ കൊണ്ടു് ഉണ്ടാകുന്നില്ല. അതു പോരാ. ശാസ്ത്രീയവിജ്ഞാനവും കാൎയ്യങ്ങൾ വളരെ ക്രമമായും ഭംഗിയായും നടത്തുന്നതിനു കെല്പും ഉള്ള നിങ്ങളുടെ തലച്ചോറു പോലുള്ള ഒരു തലച്ചോറുകൂടി കോഹിനൂറിനു നല്കിയാൽ.........."

ഇങ്ങനെ പറഞ്ഞു കൊണ്ടിരിക്കവെ പെട്ടെന്നു് ഇന്ദ്രൻ സുഷുമയുടെ കൈയിൽ പിടിച്ചു. ഒരു സൂചി തറച്ചു. അതു ഘടിപ്പിക്കപ്പെട്ടിരുന്ന സിറിഞ്ചിൽ ഉണ്ടായിരുന്ന ദ്രാവകം ആ സൂചി വഴി അവളുടെ ദേഹത്തു കടന്നു. ഇന്ദ്രൻെറ കൈ തട്ടി മാററുന്നതിനു പോലും ഇട കിട്ടുന്നതിനു മുമ്പു് സുഷുമ ബോധരഹിതയായി. ഇന്ദ്രൻ അവളെ നിഷ്പ്രയാസം എടുത്തു മൂന്നാമതൊരു ഓപ്പറേഷൻ മേശമേൽ കിടത്തി. സുഷുമയുടെ തലച്ചോറു കോഹിനൂറിൻെറ തലയോടിനുള്ളിലേക്കു മാററുന്നതിനു ആവശ്യമായ ഓപ്പറേഷൻ, അരമണിക്കൂർകൊണ്ടു് ആ വിദഗ്ദ്ധൻ പൂൎത്തിയാക്കി!

ഏതാനും മണിക്കൂറുകൾ കഴിഞ്ഞു് ഇന്ദ്രൻ അയാളുടെ ഡയറിയിൽ ഇങ്ങനെ രേഖപ്പെടുത്തി. "കോഹിനൂറിനു് തലച്ചോറു നല്കുവാൻ സുഷുമയെ ബലി കഴിച്ചതു് ഉത്തമമായി എന്നു അനുഭവം തെളിയിച്ചിരിക്കുന്നു."

ആ ഓപ്പറേഷൻ മുറിയിൽ, ബോധരഹിതരായി കിടക്കുന്ന ലളിതയും, കോഹിനൂറും ഡോക്ടർ ഇന്ദ്രനും മാത്രമെയുള്ളൂ. യന്ത്രങ്ങൾ ശരിക്കു പ്രവൎത്തിക്കുന്നുണ്ടോ എന്നു മാത്രം ഇന്ദ്രൻ ശ്രദ്ധിച്ചാൽ മതി. അതിനു ആരുടെയും സഹായം ആവശ്യവുമില്ല.

ശാസ്ത്രഗവേഷണത്തിലുള്ള പുതിയ പരീക്ഷ

ണത്തിലുള്ള അതിയായ താല്പൎയ്യം കൊണ്ടു സമയം ഓടി ഓടി പൊയ്ക്കൊണ്ടിരിക്കുന്ന വസ്തുത ഇന്ദ്രൻ അറിയുന്നില്ല. ഗവേഷണത്തിൽ പ്രവേശിച്ചാൽ പിന്നെ ആഹാരനീഹാരാദികൾ ഒന്നും വേണ്ടാ രണ്ടു കാലിൽ നടക്കുന്ന ആ യന്ത്രവിശേഷത്തിന്. വല്ല കാരണവശാലും വിശപ്പോ ദാഹമൊ എപ്പോഴെങ്കിലും തോന്നുന്ന പക്ഷം അതു ശമിപ്പിക്കുന്നതിനു പററിയ ചില ഗുളികകളും പാനീയങ്ങളും അവിടെത്തന്നെ ഉണ്ട്.

സുഷുമയെ ബലി അൎപ്പിച്ചിട്ട് ഇപ്പോൾ മണിക്കൂറുകൾ പലതു കഴിഞ്ഞിരിക്കുന്നു. ഓപ്പറേഷൻ വിജയകരമായി എന്ന് യന്ത്രങ്ങൾ കാണിച്ചപ്പോൾ, ലളിതയിൽ നിന്നു നരജീവശക്തി കോഹിനൂറിലേക്കു പകരുന്നതിനു ഘടിപ്പിച്ചിരുന്ന ചെറുകമ്പികളും മററും ഇന്ദ്രൻ അഴിച്ചു മാററി. കോഹിനൂർ ഇപ്പോൾ ഒരു കാടൻ കുരങ്ങല്ലെന്ന്, മൃദുലമായ അവളുടെ പാദങ്ങളും കണങ്കാലുകളും കൈകളും നോക്കി അയാൾ മനസ്സിലാക്കി. എങ്കിലും ഇന്ദ്രനു പൂൎണ്ണ വിശ്വാസമായില്ല. സുഷുമയുടെ തലച്ചോറ് എടുത്തു കോഹിനൂറിനു കൊടുക്കുന്നതിനുള്ള ഓപ്പറേഷൻ കഴിഞ്ഞു തലയും മുഖവും എല്ലാം മറയത്തക്കവിധം മൂടിക്കെട്ടിയിരുന്ന കെട്ടുകൾ അഴിച്ചു മാററി എങ്കിൽ മാത്രമെ വിജയിച്ചോ ഇല്ലയൊ എന്നു ശരിക്കു തിരുമാനിക്കാൻ സാധിക്കയുള്ളു.

അയാളെ വിശ്വസ്തതയോടെ സേവിക്കയും ഗവേഷണ പരീക്ഷണങ്ങളിൽ അയാൾക്കു വിജയം ലഭിക്കണമെന്നു ആഗ്രഹിച്ച് ആത്മാൎത്ഥതയോടെ സഹകരിക്കയും ചെയ്യു ഒരു യുവതിയെ യാതൊരു കുലുക്കവും കൂടാതെ ബലികഴിച്ച ഇന്ദ്രൻ വിറയ്ക്കുന്ന കൈകൾ കൊണ്ടാണു കോഹിനൂറിന്റെ തലയും മുഖവും മൂടിയിരുന്ന കെട്ടുകൾ അഴിച്ചതു്. കെട്ടുകൾ എല്ലാം അഴിച്ചു മാററിക്കഴിഞ്ഞപ്പോൾ, കണ്ട കാഴ്ച ഇന്ദ്രനെ അഭിമാ

ന പുളകിതനാക്കി. അയാളുടെ കൈവേല ആയ ആ യുവതി, ശില്പകലാവൈദഗ്ദ്ധ്യത്തിനു ഉത്തമോദാഹരണമായിരുന്നു. ഓരോ അംഗവും സൌന്ദര്യത്തിന്റെ മൂർത്തികരണമാണെന്നു ഇന്ദ്രൻ കണ്ടു എന്നല്ലാതെ, ആ വാനരനാരിയുടെ അംഗങ്ങൾ വർണ്ണിക്കാൻ തുനിയുന്നില്ല.

അവളുടെ ദൃഷ്ടിപഥത്തിൽ എത്തുന്നതിനു ഇന്ദ്രൻ അല്പം മാറിനിന്നു. ആ സൌന്ദര്യധാമത്തിന്റെ ഇമയ്ക്കാത്ത കണ്ണുകൾ അയാളെ കണ്ടു എങ്കിൽ, അവൾക്കു ധാരണാശക്തി ഇല്ലെന്നു തീർച്ചയാണ്. അവളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനു ഇന്ദ്രൻ പിന്നെയും ശ്രമിച്ചു. സാധിക്കയും ചെയ്തു. പക്ഷെ അയാളെ കണ്ടു എന്നല്ലാതെ, കണ്ടതിൽ അവൾക്കു സന്തോഷമൊ സന്താപമൊ ഭയമൊ എന്തെങ്കിലും ഉള്ളതായി കണ്ണുകളൊ മുഖമൊ തെളിയിച്ചില്ല.

പല ദിവസത്തെ ശ്രമഫലമായി, ഇന്ദ്രൻ പറയുന്നതു് വാനരനാരി കേൾക്കുമെന്നുള്ള നിലയിൽ എത്തി. അവളുടെ തലച്ചോറു സ്വാധീനത്തിൽ വരുത്താതെ ഒന്നും സാധിക്കയില്ലെന്നും, അതാണ് ആവശ്യമെന്നും മനസ്സിലാക്കി ആ വഴി ശ്രമിച്ചപ്പോഴാണ് ഇത്രയും സാധിച്ചതു്. ഇന്ദ്രൻ ഒരു സമർത്ഥനായ ഹിപ്നോട്ടിസ്റ്റായി രൂപാന്തരപ്പെട്ടു. അയാൾ വാനരനാരിയെ ഒരു കസാലയിൽ ഇരുത്തി. അവൾക്കു അഭിമുഖമായി മറ്റൊരു കസാലയിൽ ഇന്ദ്രനും ഇരുന്നു. അവളുടെ കൈകളിൽ തടവിക്കൊണ്ടു പറഞ്ഞു. "നീ നളിനിയാണ്. നളിനി സൃഷ്ടിയും ഞാൻ സ്രഷ്ടാവുമാണ്. നിന്റെ മനസ്സിൽ ഞാൻ ആവശ്യപ്പെടുന്നവയും ഇഷ്ടപ്പെടുന്നവയും അല്ലാതെ ഒന്നും കടക്കയില്ല. ഞാൻ പറയുന്നതു എല്ലാം അതേപടി നീ കേൾക്കും. എന്തെങ്കിലും ചെയ്യരുതെന്നു പറഞ്ഞാൽ പി

ന്നെ അതു ചെയ്യാൻ നിനക്കു ശക്തി ഉണ്ടായിരിക്കയില്ല. ഞാൻ പറയുന്നതു മനസ്സിലാകുന്നുണ്ടോ? ചോദിച്ചതു കേട്ടില്ലേ, മനസ്സിലായില്ലേ?"

ഈ ചോദ്യഫലമായി ഉണ്ടായ കണ്ണിന്റെ ഒരു ചലനവും, മുഖത്തു പ്രത്യക്ഷപ്പെട്ട ക്ഷണത്തിൽ തന്നെ അപ്രത്യക്ഷമായ അല്പ ചാഞ്ചല്യവും അവളിൽ ഗ്രഹണശക്തി ഉദിച്ചുതുടങ്ങി എന്നു മനസ്സിലാക്കാൻ ഇന്ദ്രനെ സഹായിച്ചു. ആവൂ! എന്തൊരു സന്തോഷമാണ് അവനപ്പോൾ ഉണ്ടായതു്. അനേകവർഷക്കാലത്തെ ഇടവിടാതുള്ള പരിശ്രമം പ്രതീക്ഷിച്ച വിധം തന്നെ ഫലം നൽകി എന്നു കാണുമ്പോൾ ആർക്കാണ് സന്തോഷം ഉണ്ടാകാതിരിക്കുക.

നളിനിയുടെ, വിട്ടുവരുന്ന മനസ്സിനെ പൂർണ്ണമായി ആധീനപ്പെടുത്തുന്നതിന് ഇന്ദ്രൻ തുടർന്നു പലവിധ നിർദ്ദേശങ്ങൾ നൽകി. അവിടെയും വിജയം നിശ്ചയം എന്നു കണ്ടപ്പോൾ മാത്രമാണ് അയാൾ പാവനനാരിയായ നളിനിക്കു വിശ്രമം അനുവദിച്ചതു്.

ഇന്ദ്രൻ ശാസ്ത്രത്തിനു വേണ്ടി മാത്രം ജീവിക്കയോ ചലിക്കയോ ചെയ്യുന്ന ഒരു യന്ത്രമാണെന്നുള്ളതിൽ സംശയമില്ല. മററു പല ശാസ്ത്രജ്ഞന്മാരും, പല ശതാബ്ദങ്ങളിൽ നടത്തി അപജയമടഞ്ഞു പിൻമാറേണ്ടി വന്ന സ്ഥാനത്തു്, പ്രതീക്ഷയിൽ കവിഞ്ഞുള്ള വിജയം ലഭിച്ചപ്പോൾ അയാൾ അല്പമൊന്നു ഞെളിഞ്ഞെങ്കിൽ അതിൽ അല്പംപോലും കുററപ്പെടുത്താനില്ല. മുമ്പു പരീക്ഷണങ്ങൾ നടത്തിയവർ അനേകം അനേകം അനേകം ആളുകളുടെ ജീവൻ അപകടത്തിൽ ആക്കിയിട്ടു പോലും സാധിക്കാഞ്ഞ കാര്യം സുഷമ എന്ന ഒരു സ്ത്രീയെ മാത്രം ബലികഴിച്ചു സാധിച്ചതുകൊണ്ടു ആ വിജയത്തിനു മാററു വർദ്ധിച്ചു എന്നാണ് ഇന്ദ്രന്റെ മതം: അല്ലാതെ നിയമങ്ങൾക്കു എല്ലാം വിരു

ഢമായി സൎവ്വജഗൽനിയന്താവായ സ്രഷ്ടാവിൻെറ ഉദ്ദേശത്തിന് എതിരായി ഒരു പുതിയ ജന്തുവിനെ സൃഷ്ടിക്കാൻ വിശ്വസ്തയായ ഒരു സഹപ്രവൎത്തകയെ നശിപ്പിച്ചതു് അനാവശ്യവും മഹാ അധൎമ്മവും ആണെന്നല്ല അയാൾക്കു തോന്നിയതു്.

ലളിതയെ ബോധശൂന്യ ആക്കിയ ശേഷം എന്താണു് അവളോടു ചെയ്തതെന്നോ അങ്ങനെ ഒരു ഓപ്പറേഷൻ ആവശ്യമുണ്ടായിരുന്നു എന്നോ ആ യുവതിക്കു അറിവില്ലായിരുന്നു. ഓപ്പറേഷൻ കഴിഞ്ഞു് ബോധം ഉണ്ടായപ്പോൾ അതിയായ ക്ഷീണം തോന്നി. എങ്കിലും ഇന്ദ്രൻ കൊടുത്ത ചില ഗുളികകൾ ആ ക്ഷീണം അതിവേഗം കുറച്ചതുകൊണ്ടു അവൾക്കു ഇന്ദ്രനോടു വളരെ കൃതജ്ഞതയുമുണ്ടു്. ലളിതയ്ക്കു അപകടം സംഭവിക്കാതിരുന്നതിലും, വേഗത്തിൽ അവളുടെ ക്ഷീണം കുറഞ്ഞതിലും ഇന്ദ്രനു സന്തോഷം തോന്നി എന്നു സമ്മതിക്കേണ്ടതുണ്ടു്. അത്രയും അയാൾക്കു വകവച്ചുകൊടുക്കാം.

തൻെറ സൃഷ്ടിയായ നളിനിക്കു സുന്ദരമായ ഒരു ശരീരം നൽകാൻ കഴിഞ്ഞു. സുഷമയുടെ തല തല്ലിപ്പൊളിച്ചു തലച്ചോറു എടുത്തു സ്ഥാപിച്ചു അവൾക്കു ഒരു മനസ്സിനു വേണ്ട അടിസ്ഥാനം ഇട്ടു എങ്കിലും, ആ അടിസ്ഥാനത്തിന്മേൽ പണിതു കേറാതെ പറ്റുകയില്ലെന്നു ഇന്ദ്രനു നിശ്ചയമുണ്ടായിരുന്നു. അയാൾ എത്ര ശ്രമിച്ചാലും ഹിപ്നോട്ടിക്കു ശക്തി പ്രയോഗിച്ചു അവളെ നയിക്കുകയോ നിയന്ത്രിക്കുകയോ ചെയ്താലും അതുകൊണ്ടു മാത്രം ഒന്നും ആകയില്ലെന്നും അയാൾക്കു അറിയാം. പലരുമായി ഇടപെടുകയും, പല സ്ഥലങ്ങളും സന്ദൎശിച്ചു കാൎയ്യങ്ങൾ മനസ്സിലാക്കുകയും ചെയ്യെങ്കിൽ അല്ലാതെ നളിനിയെ യഥാൎത്ഥത്തിൽ മനുഷ്യവൎഗ്ഗത്തിൽ ചേൎക്കാൻ സാധിക്കുകയില്ലെ

ന്നും ഇന്ദ്രനു നല്ല നിശ്ചയമായിരുന്നു. അതുകൊണ്ടു അവളെ തന്നോടൊപ്പം കൊണ്ടുനടന്നു ലോക പരിചയം നൽകാനാണു് അയാൾ തീച്ചപ്പെടുത്തിയതു്.

നളിനിയേയും കൂട്ടിക്കൊണ്ടു വാറൻസ് സൎക്കസിലെ മൃഗങ്ങളേയും മററും സൂക്ഷിക്കുന്ന പ്രദേശത്തേക്കു വലിയ ആൾബഹളം ഇല്ലാത്ത സമയത്തു ആദ്യമായി പോകാമെന്നാണു് ഇന്ദ്രൻ തീച്ചപ്പെടുത്തിയതു്.

അവിടത്തെ ജോലിക്കാർ എല്ലാവൎക്കും ഇന്ദ്രനെ നന്നായി അറിയാം. അവിവാഹിതനും, ഒരിക്കലും വിവാഹം കഴിക്കാൻ ഇടയില്ലാത്തവനെന്നു പൊതുവിൽ വിധിക്കപ്പെട്ടിരുന്നവനും ആയ ഇന്ദ്രനും ഒരുമിച്ചു് അസാധാരണ സുന്ദരിയായ ഒരു യുവതിയെ കണ്ടപ്പോൾ പലരും ഒന്നുകൂടി നോക്കി. ആ നോട്ടത്തിൽ നളിനിയെ സാധാരണയിൽ അല്പംകൂടി സൂക്ഷിച്ചു നോക്കാൻ ഇടയായവൎക്കെല്ലാം, സാധാരണ സ്ത്രീജനങ്ങളിൽ കാണാത്ത തരത്തിലുള്ള അവളുടെ നടപ്പും എടുപ്പും മൂന്നാം പ്രാവശ്യം ഒരിക്കൽകൂടി എങ്കിലും സൂക്ഷിച്ചുനോക്കുന്നതിനു അവരെ നിബ്ബന്ധിച്ചതായി അനുഭവപ്പെട്ടു. നളിനിയുടെ മൌനവും, പരിതസ്ഥിതികളിൽ യാതൊരു താല്പൎയ്യവും പ്രകടിപ്പിക്കാത്ത അലസ ഭാവവും, അവളുടെ ആകൎഷകത്വം വൎദ്ധിപ്പിക്കുന്നതായി ചെറുപ്പക്കാൎക്കു തോന്നി.

നളിനിയുടെ ആഗമനം അവിടെ ഉണ്ടായിരുന്ന മനുഷ്യരിൽ ഉല്ലാസമൊ ജിജ്ഞാസയൊ അത്ഭുതമൊ ആണു് ഉളവാക്കിയതെങ്കിൽ സൎക്കസ് മൃഗങ്ങളുടെ ഇടയിൽ ഉണ്ടായ പ്രത്യാഘാതം അതിൽ നിന്നു വളരെ വ്യത്യസ്തമായിരുന്നു.

നളിനിയുടെ ആഗമനത്തോടുകൂടി അവിടെ ഉണ്ടായിരുന്ന മൃഗങ്ങൾ എല്ലാം ഇളകി വശായി. സിംഹ

ങ്ങളുടെ അലച്ച് മുതൽ കുരങ്ങുകളുടെ നിലവിളിയും കിളികളുടെ കാറലുകളും വരെ എല്ലാ ജന്തുക്കളും ആ പൽദ്ധ്വനി മുഴക്കി. മാത്രമല്ല സിംഹരാജൻ തെണ്ടിപ്പട്ടിയെപ്പോലെ വാൽ കാലുകളുടെ ഇടയിൽ ഇട്ടുകൊണ്ടു കൂടിൻെറ കോണിൽചെന്നു പതുങ്ങി. ഒരു സിംഹമല്ല എല്ലാ സിംഹവും, എല്ലാ കടുവായും എല്ലാ പുലിയും കിടുങ്ങി. കുരങ്ങുകൾ പേടിച്ചു കരയുകയും തലകൊണ്ട് അടിച്ചിട്ടും കൂടു തകൎത്തു പുറത്തു ചാടി രക്ഷപെടാൻ ബദ്ധപ്പെടുകയും ചെയ്തു. ഒന്നു കൊണ്ടും ഇളകാത്ത സൎക്കസ് കുതിരകളും പട്ടികളും പോലും ഇളകി കെട്ടും തുടലും തകൎത്തു രക്ഷപെടാൻ ശ്രമിച്ച് സാധിക്കാതെ വന്നപ്പോൾ ഭീരുത്വം പ്രകടിപ്പിച്ചതിൽ ഖേദിച്ചു തലകുനിച്ചു നില്ക്കുകയും ചുരുണ്ടുകൂടി കിടക്കുകയും ചെയ്തു. ഈ ബഹളങ്ങളും കോലാഹലങ്ങളും ഒന്നും നളിനി മാത്രം അറിഞ്ഞില്ല. അവളുടെ ചുററിലും ആളുകളോ മൃഗങ്ങളോ വൃക്ഷങ്ങളോ ഉണ്ടെന്നു പോലും ആ യുവതി അറിയുന്നില്ലെന്നു തോന്നും അവളുടെ നടപ്പും ഭാവവും കണ്ടാൽ.

ഈ സമയം സുമുഖൻ ശരിക്കു മെരുങ്ങിയിട്ടില്ലാത്ത ഒരു സിംഹത്തെയും ഒരു കടുവായെയും ഒരു പുതിയ കളി പഠിപ്പിക്കുക ആയിരുന്നു. സിംഹവും കടുവായും സുമുഖനും മാത്രമുണ്ട് ഒരു കൂട്ടിൽ. അയാളുടെ ഇടതു കൈയിൽ കൈത്തോക്കും വലതു കൈയിൽ ഒരു ചമ്മട്ടിയും ആണ് ആയുധങ്ങളായി ഉള്ളത്. സിംഹവും കടുവായും തമ്മിൽ മത്സരമൊന്നും ഉള്ളതായി കാണപ്പെട്ടില്ല. അവ രണ്ടും സുമുഖൻെറ ആജ്ഞയനുസരിക്കുന്നുണ്ടെങ്കിലും അതു സന്തോഷത്തോടെ അല്ല. സിംഹം സുമുഖൻെറ മുമ്പിൽ, അല്പം ദൂരത്തു നില്ക്കുകയാണ്. കളിയിൽ അടുത്ത പടി ആയി കടുവാ ഒരു പീപ്പയിന്മേൽ ചാടിക്കേറാൻ സുമുഖൻ കല്പ

വായോട്ട് ആജ്ഞാപിച്ചു. ആ സമയം അയാൾ കട്ടവായെ ആണ് നോക്കുന്നതെങ്കിലും സിംഹത്തിന്റെ ദേഹചലനം പോലും സൂക്ഷ്മവീക്ഷണം ചെയ്തു കൊണ്ടിരിക്കുന്നുമുണ്ട്. അതു സിംഹത്തിനും അറിയാം. സുമുഖന്റെ ആജ്ഞ അനുസരിച്ച് കട്ടവാ പീപ്പയുടെ പുറത്തേക്കു ചാടി. പക്ഷെ ചാട്ടം ശരിയായില്ല. അതുകൊണ്ട് പീപ്പ മറിഞ്ഞു വീണു. അതോടു കൂടി സുമുഖന്റെ ശ്രദ്ധ അവിടെ കേന്ദ്രീകരിച്ചു. അതു മനസ്സിലാക്കിയ സിംഹം ഒരു ചാട്ടം. ഒരു അടി. സുമുഖൻ നിലംപതിച്ചു, ഗർജ്ജിക്കുന്ന സിംഹം അവന്റെ പുറത്തും. കൂടിനു വെളിയിൽ, തോക്കും കുന്തവും ഒരുക്കി പിടിച്ചു നിന്നു ജോലിക്കാർ വെടിവെച്ചാൽ സിംഹത്തോടൊപ്പം സുമുഖനും ജീവാപായം സംഭവിക്കാമെന്നു ഭയപ്പെട്ടു മരവിച്ചു നിന്നു പോയി. സിംഹത്തെയും കട്ടവായെയും പഠിപ്പിക്കുന്നതു് കാണാൻ അവിടെ ചെന്നിരുന്ന വാറനും, പുത്രി റോസ്ലിയും ഭയന്നു നിലവിളിച്ചു. ഈ ഘട്ടത്തിലാണ് ഇന്ദ്രനും നളിനിയും അവിടെ എത്തിയതു്. ഇന്ദ്രൻ ഇതൊക്കെ എന്താണെന്നു ആലോചിക്കുമ്പോഴേക്ക് നളിനി ഒററച്ചാട്ടത്തിനു കൂട്ടിനു സമീപം എത്തി. കൈകൾ കൂടിന്റെ കമ്പികളിൽ മുറുക്കി പിടിച്ചുകൊണ്ട് അവൾ സിംഹത്തെ സൂക്ഷിച്ചുനോക്കി. അവളുടെ കണ്ണുകളിലെ അലസതാഭാവം മാറി രൂക്ഷമായി. സുമുഖന്റെ ദേഹത്തു ഒരു കൈ എടുത്തു കുത്തിനിന്നിരുന്ന സിംഹം ആ നോട്ടം കൊണ്ടു് കൂഞ്ഞുന്നതു് പുറത്തു നിന്നവക്കു കാണാമായിരുന്നു. എന്താണ് ചെയ്യേണ്ടതെന്നറിയാതെ സിംഹം അല്പസമയം കുഴങ്ങുന്നതു പോലെ തോന്നി. അതു കഴിഞ്ഞു് ആ മൃഗരാജൻ തോൽവി സമ്മതിച്ചു് സുമുഖന്റെ അടുക്കൽ നിന്നു മാറി നളിനിയിൽ നിന്നു എത്ര ദൂരത്തു പോകാമൊ അത്രയും

ദൂരത്തു പോയി തിരിഞ്ഞുനിന്നു. അപ്പോൾ മരവിച്ചു നിന്ന ജോലിക്കാക്ക് ഉശിരും ജീവനും ഉണ്ടായി. അവർ സിംഹത്തെ ബന്ധിച്ചു. സുമുഖൻ കൂട്ടിൽ നിന്നു പുറത്തു വന്നു.

വാറൻ ഇന്ദ്രനോടു പറഞ്ഞു, "ഈ യുവതിയുടെ അത്ഭുതശക്തി!! അവരുടെ നോട്ടംകൊണ്ടു സിംഹം കിടുങ്ങിപ്പോയല്ലോ. യുവതി ആരാണു്?"

ഇന്ദ്രൻ:—"എൻെറ ഒരു രോഗി—എൻെറ ചികിത്സയിൽ ഇരിക്കുന്ന ഒരു പെൺകുട്ടി—നളിനി."

---

## അദ്ധ്യായം 6

നളിനി ആ സമയത്തു് അവിടെ എത്തിയില്ലായിരുന്നു എങ്കിൽ, അവളുടെ കാമുകനായ സുമുഖനെ സിംഹം കൊന്നു കളയുമായിരുന്നു എന്നുള്ളതിൽ റോസ്ലിക്കു യാതൊരു സംശയവുമില്ല. അവൾക്കു നളിനിയോടുള്ള കടം വീട്ടാൻ സാധിക്കയില്ലെന്നു റോസ്ലിക്കു അറിയാം. കാട്ടുമൃഗങ്ങളുടെ മേൽ ഇത്ര അധികം സ്വാധീനം ചെലുത്താൻ കഴിവുള്ള നളിനിയെക്കൂടി സക്കസിൽ ചേത്താൽ വന്യമൃഗങ്ങളെ മെരുക്കുന്നതിനുള്ള പ്രയാസം വളരെ വളരെ കുറയുകയും, അവ കാരണം ഉണ്ടാകാവുന്ന അപകടം ഇല്ലാതായിത്തീരുകയും ചെയ്യും എന്നുള്ളതുകൊണ്ടു് ആ തരുണിയെ സക്കസിൽ ചേക്കാൻ സുമുഖൻ ആഗ്രഹിക്കുമെന്നും റോസ്ലിക്കു തോന്നി. നളിനി ചെയ്ത സഹായത്തെപ്പററിയുള്ള സ്മരണ ധാരാളം ഉണ്ടായിരുന്നിട്ടും, അവൾ സുമുഖനും ഒരുമിച്ചു് മൃഗങ്ങളെ കളിപ്പിക്കുന്ന കായ്യം റോസ്ലിക്കു ഓക്കാൻ തന്നെ പ്രയാസമായിരുന്നു. എന്തോ, കാരണം ഒന്നും പറയാനില്ലാത്ത ഒരെതിപ്പു്.

റോഷ്ണി പ്രതീക്ഷിച്ചതുപോലെ തന്നെ, നളിനിയെക്കൂടി സക്കസിൽ ചേക്കണമെന്നു സുമുഖൻ വാററനോടു രണ്ടുനാലു ദിവസങ്ങൾക്കകം ആവശ്യപ്പെട്ടു. അദ്ദേഹത്തിനു അതിൽ സന്തോഷം തോന്നിയില്ല.

വാററൻ പറഞ്ഞു:—"നാം കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത ഒരു പെണ്ണിന്നു അവൾക്കു കാട്ടുമൃഗങ്ങളുടെ മേൽ എന്തോ ശക്തി ഉണ്ടെന്നു സങ്കല്പിച്ചു സക്കസിൽ ചേക്കുന്നതു ശരിയാണോ എന്നൊരു സംശയം."

സുമുഖൻ:—"ശക്തി ഉണ്ടെന്നുള്ളതു കേവലം സങ്കല്പം മാത്രമാണോ? നാം നേരിട്ടു കണ്ടതല്ലേ?"

റോഷ്ണി:—"നളിനിയെ കണ്ടിട്ടുമില്ല, അറികയുമില്ല എന്നുള്ളതു ശരിയാണ്. എന്നാൽ എങ്ങനെയൊ എവിടെവച്ചോ പരിചയപ്പെട്ടിട്ടുള്ളതുപോലൊരു തോന്നൽ എനിക്കുണ്ടാകുന്നു."

സുമുഖൻ:—"അതു എന്തുമാവട്ടെ. അവളെക്കൂടി എൻെറ കളിയിൽ ഉൾപ്പെടുത്തുന്നതിനെപ്പററ റോഷ്ണി എന്തു പറയുന്നു?"

റോഷ്ണി:—"വേണ്ടെന്നു ഞാൻ പറയുന്നില്ല. എങ്കിലും............"

സുമുഖൻ:—"എങ്കിലും എന്നു പറഞ്ഞു നിറുത്തിയതു് എന്താണ്?"

റോഷ്ണി:—"എങ്കിലും നളിനിയെക്കൂടെ സക്കസിൽ ചേക്കുന്നതിൽ സന്തോഷം തോന്നുന്നില്ല. അതിനു തക്കതായ ഒരു കാരണം ചൂണ്ടിക്കാണിക്കാൻ ഇല്ലാഞ്ഞതുകൊണ്ടാണ് പറയാൻ മടിച്ചതു്."

സുമുഖൻ ചിരിച്ചുകൊണ്ടു്, "അതു സ്ത്രീകളുടെ പ്രത്യേകതയെന്നേയുള്ളു. സാരമില്ല. എൻെറ ജീവൻ അപകടത്തിലാകാതെ കഴിയുമെന്നു ഓക്കണം."

സുമുഖൻെറ ജീവൻ അപകടത്തിലാകാതിരിക്കുമെന്നുള്ള വാദത്തിനു മറുപടി കൊടുക്കാനില്ലാതിരുന്നതുകൊണ്ടു് റോഷ്ണി മൌനം ദീക്ഷിച്ചു.

വാറൻ പറഞ്ഞു:—"ഡോക്ടർ ഇന്ദ്രനു സമ്മതമാണോ, ആ പെൺകുട്ടി സക്കസിൽ ചേരാൻ ഒരുക്കമാണോ എന്നു അന്വേഷിച്ചശേഷം സമ്മതമുണ്ടെങ്കിൽ അവൾക്കു് എന്തെങ്കിലും പ്രത്യേക ശക്തി ഉള്ളതു തന്നെയോ എന്നു് ഒരിക്കൽ കൂടി പരീക്ഷിച്ചുനോക്കിയിട്ടു് ഇഷ്ടംപോലെ തീരുമാനിച്ചുകൊള്ളണം."

സുമുഖൻ:—"ഇന്ദ്രനും നളിനിക്കും സമ്മതമാണു്. ഞാൻ രണ്ടാളോടും ചോദിച്ചു. നാം ആദ്യം കണ്ട ദിവസത്തെപ്പോലെ തന്നെ, മൃഗങ്ങളുടെമേൽ നളിനിക്കു സ്വാധീനം ഉണ്ടോ എന്നു ഞാൻ പലപ്രാവശ്യം പരീക്ഷിച്ചുനോക്കി. സക്കസുമായി യാതൊരു ഇടപാടും ഇല്ലാത്ത അപരിചിതയായ ഒരു യുവതിയെ ജോലിക്കു എടുക്കാൻ പറയുന്നതിൽ എനിക്കും പ്രയാസം തോന്നി. അതുകൊണ്ടാണു് നളിനിക്കു പ്രത്യേക ശക്തി വല്ലതും ഉണ്ടോ എന്നു വീണ്ടും വീണ്ടും പരീക്ഷിക്കാൻ ഞാൻ തുനിഞ്ഞതു്."

റോഷ്ണി:—"ഉണ്ടെന്നു പൂണ്ണബോദ്ധ്യം വന്നോ?"

സുമുഖൻ:--"ഉവ്വ്. നളിനിയെ കൂട്ടിക്കൊണ്ടു ഞാൻ രണ്ടു മൂന്നു പ്രാവശ്യം സിംഹങ്ങളുടെയും കടുവാകളുടെയും കൂട്ടിൽ കേറി. ആ പെണ്ണിനെ കാണുന്ന ക്ഷണത്തിൽ മൃഗങ്ങൾ എല്ലാം 'പൂച്ച മയക്കി' എന്ന പച്ചമരുന്നു മണക്കുന്ന പൂച്ചയെപ്പോലെ ആകുന്നുണ്ടു്. നളിനികൂടി ഉണ്ടെങ്കിൽ എത്ര സിംഹങ്ങളേയും എത്ര കടുവാകളേയും വേണമെങ്കിലും ഒരുമിച്ചു ഒരേകൂട്ടിൽ അഴിച്ചുവിട്ടു കളിപ്പിക്കാമെന്നു എനിക്കു പൂണ്ണ വിശ്വാസമായിരിക്കുന്നു. അപകടശങ്ക അശേ

ഷം വേണ്ടേന്നു വരുന്നതു ചില്ലറക്കാര്യമൊന്നുമല്ലല്ലൊ."

സുമുഖൻ ഇത്രമാത്രം ശക്തിയായി വാദിച്ചതുകൊണ്ട് വാറനും റോസ്ലിയും പിന്നെ എതിരൊന്നും പറഞ്ഞില്ല. എന്നാൽ അച്ഛനും, മകളും, സുമുഖനും നളിനിയും ചെന്നു മൃഗങ്ങളെ അഭ്യസിപ്പിക്കുന്നതു കാണാൻ ഒരിക്കൽപോലും പോയില്ല.

നളിനി സുമുഖന്മാരുടെ പരിശ്രമം പൂർണ്ണവിജയത്തിൽ എത്തി എന്നും, ഒട്ടധികം സിംഹങ്ങളേയും കടുവാകളേയും ഒരേസമയം അഴിച്ചുവിട്ടു കളിപ്പിക്കുന്നതു കണ്ടാൽ, ആ മൃഗങ്ങൾ പട്ടിക്കുട്ടികളാണെന്നു തോന്നിപ്പോകുമെന്നും പ്രസിദ്ധമായി. ഈ കളി പരസ്യമായി പ്രദർശിപ്പിക്കുന്നതിനു മുമ്പുള്ള ഏററം ഒടുവിലത്തെ പരിശീലനപ്രദർശനം അല്ലെങ്കിൽ അരങ്ങേററം കാണാൻ റോസ്ലിയും വാറനും ചെല്ലേണമെന്നു സുമുഖൻ നിർബന്ധമായി ആവശ്യപ്പെട്ടതനുസരിച്ചു ചെന്നിരുന്നു.

പിററന്നാൾ പ്രദർശനാവസരത്തിൽ നടത്തേണ്ട തരത്തിൽ എല്ലാംതന്നെയാണ് കാര്യങ്ങൾ നടത്തുകയും ക്രമീകരിക്കയും ചെയ്യുിരിക്കുന്നത്. വെള്ളിത്തകിട്ടുകൊണ്ടു നിർമ്മിച്ചതെന്നു തോന്നുന്ന ഇറുകിപ്പിടിച്ചു കിടക്കുന്ന കാൽച്ചട്ടയും ബനിയനും നളിനിക്കു നല്കിയതു്, അവളുടെ യൌവ്വനത്തേയും സൌന്ദര്യത്തേയും ആ വേഷം അല്പം പുഷ്ടിപ്പെടുത്തി കാണിക്കുമെന്നുള്ളതുകൊണ്ടാണ്. വന്യമൃഗങ്ങളെ ആകർഷിക്കുന്നതിനു ശക്തിയുള്ള യുവതി മനുഷ്യരെയും ആകർഷിച്ചുകൊള്ളട്ടെ എന്നു് !

സമയമായി. സുമുഖൻ റിംഗിൽ പ്രവേശിച്ച ഉടൻതന്നെ, ഭയങ്കരനായ ഒരു കടുവായുടെ കൂട്ടുജോ

ലിക്കാർ തുറന്നു. സുമുഖനെ കണ്ടു കടുവാ, വാൽ അങ്ങോട്ടുമിങ്ങോട്ടും ചുഴററി, പല്ലുകൾ ഇളിച്ചു, അവനെ പിടിച്ചടിക്കാൻ ഒരുങ്ങി അടുത്തുതുടങ്ങി. സുമുഖൻെറ കൈവശമുള്ള ഏക ആയുധം ഒരു ചമ്മട്ടിയാണ്. അവൻ അതു് ചുഴററി കടുവായെ അങ്ങോട്ടും ഇങ്ങോട്ടും മാററി മാററി, നളിനിക്കു് അതിൻെറ മുഖത്തു നോക്കുന്നതിനു സൌകയ്യമുള്ള ഒരു സ്ഥാനത്തു് ആക്കി. റിംഗിനു ചുററും ഉള്ള കമ്പിയഴികളിൽ പിടിച്ചുകൊണ്ടു നിന്നിരുന്ന നളിനി അവളുടെ ദൃഷ്ടി കടുവായുടെ മുഖത്തു് ഉറപ്പിച്ചു. യുവതിയെ നോക്കാതെ കഴിക്കാൻ കടുവാ ശ്രമിക്കുന്നതുപോലെ റോസ്ലിക്കും വാറനും തോന്നി. ശ്രമം ഫലിച്ചില്ല. കടുവാ കണ്ണുകൾ ഉയത്തി നളിനിയെ നോക്കാൻ നിർബ്ബന്ധിക്കപ്പെട്ടു.

നളിനിയുടെ നിലയും നോട്ടവും, മുഖത്തു തുടിച്ചു നിൽക്കുന്ന മാംസപേശികളും, ഞരമ്പുകളും മുഖഭാവവും കണ്ടാൽ അവളുടെ സവ്വ ശക്തികളും കണ്ണുകളിൽ കേന്ദ്രീകരിച്ചു, അതുവഴി കടുവായ്ക്കു എന്തോ ആജ്ഞ നൽകി അതിനെ അനുസരിപ്പിക്കാൻ അതിയായി ആയാസ്സപ്പെടുന്നുണ്ടെന്നു ക്ഷണത്തിൽ മനസ്സിലാകും. മനസ്സില്ലാമനസ്സോടെ അവളുടെ മുഖത്തേക്കു നോക്കിയ കടുവായിക്കു അവിടെനിന്നു കണ്ണു പറിക്കാൻ സാധിക്കുന്നില്ല. അതാ അതിൻെറ മുഖത്തെ ക്രൂരഭാവം മാറുന്നു. ഇളിച്ചിരുന്ന പല്ലുകൾ ഇപ്പോൾ കാണ്മാനില്ല. അങ്ങട്ടും ഇങ്ങട്ടും ഇട്ടു് അടിച്ചുകൊണ്ടിരുന്ന വാൽ കാലുകളുടെ ഇടയിലേക്കു കടക്കുന്നു. സുമുഖനെ പിടിപ്പാൻ പുറപ്പെട്ട കടുവാ, അവൻെറ കാല്ക്കൽ വീണു് ഒരു പട്ടിക്കുട്ടിയെപ്പോലെ മലന്നുകിടന്നു കളിക്കയും സന്തോഷശബ്ദം പുറപ്പെടുവിക്കയും ചെയ്യുന്നു!! മററുള്ള കടുവാകളെയും സിംഹങ്ങളെയും ഓരോന്നോരോന്നായി, അഴിച്ചുവിട്ടു. അവയും ആദ്യം

പുറത്തു കടന്ന കട്ടവായുടെ പ്രവൎത്തനരീതി തന്നെ ആവൎത്തിച്ചു.

അരങ്ങേററം അവസാനിച്ചു. മൃഗക്കൂട്ടിൽനിന്നു പുറത്തു വന്ന സുമുഖൻ, പുഞ്ചിരി തൂകിക്കൊണ്ടുനിന്ന അവൻെറ പ്രാണപ്രേയസിയായ റോസ്ലിയുടെ അടുക്കലേക്കു ഓടി. അവളുടെ അഛനുംമററും ചുററിലും നില്പുണ്ടായിരുന്നതുകൊണ്ട്, നെററകയിൽ മാത്രംഒരു ഉമ്മ വച്ച് സംതൃപ്തനായി. സുമുഖൻെറ ആ പ്രവൃത്തി അതു നോക്കിക്കൊണ്ടു നിന്നിരുന്ന നളിനിയിൽ വരുത്തിക്കൂട്ടിയ ഭാവപ്പകൎച്ചകൾ നളിനി എന്നൊരാൾ ഇഹത്തിൽ ഉണ്ടെന്നു ഓൎക്കുന്നതിനുപോലും അവസരം ഇല്ലാതിരുന്ന റോസ്ലിയും സുമുഖനും കാണാഞ്ഞതിൽ അവരെ കുററപ്പെടുത്താനില്ലല്ലോ.

കളി കഴിഞ്ഞു പുറത്തേക്കു ഇറങ്ങിവന്ന സുമുഖനെ അല്പം സന്തോഷഛായയുള്ള ഒരു നോട്ടം കൊണ്ടു നളിനി അഭിവാദ്യം ചെയ്യുന്നത് അയാൾ കാണാതിരുന്നപ്പോൾ തന്നെ അവളിൽ ഒരു മാററം സംഭവിച്ചു. അവളോടു കൃതജ്ഞതാരൂപത്തിൽ ഒരു വാക്കെങ്കിലും പറയുകയൊ, ഒന്നു നോക്കുകയൊ ചെയ്യില്ലെന്നു മാത്രമല്ല, റോസ്ലിയുടെ അടുക്കലേക്കു ഓടുകയും, അവളുടെ നെററകയിൽ ഉമ്മ വയ്ക്കുകയും കൂടിയാണു ചെയ്യുന്നത്. ആ വാനരനാരി അതിൽനിന്ന് എന്താണ് ധരിച്ചതെന്നും, അവളുടെ മനസ്സിൽ അതു എന്തെല്ലാം മാററങ്ങളാണ് വരുത്തിയതെന്നും അറിവാൻ മാൎഗ്ഗമൊന്നുമില്ല. അവളുടെ മനസ്സിൻെറ അടിത്തട്ടിലുണ്ടായിരുന്ന, കുരങ്ങുകൾക്കുപോലും പ്രകൃതിദത്തമായി ലഭിച്ചിരുന്ന പ്രാകൃതവികാരത്തെ ആ കാഴ്ച ക്ഷോഭിപ്പിച്ചിരിക്കണം. വിദ്യുഛക്ത്യാഘാതത്താൽ എന്നപോലെ അവൾ വല്ലാതൊന്നു ഞെട്ടി. അടിമുടി വിറച്ചു. അ

തിൻെറ പ്രത്യാഘാതം മുഖത്തു പ്രത്യക്ഷപ്പെട്ടു. ആ സുന്ദരമുഖത്തു പ്രത്യക്ഷപ്പെട്ട ക്രൂരതയുടെയും മൃഗീയതയുടെയും ഒരു നിഴൽ എങ്കിലും ഏൽക്കുകയോ കാണുകയോ ചെയ്തിരുന്നു എങ്കിൽ റോഷ്നിയും സുമുഖനും ഭയന്നു വിറച്ചു പോകുമായിരുന്നു. വിദ്വേഷം വഴിഞ്ഞൊഴുകുന്ന ഒരു ശരം ആ ദമ്പതികളെ ലക്ഷ്യമാക്കി അയച്ചിട്ട് നളിനി അപ്രത്യക്ഷയായി.

ഉടുപ്പുകൾ മാററുന്നതിനു നളിനിക്കായി കൊടുത്തിരുന്ന മുറിയിൽ അവൾ അഭയം പ്രാപിച്ചു. എന്താണ് വേണ്ടതെന്നോ, എന്താണ് തന്നെ ക്ഷോഭിപ്പിച്ചതെന്നോ, അതു അടക്കേണ്ടതുണ്ടോ അടക്കുന്നതിനു എന്താണ് മാർഗ്ഗമെന്നോ അവൾക്കറിഞ്ഞുകൂടാ. തിരമാലകണക്കെ വീണ്ടും വീണ്ടും ഇളകി ഉയർന്നു വന്ന ക്ഷോഭം അവളെ ഒരു മൃഗം തന്നെ ആക്കി. ഒരു കസാലയിൽ അല്പ സമയം ഇരുന്നു. ഇരിക്കാൻ സാധിക്കുന്നില്ല. ചാടി എണീററു ആ കസാല, ഈറക്കിൽ എന്നപോലെ ഒടിച്ചു പൊടിച്ചു തകർത്തു. അതുകൊണ്ടും അടങ്ങിയില്ല ക്ഷോഭം. ആ മുറിയിൽ കണ്ട മററു ഉപകരണങ്ങളും എല്ലാം നശിപ്പിച്ചു. വസ്ത്രങ്ങൾ എല്ലാം വലിച്ചു കീറി നാരാക്കി അവിടെ വിതറി. എന്നിട്ടും അടക്കമായില്ല. ഒരു കണ്ണാടി കണ്ടു. അതു തകർക്കാൻ അടുത്തപ്പോൾ അതിൽ നിന്നു ഒരു രൂപം അവളെ നോക്കുന്നു. അവളുടെ മനസ്സു കൊടുങ്കാററിൽ ക്ഷോഭിച്ച വൻ കടലിനെ അതിശയിക്കുന്ന നിലയിൽ എത്തിയിരുന്നെങ്കിലും, അവളിൽ ഉണ്ടായിരുന്ന വാനരസ്വഭാവത്തിനു മുൻകൈ ലഭിച്ചിരുന്നു എങ്കിലും സ്ത്രീത്വം നിശ്ശേഷം നശിക്കാതിരുന്നതുകൊണ്ടു്, കണ്ണാടിയിൽ കാണുന്നതു തൻെറ പ്രതിഛായ ആണെന്നും; അതിൽ കാണുന്ന രീതിയിൽ താൻ ഒരു വാനരമായി രൂപാന്തരപ്പെടുകയാണെന്നും മനസ്സിലാ

ക്കി. മുഖത്തിൻെറ സൌന്ദൎയ്യം ഇല്ലാതാക മാത്രമല്ല, കുരങ്ങിൻെറ പറുപറുത്ത തൊലിയും, അതിന്മേൽ ധാരാളം രോമങ്ങളും പ്രത്യക്ഷമായിത്തുടങ്ങുകയും ചെയ്യിരിക്കുന്നു! മൂക്കിനും പല്ലുകൾക്കും എല്ലാം അതിനനുസരണമായ രൂപഭേദം ഉണ്ടായിക്കൊണ്ടു ഇരിക്കുന്നു. ഈ മാററങ്ങൾ നിമിഷംപ്രതി വൎദ്ധിച്ചുവരുന്നതായി അവൾ കണ്ടു—അവൾക്കു തോന്നി. കൈവിരലുകൾക്കും നഖങ്ങൾക്കും സംഭവിച്ച മാററം കണ്ണാടിയിൽ കൂടി അല്ല, നേരിട്ടുതന്നെ കണ്ടപ്പോൾ, കാൎയ്യത്തിൻെറ ഗൌരവം നളിനിക്കു പൂൎണ്ണമായി ബോദ്ധ്യപ്പെട്ടു. നളിനിയുടെ ക്ഷോഭം പെട്ടെന്നു ശമിച്ചു. ഭയം ആസ്ഥാനം സ്വീകരിച്ചു. താൻ പഴയ പടി ഒരു കുരങ്ങായി മാറുകയാണെന്നു്, മാറി എന്നു് നളിനിക്കു് മനസ്സിലായി.

---

## അദ്ധ്യായം 7

അരങ്ങേററം കഴിഞ്ഞു് കാമുകനുമായി ഏതാനും മണിക്കൂറു വളരെ സന്തോഷമായി സ്വൈരസല്ലാപം ചെയ്യശേഷം വാസസ്ഥലത്തു എത്തി കുളിയും ആഹാരവും കഴിഞ്ഞപ്പോഴേക്കു അൎദ്ധരാത്രി ആയി എങ്കിലും റോസ്സിക്കു കിടക്കണമെന്നും ഉറങ്ങണമെന്നും തോന്നിയില്ല. ആകാശത്തിൽ പല കോട്ടകൾ കെട്ടി ആവിടെല്ലാം സുമുഖനുമായി വിഹരിച്ചു് വീണ്ടും സന്തോഷിച്ച ശേഷം അവൾ ഉറങ്ങാൻ കിടന്നു. ഉറക്കത്തിനും ഉണൎച്ചയ്ക്കും ഇടയിലുള്ള നിലയിൽ കണ്ണും അടച്ചു് അങ്ങനെ കിടക്കുകയാണു്. അപ്പോൾ അവളുടെ മുറിയുടെ അടുത്തുള്ള മരത്തിൻെറ ഒരു കമ്പു് ഒടിഞ്ഞതുപോലുള്ള ഒരു ശബ്ദം കേട്ടു എന്നു തോന്നി. കൂ

ട്ടാക്കിയില്ല. പിന്നെ ജനലിൽ തന്നെ ആരോ തട്ടുന്നതുപോലെ തോന്നി. ഉറക്കം വന്നു തുടങ്ങിയതുകൊണ്ടു് ആ ശബ്ദവും അല്പം ശല്യപ്പെടുത്തിയതല്ലാതെ വലിയ അസുഖമുണ്ടാക്കിയില്ല. അല്പം കഴിഞ്ഞപ്പോൾ മുറിയിൽ കൂടി ആരോ നടന്നു വരുന്നതുപോലെ ഒരു തോന്നൽ. റോസ്ലിനി ഞെട്ടി ഉണർന്നു. കണ്ണു തുറന്നു. മുറിയിൽ ഉണ്ടായിരുന്ന പ്രകാശം വളരെ കുറവുള്ള വിളക്കിൻെറ വെളിച്ചത്തിൽ കാണാം ആരൊ അവൾ കിടക്കുന്ന ഭാഗത്തേക്കു വരുന്നതു്. ഉത്തരക്ഷണത്തിൽ റോസ്ലിനി അറിയാതെ തന്നെ ഒന്നു നിലവിളിച്ചു. അപ്പോഴേക്കു മുറിയിൽ പ്രവേശിച്ച ആൾ വിളക്കിനും റോസ്ലിനിയുടെ കട്ടിലിനും അടുക്കൽ എത്തി. റോസ്ലിനി ഭയാക്രാന്ത ആയി. പിന്നീടു നിലവിളിക്കുന്നതിനുപോലും അവൾ അശക്തയായി. നാവു പൊങ്ങുകയില്ല.

എങ്കിലും അവളുടെ ബുദ്ധി മന്ദിച്ചില്ല. അവളെ സമീപിച്ചതു് എന്തോ ഒരു ജന്തുവാണു്. മനുഷ്യനും കുരങ്ങിനും ഇടയ്ക്കുള്ള എന്തോ ഒന്നു ഒരു മനുഷ്യസ്ത്രീയുടെ ലക്ഷണങ്ങൾ ചിലതുണ്ടു്. അതോടൊപ്പം തന്നെ ഒരു ആൾക്കുരങ്ങിൻെറ അതിവികൃത രൂപവും. സ്ത്രീകൾ ധരിക്കുന്ന തരം വസ്ത്രങ്ങൾ കുറെ എല്ലാം ഉണ്ടു്. അവ കീറിപ്പറിഞ്ഞു കിടക്കുന്നു. അപ്രകൃതമായ ആ ആകൃതിയും പ്രകൃതിയും റോസ്ലിനിയെ ഭയപ്പെടുത്തിയതിൽ പതിന്മടങ്ങു ഭയം അവളിൽ ഉളവാക്കി ആ ജന്തുവിൻെറ മുഖത്തു പ്രത്യക്ഷപ്പെട്ട ക്രോധവും വിദ്വേഷവും.

ആ ജന്തു ഇരുമ്പു പലകപോലും വലിച്ചു കീറുന്നതിനു വേണ്ട ശക്തിയുണ്ടെന്നു തോന്നുന്ന കൈകളും വിരലുകളും നീട്ടിക്കൊണ്ടു റോസ്ലിനിയെ പിടിക്കാൻ അടുത്തു. വിരലുകളിൽ ഓരോന്നിലും ഉള്ള കൂത്തുനീണ്ട നഖങ്ങളിൽ ഒന്നു മതി അവളുടെ കഥ കഴിക്കാൻ.

ഭാഗ്യവശാൽ അതു റോഷ്ണിയോടു വളരെ അടുക്കുന്നതിനു മുമ്പ് അവിടെ ഒരു കതക് പെട്ടെന്നു തുറക്കപ്പെട്ടു. ബലമായി തള്ളിത്തുറന്നതുകൊണ്ട് കതകു പലകകൾ ഭിത്തിയിൽ ചെന്നടിച്ചു വലിയ ശബ്ദം പുറപ്പെടുവിച്ചു. ആ ജന്തു ആ വശത്തേക്കു തിരിഞ്ഞതും വാതിൽ തള്ളി തുറന്ന് ഒരു വൃദ്ധ മുറിയിൽ കടന്നതും ഒരുമിച്ചായിരുന്നു. ആ ജന്തുവിന്റെ കൈകൾ വൃദ്ധയുടെ കഴുത്തിൽ വീണു "ഗളാ...ഗളാ...." എന്നൊരു ശബ്ദം. വൃദ്ധയുടെ മൃതശരീരം നിലം പതിച്ചു. കൂർത്ത നഖങ്ങൾ കഴുത്തിൽ തറച്ചു കേററി പുറത്തേക്കു വലിച്ചെടുത്ത കുരവള്ളിയിൽ നിന്നും മുറിവിൽനിന്നും പുറപ്പെട്ട രക്തം അവിടെല്ലാം വീണു പരന്നു.

റോഷ്ണിയുടെ നിലവിളിയെ തുടർന്നു അവളുടെ മുറിയിൽ നിന്നു പുറപ്പെട്ട ശബ്ദങ്ങൾ അടുത്ത വീട്ടിൽ ഉണ്ടായിരുന്ന മററുള്ള ആളുകളും കേട്ടു. എല്ലാവരും അവിടേക്കു ഓടി. തട്ടിൽ വീണുകിടന്ന വൃദ്ധയായ ഭൃത്യയെ അവർ താങ്ങി എഴുന്നേല്പിച്ചു. "രക്ഷിക്കു"ന്നതിനാണ് ആദ്യം ശ്രമിച്ചത്. ആ ധൃതിക്കിടയിൽ ജനൽ വഴി മരത്തിൽ കൂടി പുറത്തു കടന്നു രക്ഷപെടുന്നതിനു നളിനിക്കു—വാനരമായിക്കൊണ്ടിരുന്ന നളിനിയാണു റോഷ്ണിയുടെ മുറിയിൽ കടന്നു കലാപമുണ്ടാക്കിയതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ—അവസരം ലഭിച്ചു. അവൾക്കു പരിചിതമായിരുന്ന ഏക സങ്കേതം ഇന്ദ്രന്റെ ആസ്പത്രി മാത്രമാണ്. നളിനി അല്ലെങ്കിൽ കോഹിനൂർ അവിടേക്കു അതിവേഗം ഓടി. ഇന്ദ്രൻ അപ്പോഴും ഉറങ്ങിയിട്ടില്ല. അയാളുടെ ജീവിതശ്വാസമാണല്ലോ ഗവേഷണം. കുരങ്ങിനെ മനുഷ്യനായി രൂപാന്തരപ്പെടുത്തിക്കഴിഞ്ഞതുകൊണ്ടും മതിയായില്ല. എന്തോ പുതിയ പരീക്ഷണം നടത്തിക്കൊണ്ടിരിക്കുമ്പോഴാണു നളിനി അയാളുടെ രഹസ്യഅറയിൽ കടന്നു ചെന്നത്.

കിറിപ്പറിഞ്ഞ നിണമണിഞ്ഞ വസ്ത്രങ്ങൾ ധരിച്ച മനുഷ്യനും അല്ല കുരങ്ങും അല്ലാത്ത ആ ജന്തു, കോഹിനൂർ—നളിനി അടുത്തു വന്നപ്പോൾ ഇന്ദ്രനു അതിയായ കോപമാണുണ്ടായതു്. അയാൾ വളരെക്കാലം ഉറക്കമിളച്ചും കഷ്ടപ്പെട്ടും ഗവേഷണ പരീക്ഷണങ്ങൾ നടത്തിയതു് വിജയിച്ചു എന്നു പരിപൂർണ്ണമായി വിശ്വസിച്ചിരിക്കവെ തോൽവി വിളിച്ചറിയിച്ചുകൊണ്ടു കോഹിനൂർ-നളിനി-കേറിച്ചെന്നപ്പോൾ കോപം ഉണ്ടായതൽ അത്ഭുതപ്പെടാനില്ലല്ലൊ. അയാളുടെ കണ്ണുകൾക്കു ശിവന്റെ മൂന്നാം തൃക്കണ്ണിന്റെ ശക്തി ഉണ്ടായിരുന്നു എങ്കിൽ ആ വാനരനാരി ആ ക്ഷണം ചാമ്പലായി അയാളുടെ ഗവേഷണഫലം പരിപൂർണ്ണമായി നഷ്ടപ്പെട്ടു പോകുമായിരുന്നു.

ഇന്ദ്രൻ പറഞ്ഞു "ഞാൻ എത്രമാത്രം കഷ്ടപ്പെട്ടാണു് നിന്നെ ഒരു നിലയിൽ എത്തിച്ചതെന്നു് അറിയാമോ? എന്നെ വളരെക്കാലം വിശ്വസ്തതയോടെ സേവിച്ച സുഷമയെ ബലികഴിച്ചു നിനക്കു ഗ്രഹണശക്തിയും തന്നു. നിന്റെ അധമമായ മോഹവും വികാരങ്ങളും അതെല്ലാം ഫലശൂന്യമാക്കി. ഞാൻ ശസ്ത്രക്രിയ മൂലം നിനക്കു തന്ന ഗുണങ്ങൾ വേരുറയ്ക്കുന്നതിനുമുമ്പു ഒരു പുരുഷനെ കണ്ടു ഇളകി എല്ലാം കളഞ്ഞു കുളിച്ചു. നീ തുലഞ്ഞാലും എനിക്കു് ഒരു വിരോധവുമില്ല, സങ്കടവുമില്ല. എന്നാൽ എന്റെ ശ്രമമെല്ലാം വിഫലമാക്കാൻ ഒരുക്കമില്ല. നിന്നെ രക്ഷിക്കണമെങ്കിൽ-എന്റെ പ്രവൎത്തനം അപജയപ്പെടാതിരിക്കണമെങ്കിൽ—ഒരു നരബലികൂടി കഴിക്കേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. മററു മാൎഗ്ഗം ഒന്നും ഇല്ലാത്തതുകൊണ്ടു അതിനു പുറപ്പെടുക തന്നെ."

നളിനിയോടായി ആരംഭിച്ചു് ആത്മഗതത്തിൽ അവസാനിച്ച സംഭാഷണമൊ ആലോചനയൊ തീ

ന്ന ഉടൻ തന്നെ ഇന്ദ്രൻ, അയാളുടെ ഗവേഷണ കേന്ദ്രത്തിലുള്ളതും, ആർക്കും തന്നെ പ്രവേശനം ഇല്ലാത്തതുമായ ഭാഗത്തുള്ള ഒരു മുറിയിൽ നളിനിയെ ആക്കി വാതിൽ പൂട്ടി. താക്കോൽ പോക്കററിലും ഇട്ടു. നളിനി കയറിച്ചെന്നില്ലായിരുന്നു എങ്കിൽ ഇന്ദ്രൻ വെളുക്കുന്നതുവരെ ഭൃതകൂട്ടങ്ങളോടിയും കരുക്കളുമായി അവിടെ ഇരിക്കുക അല്ലാതെ ഉറങ്ങണമെന്ന് ഓർക്കുക പോലും ഇല്ലായിരുന്നു. നളിനിയുടെ ആഗമനം വളരെ ക്ഷോഭിപ്പിച്ചതു കൊണ്ടായിരിക്കാം, അയാൾ പരിക്ഷണം എല്ലാം നിറുത്തി വച്ചശേഷം കിടക്കറയിൽ പോയി കിടന്നു. കിടന്ന ക്ഷണത്തിൽ ഉറക്കവും ആയി!

പിറേറന്നാൾ രാവിലെ ഉണർന്നപ്പോൾ, നളിനിയുടെ കാര്യം ഇന്ദ്രൻ മറന്നിരുന്നില്ല. രാവിലെ തന്നെ അവൾ വരുത്തിയ കുഴപ്പം പരിഹരിക്കാനുള്ള മാർഗ്ഗം തേടി തുടങ്ങി. റോസ്ലിയുടെ സഹോദരി ലളിതയിൽ നിന്നു ആദ്യത്തെ ശസ്ത്രക്രിയ നടത്തിയ അവസരത്തിൽ, നരജീവശക്തി കോഹിനൂറിനു കൊടുത്താണല്ലോ അവളെ നാരി ആക്കിയതു്. അയാൾ ഇപ്പോൾ തീർച്ചപ്പെടുത്തിയിരിക്കുന്നതു്, ലളിതയെ ബലികഴിച്ചു് നളിനിയെ രക്ഷിക്കുന്നതിനാണു്. ലളിത, അന്നത്തെ ശസ്ത്രക്രിയയ്ക്കു ശേഷം ഇതേവരെ ആസ്പത്രിയിൽ നിന്നു പോയിട്ടില്ല. അവളുടെ ക്ഷീണം മാറി വരുന്നതെയുള്ളു. അതിൻെറ കാരണം എന്താണെന്നു ഇന്ദ്രൻ ആ യുവതിയെയൊ അവളുടെ ആളുകളെയൊ ധരിപ്പിച്ചിരുന്നുമില്ല എന്നു പറയേണ്ടതില്ലല്ലൊ.

ഇന്ദ്രൻ രാവിലെതന്നെ ലളിതയെ താമസിപ്പിച്ചിരുന്ന ആസ്പത്രി മുറിയിൽ ചെന്നു. അവളുടെ രോഗവിവരങ്ങളും സുഖവർത്തമാനങ്ങളും എല്ലാം അതിയായ താല്പര്യത്തോടുകൂടി അന്വേഷിച്ചു. ലളിതയുടെ രോഗ

വിവരം എല്ലാം മനസ്സിലാക്കിക്കഴിഞ്ഞു എന്ന ഭാവത്തിൽ ഇന്ദ്രൻ എണീററു മുറിക്കു പുറത്തേക്കു ഇറങ്ങി. അതിനു ശേഷം തിരിഞ്ഞു നിന്ന് "ഒരു ചെറിയ ഓപ്പറേഷൻ കൂടി വേണം. തീരെ സാരമില്ല. അതോടുകൂടി എല്ലാം ശരിപ്പെട്ടും. ഭയപ്പെടാനൊന്നുമില്ല. കേട്ടോ," എന്നിങ്ങനെ പുഞ്ചിരി തൂകിക്കൊണ്ടു് പറഞ്ഞു.

"ഭയപ്പെടാനൊന്നുമില്ല. സാരമില്ല" എന്നു പുഞ്ചിരിയോടുകൂടിയാണ് ഡോക്ടർ പറഞ്ഞതെങ്കിലും, ഒരു ഓപ്പറേഷൻ കൂടി വേണം എന്നു കേട്ടപ്പോൾ ലളിത ഭയംകൊണ്ടു് ഞെട്ടി. ആദ്യത്തെ ഓപ്പറേഷൻ കഴിഞ്ഞു കുറേ അധികദിവസം അതികഠിനമായ ക്ഷീണവും അസുഖവും ഉണ്ടായതും, എല്ലാം കഴിഞ്ഞു വന്നപ്പോൾ രോഗം പഴയനിലയിൽ തന്നെ നിന്നതും ലളിത ഓർത്തു. മാത്രമല്ല രണ്ടാമത് ഒരു ഓപ്പറേഷൻ ആവശ്യമില്ലെന്നും കുറെ ദിവസം വിശ്രമിക്കയും മരുന്നു കുടിക്കയും ചെയ്യാൽ മതി എന്നും ഡോക്ടർ ലളിതയോടും അവളുടെ സഹോദരി റോഷ്ണിയോടും പലപ്പോൾ പറഞ്ഞിട്ടുമുണ്ടായിരുന്നു. പിന്നെന്താണ് ഇപ്പോൾ, രോഗലക്ഷണങ്ങൾക്കു പറയത്തക്ക മാററങ്ങൾ ഒന്നും ഉണ്ടാകാതിരുന്നിട്ടും ഓപ്പറേഷൻ വേണമെന്നു ഡോക്ടർ വിധിക്കാൻ കാരണം എന്നായിരുന്നു ലളിതയുടെ ആലോചന. അതിൽ എന്തോ എവിടെയോ കുഴപ്പം ഉണ്ടെന്നു അവൾ ഭയപ്പെട്ടു.

ഡോക്ടർ അവിടെ നിന്നു പോയ ഉടൻതന്നെ ലളിത റോഷ്ണിയെ ടെലിഫോണിൽ വിളിച്ചു.

റോഷ്ണി അവളുടെ പ്രിയൻ സുമുഖനുമായി സംസാരിച്ചുകൊണ്ടിരിക്കയാണ് അപ്പോൾ. നളിനി അപ്രതീക്ഷിതമായ വിധം അപ്രത്യക്ഷയായതുകൊണ്ടു്, അപകടസമ്പൂർണ്ണമായ ആ വിദ്യ—സിംഹങ്ങളെയും

കട്ടവാകളേയും അഴിച്ചു വിട്ടിരിക്കുന്ന കൂട്ടിൽ കേറിയുള്ള കളി—ഉപേക്ഷിക്കണമെന്നു റോഷ്ണി നിർബ്ബന്ധിച്ചു.

സുമുഖൻ-"നളിനി പോയാലും കൊള്ളാം, വന്നാലും കൊള്ളാം സക്കസ് മുറയ്ക്കു നടക്കണം. അതിനു ഒരു കോട്ടവും സംഭവിച്ചു കൂടാ. നാം അട്ടുത്ത കാലത്തു വലിയ ആർഭാടത്തോടുകൂടി ആരംഭിച്ച ഒരു കളി പെട്ടെന്നു നിറുത്തി വച്ചാൽ അതിന്റെ പ്രത്യാഘാതം നാശകരം തന്നെ ആയിരിക്കും. അതിനു നിവൃത്തിയില്ലല്ലൊ. നളിനി ഏതു വഴിക്കായിരിക്കുമൊ പോയതു്? റോഷ്ണിക്കു് എന്തു തോന്നുന്നു?"

റോഷ്ണി-"പ്രത്യാഘാതം എന്തായിരിക്കുമെന്നു് ആലോചിക്കുന്നതോടൊപ്പമൊ അതിൽ കൂടുതലായൊ ചിന്തിക്കേണ്ട മററുകായ്യങ്ങളും ഉണ്ടെന്നു് ഓക്കാതെയാണു് ഈ പറയുന്നതു്."

സുമുഖൻ- "ആ മററു കായ്യങ്ങൾ എന്തെല്ലാമാണെന്നുതന്നെ കേൾക്കട്ടെ ആദ്യമായി?"

റോഷ്ണി-"വാറൻ സക്കസിന്റെ പ്രശസ്തിക്കും, അതിനു ലഭിച്ചിരിക്കുന്ന ജനപ്രീതിക്കും, എത്ര ആർഭാടത്തോടുകൂടിയൊ എത്ര അധികം തമ്പേറടിയോടുകൂടിയൊ ആരംഭിച്ച ഒരു കളി, അപകടസമ്പൂണ്ണമായ ഒരു കളി, വേണ്ടെന്നു വയ്ക്കുന്നതുകൊണ്ടു് എന്തെങ്കിലും ഹാനി സംഭവിക്കും എന്നു് എനിക്കു ഭയമില്ല."

സുമുഖൻ-"സ്ത്രീകളുടെ സ്ഥിതിയും മുഖപ്പട്ട വച്ചു കെട്ടിയ കുതിരയുടെ സ്ഥിതിയും തമ്മിൽ വളരെ സാമ്യമുണ്ടെന്നൊരു സരസൻ പറഞ്ഞതാണു് ഇതു കേട്ടപ്പോൾ ഓമ്മയിൽ വരുന്നതു്."

റോഷ്ണി-"സ്ത്രീകളെ കുതിരകളായൊ കഴുതകളായൊ വണ്ണിച്ചുകൊള്ളണം. എനിക്കു് വിരോധമില്ല. സക്കസ്സ് മാത്രം കാണാവുന്നതരത്തിലുള്ള ഒരു മുഖപ്പ

ട്ട അവിടുന്ന് ധരിച്ചിട്ടില്ലായിരുന്നു എങ്കിൽ ഞാൻ കാണിക്കാൻ ശ്രമിക്കുന്ന വശവും കാണാൻ സാധിക്കുമായിരുന്നു."

സുമുഖൻ—"ശ്രമം തുടന്നാട്ടെ. ഞാൻ കാണാൻ റോഷ്നി ആഗ്രഹിക്കുന്ന വശംകൂടി കാണാൻ കഴിയുമൊ എന്നു നോക്കട്ടെ."

റോഷ്നി—"ആപൽ സമ്പൂർണ്ണമായ ഒരു കളി വേണ്ടെന്നുവച്ചതുകൊണ്ട് പാഠൻസക്സസ്സ് തകരാൻ പോകുന്നില്ല, അത്രയ്ക്കുമാത്രമെ അതിന്റെ നിലയുള്ളുവെന്നും, അത്രയ്ക്കുമാത്രം വിലയെ ജനങ്ങൾ അതിനു കല്പിക്കുന്നുള്ളു എന്ന് ഞാൻ വിചാരിക്കുന്നില്ല. അല്ല, അത്രമാത്രമെ നിലയുള്ളു എങ്കിൽ അതുപോകയാണ് നന്ന്. ഒന്നു തുമ്മിയാൽ പോകുന്ന മൂക്കാണെങ്കിൽ, അതു വച്ചുകൊണ്ടിരിക്കുന്നതെന്തിനാണ്?"

സുമുഖൻ—"അഭിപ്രായ വ്യത്യാസം ഉണ്ടാകാവുന്ന ഒരു സംഗതിയാണത്."

റോഷ്നി—"അഭിപ്രായവ്യത്യാസം ഉണ്ടാകാൻ ഇടയില്ലാത്ത എന്തെങ്കിലും സംഗതി ഈ ഭൂമുഖത്തുണ്ടോ എന്ന് ആലോചിക്കണം. അതുപോകട്ടെ. ഞാൻ പറഞ്ഞു തുടങ്ങിയതു പൂർത്തിയാക്കട്ടെ. പലതരം വന്യമൃഗങ്ങളെ എല്ലാം ഒരേ സമയം അഴിച്ചു വിട്ട് അങ്ങു അവയുടെ ഇടയിൽ കേറി നടക്കുന്ന കളി കണ്ടു പിടിച്ചതാരാണ്?"

സുമുഖൻ—"വന്യമൃഗങ്ങളെ കീഴ്പെടുത്താൻ നളിനിക്ക് എന്തോ ഒരു അത്ഭുതശക്തി ഉണ്ടെന്നു കണ്ടപ്പോൾ എനിക്ക് തോന്നിയതാണ്."

റോഷ്നി—"മററാക്കും അത് തോന്നിയില്ലല്ലോ."

സുമുഖൻ—"മററാക്കും വന്യമൃഗങ്ങളുമായി എന്നെ പോലുള്ള ഇടപോക്കില്ലാത്തതുകൊണ്ടും, നളിനി

യുടെ ശക്തി അവരാരും മനസ്സിലാക്കാഞ്ഞതുകൊണ്ടും, പുതിയതരം കളികൾ കണ്ടുപിടിക്കേണ്ട ചുമതല ഇല്ലാത്തതുകൊണ്ടും അവക്ക് ഇങ്ങനെ ഒരു കളി ആകാമെന്നു തോന്നിയില്ലായിരിക്കാം."

റോഷ്ണി-"ശരി ഞാനും അതു സമ്മതിക്കുന്നു. ജനശ്രദ്ധയെ ആകർഷിക്കുന്നതിന് ഇങ്ങനെ ഒരു വിദ്യ പ്രയോഗിച്ചാൽ പററും എന്നു കണ്ട ആളിന്, വാറൻ സക്സസിൻെറ കീർത്തി വർദ്ധിപ്പിക്കാൻ മററു കളികളും കണ്ടുപിടിക്കാൻ സാധിക്കും. ചുവരില്ലാതെ ചിത്രമെഴുതാൻ പററുമൊ? അതുപോലെ തന്നെ പുതിയ കളികൾ കണ്ടുപിടിക്കാനും അതു നടപ്പിൽ വരുത്തുന്നതിനും ശേഷിയുള്ള ആളില്ലെങ്കിൽ പുതിയ കളി ഉണ്ടാകുമൊ?"

സുമുഖൻ-"ജനങ്ങളെ ഇളക്കാൻ തക്ക ഒരു കളി കണ്ടുപിടിക്കുക അത്ര എളുപ്പമൊന്നുമല്ല."

റോഷ്ണി-"ഒരു കളി കണ്ടുപിടിക്കാൻ എളുപ്പമല്ലെങ്കിൽ അത്തരം പല പല കളികൾ കണ്ടുപിടിച്ചു വിജയകരമായി നടത്താൻ തക്ക സാമർത്ഥ്യവും ശേഷിയും ഉള്ള ആളെ കണ്ടുപിടിക്കാൻ അതിൽ വളരെ അധികം പ്രയാസം വരുകയില്ലെ?"

സുമുഖൻ-"അത്രമാത്രം വിലമതിക്കത്തക്ക ഒരാളാണ് ഞാൻ എന്നാണൊ പറയുന്നത്?"

റോഷ്ണി-"അങ്ങനെ ചോദിക്കുമ്പോൾ ഉത്തരം പറയണമല്ലൊ. സക്സസ്സ് നിൽക്കുകയൊ ഒററക്കാലിൽ നടക്കുകയൊ വീണുപോകതന്നെയൊ ചെയ്താലും ഭയപ്പെടാനൊന്നുമില്ല. കാലക്ഷേപത്തിനു മാർഗ്ഗം ആരായേണ്ട ആവശ്യമില്ലാത്ത നിലയിൽ എത്തിയിട്ടുണ്ട് അച്ഛൻ. അപ്പോൾ ഒരു പ്രത്യേക കളിമാത്രമാണ് വാറൻ സക്സസിൻെറ ജീവൻ സ്ഥിതിചെയ്യു

ന്നതെന്ന് സമ്മതിച്ചാൽ തന്നെയും, ആ കളി ഉപേക്ഷിച്ചതുകൊണ്ടു നമുക്ക് ആപത്തൊന്നും വരാൻ പോകുന്നില്ല. ഇത്രയും പറഞ്ഞതുകൊണ്ട് ചോദ്യത്തിനു ത്തരമായില്ലെന്നു വാദിക്കാം. വിലമതിക്കാൻ പാടില്ലാത്ത ഒരാളാണ് അവിടുന്ന് എന്നാണെൻെറ മതം."

സുമുഖൻ—"നിൻെറ അച്ഛൻ ഒട്ടധികം സമ്പാദിച്ചിട്ടുണ്ടെങ്കിലും എൻെറ കൈയിൽ ഒന്നുമില്ലെന്നറിയരുതോ?"

റോഷ്ണി—"ഞാൻ ഒന്നു പറഞ്ഞുതീർത്തുകൊള്ളട്ടെ. സക്സസ്സ് തകർന്നാലും ഒന്നും വരാനില്ലെന്നു ഞാൻ സ്ഥാപിച്ചുവല്ലോ. അപകടസമ്പൂർണ്ണമായ ഒരു കളി തുടർന്നുനടത്തിവല്ല ആപത്തും വന്നുകൂടി എങ്കിൽ.... അയ്യോ എനിക്ക് ഓർക്കാൻ കൂടി ശക്തിയില്ല. പണം പോകയും വരികയും ചെയ്യും. ആളോ?..."

സ്ത്രീയുടെ ഏററം ശക്തിമത്തും അവൾക്ക് ശരിക്കു സ്വാധീനമുള്ളതും ആയ കണ്ണുനീർ എന്ന ആ ആയുധം റോഷ്ണി പ്രയോഗിച്ചു. സുമുഖൻ വിഷണ്ണനും വിവർണ്ണനുമായി. അവൻ പറഞ്ഞു "റോഷ്ണി കരയാതിരിക്കണം. സാധാരണ യുവതികളെപ്പോലെയല്ല എൻെറ റോഷ്ണി എന്നാണല്ലോ ധരിച്ചിരുന്നത്. റോഷ്ണിക്കിഷ്ടമില്ലാത്ത ആ കളി അടുത്ത ദിവസം പ്രദർശിപ്പിക്കുമെന്ന് പ്രസിദ്ധപ്പെടുത്തിയല്ലോ. അതു കഴിഞ്ഞാൽ പിന്നെ ഒരിക്കലും കളിക്കയില്ല."

ചാറൽമഴ പൊഴിച്ചുകൊണ്ടിരിക്കുന്ന കാർമേഘതിരശ്ശീല മാററി സൂര്യൻ ഒളിഞ്ഞുനോക്കി മാനത്തു മഴവില്ലു പ്രദർശിപ്പിക്കുകയും ലോകത്തിൽ വെയിലും വെളിച്ചവും പരത്തുകയും ചെയ്യുന്നത് ഭംഗിയുള്ളതും സന്തോഷപ്രദവും ആയ കാഴ്ചയാണല്ലോ. റോഷ്ണിയുടെ കണ്ണുനീർകൊണ്ട് നനഞ്ഞ മുഖത്തു പടർന്ന പ

ഞ്ചിരിയും മഴവില്ലിനെയും സൂര്യപ്രകാശത്തെയും വെല്ലാൻ പ്രാപ്തിയുണ്ടെന്നു് സുമുഖൻ വിശ്വസിച്ചു. ആ കളി വേണ്ടെന്നു വയ്ക്കാമെന്നു സമ്മതിച്ചതിൽ എന്തെങ്കിലും കുണ്ഠിതമുണ്ടായിരുന്നു എങ്കിൽ അതു് മാറുകയും ചെയ്തു.

സുമുഖൻ—"അങ്ങനെ എന്നെ ഇഷ്ടരശിൽ അടിയിറക്കി. ഭവതിയുടെ ആ ഇഷ്ടവും എനിക്കിഷ്ടം തന്നെ. എൻെറ ചോദ്യത്തിനുത്തരം കിട്ടിയില്ല."

റോഷ്ണി—"എന്തു ചോദ്യത്തിനുത്തരമാണു് തരാനുള്ളതു്? വിവാഹ ദിവസമോ......"

സുമുഖൻ—"മിസ്റ്റർ വാറൻ നിശ്ചയിക്കുന്ന ദിവസം എന്നു തീർച്ചപ്പെടുത്തി കഴിഞ്ഞതാണല്ലോ. അതല്ല ഞാൻ ചോദിച്ചതു്. ഓർക്കുന്നില്ലേ, നളിനി ഏതു വഴിക്കു പോയിരിക്കും എന്നാണു് റോഷ്ണിക്കു തോന്നുന്നതു് എന്ന ചോദ്യത്തിനാണു് ഉത്തരം കിട്ടേണ്ടതു്."

റോഷ്ണി വളരെ നല്ല കൂട്ടത്തിലാണു്. നല്ല സ്വഭാവം. നല്ല സംസ്കാരം. നല്ല വിദ്യാഭ്യാസം. സൌന്ദര്യം, വിനയം, സ്നേഹം, ആത്മാർത്ഥത എന്നിവ എല്ലാം അവളിൽ ശോഭിക്കുന്നുണ്ടു്. അവൾ പ്രാണനാഥനായി സ്വീകരിച്ചിട്ടുള്ള, അവളുടെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള കാണപ്പെടുന്ന ഈശ്വരനായ സുമുഖനു് വേണ്ടി സ്വയം ബലികഴിക്കുന്നതിനു് പോലും അവൾ മടിക്കയില്ല. എങ്കിലും അവൾ ഒരു സ്ത്രീയാണു്. സ്ത്രീസഹജമായ ബലഹീനതകൾക്കു വശംവദയാണെന്നു് അല്പംമുമ്പു് കണ്ണീർ വാർത്തപ്പോൾ നാം കണ്ടുവല്ലോ. വേറൊരു ബലഹീനതകൂടിയുണ്ടു്. അതു് അവൾക്കും അറിയാം. അതുകൊണ്ടു് അതിനെ പിൻതള്ളാൻ ആത്മാർത്ഥതയോടെ ശ്രമിക്കാറുമുണ്ടു്. പലപ്പോഴും വിജയിക്കാറുമുണ്ടു്. അവളുടെ അതുല്യ നിക്ഷേപ

പമാണ് സുമുഖൻ. മററുള്ള യുവതികൾക്ക് അവ നെ കാണിച്ചുകൊടുക്കുമ്പോൾ അവളുടെ അഭിമാനം വിജ്റംഭിക്കും. എന്നാൽ സുന്ദരികളായ യുവതികൾ അവനെ നോക്കുന്നത് അവൾക്കിഷ്ടമില്ല. അവർ സുമുഖനോടു സ്വാതന്ത്ര്യമായി സംസാരിക്കുന്നത് അ വൾക്ക് സന്തോഷമല്ല. എന്തു കാരണത്താലെങ്കിലും അവരിൽ ആരെങ്കിലും സുമുഖനെ ഒന്നു തൊട്ടാൽ അ പ്പോൾ അവളുടെ ഹൃദയത്തിൽ മുള്ളു തറച്ചു കേറുന്നതു പോലെ തോന്നും റോസ്സിക്ക്. ലോക പ്രസിദ്ധി സി ദ്ധിച്ചിട്ടുള്ള ഒരു സൎക്കസ്സിലെ പ്രധാനിയെ ആരും നോക്കരുത് കാണരുത് അയാളോട് ആരും സംസാരി ക്കരുത് എന്നുവച്ചാൽ സാധിക്കുമൊ? അവളുടെ അ ഭിപ്രായമൊ ആഗ്രഹമൊ ഈ വിധമാണെന്ന് റോ സ്സി ഒരിക്കലും പറഞ്ഞിട്ടില്ല. പറഞ്ഞാൽ അവൾക്കു പിരാന്താണെന്ന് ലോകർ വിധിക്കുമെന്നറിയുകയും ചെയ്യും. സുമുഖൻ വഷളനല്ലെന്ന് അവൾക്കു വി ശ്വാസവുമാണ്. എന്നാലും, ആ ഭയം, സംശയം, ശ ങ്ക അവൾക്കും ജന്മനാ ലഭിച്ചിട്ടുണ്ട്. നളിനിയുമായി സുമുഖൻ അടുത്തു പെരുമാറുന്നത് റോസ്സിക്കു സഹി ക്കാൻ പ്രയാസമായിരുന്നു. കാൎയ്യങ്ങൾ ഈ വിധമാ യിരുന്നതുകൊണ്ട് നളിനി അപ്രത്യക്ഷയായത് സ ന്തോഷകരമല്ലെങ്കിലും, ആശ്വാസകരമായിട്ടാണ് റോ സ്സിക്ക് അനുഭവപ്പെട്ടിരുന്നത്.

സുമുഖൻെറ ചോദ്യത്തിനുത്തരവുമായി അവൾ പറഞ്ഞു "എനിക്കു തോന്നുന്നത് ഞാൻ പറയാം. അങ്ങിനെ തോന്നാൻ കാരണമെന്താണെന്നു ക്രോസ്സ് ചെയ്യാൽ ഞാൻ തോററുപോകയേയുള്ളൂ."

സുമുഖൻ–"ക്രോസ്സ് ചോദിക്കാൻ ഞാൻ വക്കി ലും റോസ്സി സാക്ഷിയുമല്ലല്ലൊ."

റോസ്സി–"അല്ലേ, അല്ല. ചോദിച്ചതിനുത്തരം പ

റയല്ലോ? കഴിഞ്ഞ രാത്രി എൻെറ മുറിയിൽ കേറിവന്ന, മനുഷ്യക്കുരങ്ങിനെ പോലുള്ള ആ പെണ്ണിനെ കണ്ടപ്പോൾ എങ്ങിനെയോ നളിനയെപ്പററിയും കോഹിനൂറിനെപ്പററിയും എനിക്ക് ഓമ്മവന്നു."

സുമുഖൻ–"കോഹിനൂറും നളിനിയും ഒരേതരത്തിൽ അപ്രത്യക്ഷമായതുകൊണ്ട് രണ്ടാളുടെയും കഥ ഒരുമിച്ചും ഓമ്മയിൽ വന്നതായിരിക്കാം."

റോസ്ലി–'എൻെറ മുറിയിൽ കടന്നുവന്ന ആ സത്വത്തിൻെറ ചേഷ്ടകളിൽ ചിലവ കോഹിനൂറിൻെറയും ചിലവ നളിനിയുടെയും ചേഷ്ടകൾ പോലായിരുന്നു എന്ന് തോന്നി.'

സുമുഖൻ–" ഭൂകമ്പത്തെ വെല്ലുന്ന എന്തൊക്കെയോ നടന്ന അല്പനിമിഷങ്ങൾക്കിടയിൽ ഇതെല്ലാം കണ്ടു എന്നാണോ പറയുന്നത്?"

റോസ്ലി–"ഇവയൊന്നും കണ്ടതായി അപ്പോൾ തോന്നിയില്ല. പിന്നീട് ഓമ്മയിൽ ഉദിച്ചുയന്നു വന്നതാണ്. കണ്ണുകൾ കണ്ടു ഉപമനസ്സിൽ രേഖപ്പെടുത്തിവച്ചിരുന്നവയായിരിക്കാം."

സുമുഖൻ–"അങ്ങനെ വന്നുകൂടെന്നില്ല."

റോസ്ലി–"ആ കാര്യങ്ങളെപ്പററി ആലോചിക്കുന്തോറും കോഹിനൂറും നളിനിയും തമ്മിൽ കാര്യമായ ബന്ധമെന്തൊക്കെയോ ഉണ്ടെന്നുള്ള ബോധത്തിന് ശക്തി വദ്ധിക്കയാണു ചെയ്യുന്നത്."

സുമുഖൻ–"അത് നല്ല നേരമ്പോക്കുതന്നെ. കണ്ടാൽ അറയ്ക്കുന്ന കുരങ്ങും, ആരെയും ആകഷിക്കുന്ന സൌന്ദര്യമുള്ള യുവതിയും തമ്മിൽ ബന്ധമുണ്ടെന്ന് തോന്നിയാൽ എന്തുചെയ്യും? മനുഷ്യൻെറ മുത്തച്ഛൻ കുരങ്ങായിരുന്നു എന്നും കുരങ്ങു മൂത്തു മനുഷ്യൻ ആയി എന്നുമുള്ള ഡാർവിൻെറ തിയറിയാണല്ലോ റോസ്ലിയും കൊണ്ടുവരുന്നത്."

റോസ്ലിനി–"ഡാർവിന്റെ തീയറി ശരിയായാലും ഹക്സിലിയുടെ സിദ്ധാന്തം ശരിയായാലും, എന്റെ അഭിപ്രായം ഇതാണ്. ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. അങ്ങയുടെ കാമുകി ആണെന്ന് എന്നോടു പറഞ്ഞു പരിചയപ്പെടുത്തിയ കോഹിനൂർ എവിടെ പോയി. ഒന്നു പറഞ്ഞാട്ടെ."

സുമുഖൻ–"എവിടെ പോയി എന്നോ എവിടെ ഉണ്ടെന്നോ അറിയാമായിരുന്നെങ്കിൽ ഞാൻ അവളെ പിടിച്ചുകൊണ്ടു വരുകയില്ലായിരുന്നോ?"

റോസ്ലിനി–"ഒരു ദിവസം കോഹിനൂർ അപ്രത്യക്ഷയായി. ആവിയായി പോകുന്ന സാധനമല്ല. ആക്കെങ്കിലും പോക്കററിൽ ഇട്ടുകൊണ്ടു പോകാൻ പററിയതുമല്ല. എന്നിട്ടും പോയി. പിന്നൊരു ദിവസം ഇതാ വരുന്നു ഒരു പെണ്ണ്. ത്രിലോക സുന്ദരി. എന്നാൽ സിംഹത്തിനുപോലും പേടിയുമാണ്. അവളെയും നിന്നനില്പിൽ കാണാതായി. ഇവയിലെന്തിനെങ്കിലും ശരിയായ ഒരു ന്യായമോ സമാധാനമോ പറയാനുണ്ടോ? ഒന്നുമില്ല. 'ആണ്ടെപോയി കണ്ടില്ല' എന്നു കൊച്ചുകുട്ടികൾ പറയുന്നതു പോലല്ലേ? ഇങ്ങനെയാണ് എനിക്കു തോന്നിയിട്ടുള്ളതു്. അതു ശരിയാണെന്ന് എന്റെ മനസ്സ് ഉറപ്പിച്ചുറപ്പിച്ചു കാണിക്കയും ചെയ്യുന്നു."

സുമുഖൻ–"മനുഷ്യരുടെ മനസ്സ് എന്തെല്ലാം കാണിക്കും, എന്തെല്ലാം തോന്നിക്കും" എന്നു പറഞ്ഞിട്ടു മുറിയിൽ നിന്നു പുറത്തേക്കു ഇറങ്ങി.

"വെറും തോന്നലാണൊ, എന്തൊ" എന്നുള്ള റോസ്ലിനിയുടെ മറുപടി പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ ടെലിഫോണിൽ മണി അടിച്ചു.

റോസ്ലിനി ടെലിഫോൺ റിസീവർ കൈയിൽ എടുത്തു.

"ലളിതയാണു് സംസാരിക്കുന്നതു്, അക്കാ ഇനിയും ഒരു ഓപ്പറേഷൻകൂടി വേണമെന്നു് പറഞ്ഞു് അവർ ഒരു....കു ..."

ലളിത പരിഭ്രാന്തയായിട്ടാണു് സംസാരിച്ചതെന്നു അവളുടെ ശബ്ദവും ഉച്ചാരണരീതിയും വ്യക്തമാക്കുന്നുണ്ടായിരുന്നു. അവൾക്കു പറയാനുണ്ടായിരുന്നതു മുഴുവൻ പറഞ്ഞുതീക്കുന്നതിനവസരം കിട്ടിയില്ല. ആരൊ ലളിതയെ പിടിച്ചുമാററുകയൊ ടെലഫോൺ അവളുടെ കൈയിൽ നിന്നു പിടിച്ചെടുക്കയൊ ചെയ്യുതുകൊണ്ടായിരിക്കണം സംസാരം പൂത്തി ആകുന്നതിനു മുമ്പു പെട്ടെന്നു നിലച്ചുപോയതു്. അപകടസമ്പൂണ്ണമായ സക്കസ്സ്ഫീറഡ് ഉപേക്ഷിക്കുന്നതിനു സുമുഖനോടു റോസ്ലി ആവശ്യപ്പെട്ടതു പല ദിവസം മനം ഉരുക്കിയ ശേഷമാണു്. അയാൾ അവളുടെ അഭിപ്രായം ആദരിച്ചു് ആ കളി വേണ്ടെന്നു വയ്ക്കാമെന്നു സമ്മതിച്ചു എങ്കിലും, അതു് ഒരിക്കൽകൂടി പ്രദശിപ്പിക്കാതെ തരമില്ല എന്നാണല്ലൊ പറഞ്ഞതു്. സുമുഖനുമായുള്ള സംഭാഷണത്തിൽ കരയൽ നിത്തിയശേഷം അല്പം ചില നേരമ്പോക്കുകളും ചില്ലറ ചില തമാശവാദങ്ങളും റോസ്ലിയുടെ നാവിൽ നിന്നു പുറപ്പെട്ടെങ്കിലും, അപ്പോഴും അവളുടെ ഹൃദയം വെന്തുനീറിക്കൊണ്ടാണിരുന്നതു്. അപകടം സംഭവിക്കുന്നതിനധിക സമയം വേണമെന്നില്ലല്ലൊ. ആ ഒരു കളിക്കു സിംഹവും കടുവായും ഒക്കെ ഇറങ്ങുമ്പോൾ അവയ്ക്കു സുമുഖനെ ആക്രമിക്കരുതോ? ആക്രമിച്ചു എന്നു വരുന്നതിനുമല്ല എളുപ്പം! കാമുകനുമായി സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ തന്നെ ഈവിധം ഓത്തോത്തു മനം കലക്കിക്കൊണ്ടിരുന്ന റോസ്ലിക്കു, ലളിതയുടെ ടെലിഫോൺ വിളിയും, അതിൻെറ പെട്ടെന്നുള്ള നിലയ്ക്കലും കൂനിന്മേൽ കുരു എന്ന തരത്തിലാണു് അനുഭവപ്പെട്ടതു്. അവൾ

ഇന്ദ്രൻെറ ആസ്പത്രിയുടെ ടെലിഫോൺ നമ്പർ ഡയൽ ചെയ്തു. ആരും ശ്രദ്ധിക്കുന്നില്ല. വീണ്ടും ഡയൽ ചെയ്തു. ഫലമില്ല. നാലാറു പ്രാവശ്യം ഡയൽ ചെയ്തു. ഇന്ദ്രൻെറ ടെലിഫോണിനു കേടുപററിയതൊ, അതിൽ മററാരോടൊ സംസാരിക്കുന്നതുകൊണ്ടോ അല്ല അവളുടെ ശ്രമം വിഫലമായതെന്ന്, മണി അടിക്കുന്നതു കേൾക്കുന്നതുകൊണ്ടു മനസ്സിലാക്കാമായിരുന്നു. ഫലശൂന്യമായ ഓരോ ശ്രമവും റോസ്ലിയുടെ ഉൽക്കണ്ഠയെ വർദ്ധിപ്പിച്ചു. ടെലിഫോണിൽ വിളിച്ചു ചോദിച്ച് കാര്യം മനസ്സിലാക്കാമെന്നു വച്ചു ഇനി സമയം കളയുന്നതു അബദ്ധമാണെന്നു നിശ്ചയമായി. അവൾ അതിവേഗം ഇന്ദ്രൻെറ ആസ്പത്രിയിലേക്കു പുറപ്പെട്ടു. വാറൻെറ വസതിയും ഇന്ദ്രൻെറ ആസ്പത്രിയും തമ്മിലുള്ള അകലം തുഛമായിരുന്നെങ്കിലും, അവിടെ എത്താൻ ഒട്ടധികം സമയം വേണ്ടിവരുന്നു എന്നു റോസ്ലിക്കു തോന്നി. മനസ്സിൻെറ ഗതിവേഗമനുസരിച്ചു പാദങ്ങൾ ചരിക്കുകയില്ലല്ലൊ എന്നവൾ വ്യസനിച്ചു. റോസ്ലി നടന്നും ഓടിയും ഇന്ദ്രൻെറ ആസ്പത്രിയിൽ എത്തി.

ആസ്പത്രിക്കെട്ടിടത്തിൻെറ കവാടം തുറന്നു കിടക്കുന്നു. അവിടെങ്ങും ആരേയും കാണാനില്ല. റോസ്ലി അകത്തു കടന്ന് ഇന്ദ്രൻെറ ആഫീസ് മുറിയിലേക്കു പോയി, അവിടെയും ഇല്ല ആരും തന്നെ. അപ്പോഴാണ് സുഷമയെ കുറെ ദിവസങ്ങളായിട്ടു കാണുന്നില്ലല്ലൊ എന്നുള്ള ഓർമ്മ റോസ്ലിക്കു ഉണ്ടായതു്. റോസ്ലി ഇന്ദ്രൻെറ ഗവേഷണശാല വരെ ചെന്നു. അവിടെയും ഇല്ല ഒരു മനുഷ്യനും. ഇനി എന്താണു് വേണ്ടതെന്ന് ആലോചിച്ചു നില്ക്കുമ്പോൾ അവളുടെ പിമ്പിൽ എന്തോ ഒരു ശബ്ദം കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ അതാ ഡോക്ടർ ഇന്ദ്രൻ. ഒരു ശസ്ത്രക്രിയയ്ക്കു ഒരു

ങ്ങി നില്ക്കുകയാണെന്നു അയാളുടെ വേഷം തെളിയിക്കുന്നുണ്ട്. ഇന്ദ്രൻ പുറത്തേക്കു ഇറങ്ങി വന്ന വാതിൽ അതിനു മുമ്പു റോസ്ലിനി കണ്ടിട്ടുണ്ടായിരുന്നില്ല. അവിടെ അങ്ങിനെ ഒരു വാതിൽ ഉണ്ടെന്നും ആരും അറിയരുതെന്നു കരുതി തന്നെ ക്രമപ്പെടുത്തിയിരുന്നതാണെന്ന്, ഇന്ദ്രൻ ആ വാതിൽ അടച്ചപ്പോൾ റോസ്ലിനിക്കു മനസ്സിലായി. അതു് അല്പം സംശയാസ്പദമായും അവൾക്കു തോന്നി. ഇന്ദ്രൻെറ മുഖത്തു എന്തൊ ഒരു പരിഭ്രമത്തിൻെറ ഛായ സ്ഫുരിക്കുന്നതായി കണ്ടു. അതു് സംശയത്തിൻെറ ശക്തി വൎദ്ധിപ്പിച്ചു.

റോസ്ലിനി ചോദിച്ചു-“ഡോക്ടരേ, എൻെറ അനുജത്തിയെ ഇവിടെങ്ങും കാണുന്നില്ലല്ലോ. അവൾ എവിടെയാണ്? എന്തൊ ഒരു ഓപ്പറേഷൻ ചെയ്യാൻ ഡോക്ടർ ഉദ്ദേശിക്കുന്നു എന്നു കേട്ടു. ഇതേ വരെ അക്കാൎയ്യത്തെപ്പററി ഞങ്ങളോടൊന്നും പറഞ്ഞിരുന്നില്ലല്ലോ. എന്താണ് ഇതൊക്കെ?”

ഇന്ദ്രൻ റോസ്ലിനിയെ ശാന്തപ്പെടുത്തുന്നതിന് നന്നായി ഒരു പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു “പരിഭ്രമിക്കാൻ യാതൊന്നുമില്ല. ഈ സമയത്തു വന്നതു വളരെ നന്നായി. വരണം നമുക്ക് അകത്തേക്കു പോകാം.”

ഇന്ദ്രൻ റോസ്ലിനിയേയും കൂട്ടിക്കൊണ്ടു് അയാളുടെ ഗവേഷണശാലയുടെ പിൻഭാഗത്തുള്ളതും ആൎക്കും തന്നെ പ്രവേശനം അനുവദിച്ചിട്ടില്ലാത്തതുമായ ഭാഗത്തേയ്ക്കു പുറപ്പെട്ടു് ഒന്നുരണ്ടു് മുറികളിൽ കൂടി കടന്ന് ഒട്ടധികം യന്ത്രസാമഗ്രികൾ എല്ലാം ക്രമപ്പെടുത്തി വച്ചിട്ടുള്ള ഒരു മുറിയിൽ എത്തി

ഇന്ദ്രൻ തിരിഞ്ഞു നിന്ന് റോസ്ലിനിയോടു പറഞ്ഞു “ഞാനല്ലാതെ മറെറാരു മനുഷ്യനും ഇതേവരെ കണ്ടിട്ടില്ലാത്ത ഒരു അത്ഭുതസംഭവത്തിന് ദൃക്സാക്ഷിയാ

കാൻ പോകയാണ് റോഷ്ണി. ഒരു മൃഗം മനുഷ്യനായി രൂപാന്തരപ്പെടുന്നതു് ഞാൻ ഇപ്പോൾ കാണിച്ചു തരാം.”

ഇന്ദ്രന്റെ സംസാരവും മുഖഭാവവും റോഷ്ണിയിൽ ഭീതി ഉളവാക്കി. അയാൾക്കു ബുദ്ധിഭ്രമം ഉണ്ടായോ എന്നും അവളെ ഉപദ്രവിക്കുമോ എന്നും യുവതി ഭയപ്പെടാതിരുന്നില്ല. മുകളിൽ പറഞ്ഞവിധം സംസാരിച്ചതോടൊപ്പം ഇന്ദ്രൻ റോഷ്ണിയുടെ അടുക്കലേക്കു അടുക്കയും കൂടി ചെയ്തപ്പോൾ ആ ഭയം വർദ്ധിച്ചു. അവൾ ഞെട്ടി പുറകോട്ടു മാറി. അപ്പോൾ ഉണ്ടായ അതിഭയങ്കരമായ ഒരു മിന്നലും, ചെവിക്കല്ലു തകർക്കാൻ പര്യാപ്തമായ ഒരു ഇടിയുടെ ഭയങ്കര ശബ്ദവും പൈശാചികമായ എന്തിന്റേയോ മുന്നോടിയാണെന്നു റോഷ്ണിക്കു തോന്നി.

---

## അദ്ധ്യായം 8.

ഇന്ദ്രൻ എന്തോ അസാധാരണമായി വികാരങ്ങൾക്കു അടിമപ്പെട്ടിരിക്കുന്നു എന്നു് അയാളുടെ മുഖഭാവം വിളിച്ചു പറയുന്നുണ്ടു്.

അയാൾ പറഞ്ഞു “റോഷ്ണി അത്ഭുതകരമായ ആ മാററത്തിനു ദൃക്സാക്ഷി മാത്രമായിരിക്കയില്ല. അതിൽ ഭാഗഭാക്കാകാനും അവസരം ഞാൻ തരാം. നിങ്ങൾക്കു നല്ലൊരു തലച്ചോറാണുള്ളതു്. കേവലം മാനുഷികമായ വികാരങ്ങൾ അതീതമായിരിക്കുന്നതിനു തക്ക ശക്തി അതിനുണ്ടെന്നാണു് എന്റെ ബോദ്ധ്യം. ആ തലച്ചോറു്, ശസ്ത്രക്രിയമൂലം, മനുഷ്യവർഗ്ഗത്തിലേക്കു ഞാൻ ചേർക്കുന്ന മൃഗത്തിനു് കൊടുത്താൽ എന്റെ ശ്രമം പരിപൂർണ്ണവിജയത്തിൽ എത്തും. അതിനാണു് ഞാൻ തുനിയുന്നതു്.”

എന്തിനായി സ്നേഹിക്കണമെന്നും എന്തിന് ദ്വേഷി ക്കണമെന്നും മൃഗങ്ങൾക്കറിഞ്ഞുകൂടാ. അവയുടെ സ്ഥിതി അതാണെന്നെനിക്കും നിശ്ചയമില്ലായിരുന്നു. കോഹിനൂർ എന്നെ പഠിപ്പിച്ചു. ഞാൻ പഠിച്ചതെല്ലാം ഉപയോഗപ്പെടുത്തി, കേവലം ഒരു മൃഗമായിരുന്ന കോഹിനൂറിനെ, ജീവികളുടെ എല്ലാം രാജത്വമുള്ള മനുഷ്യവർഗ്ഗത്തിലേക്കുയർത്തിയതിന് കൃതജ്ഞത ഉണ്ടായിരിക്കുന്നതിന് പകരം, എന്നോടു അതിരില്ലാത്ത ദ്വേഷമാണ് ഈ കുരങ്ങിനുള്ളത്. മനുഷ്യവർഗ്ഗത്തിലേക്ക് ഉയർത്തുകമാത്രമാണോ ഞാൻ ചെയ്തത്? മനുഷ്യസ്ത്രീകളിൽ ആർക്കും അസൂയതോന്നത്തക്ക സൌന്ദര്യമുള്ള ഒരു അതിസുന്ദരിയായി ഞാൻ വെറും കാടൻ കുരങ്ങായിരുന്ന കോഹിനൂറിനെ ഉയർത്തി. റോഷ്ണിക്കുതന്നെ അസൂയ ഉണ്ടാക്കിയില്ലേ നളിനിയുടെ സൌന്ദര്യം? അവൾ സുമുഖനുമായി അടുത്തു പെരുമാറുന്നത് ആശങ്കക്കു ഇടനൾകിയില്ലേ....?"

സഹോദരിയെ ആപൽ ഗർത്തത്തിൽനിന്നു രക്ഷിക്കാനുള്ള വെമ്പൽ കാരണം ഇന്ദ്രൻെറ പ്രസംഗത്തിൻെറ ആദ്യഭാഗമൊന്നും റോഷ്ണി ശരിക്കു മനസ്സിലാക്കിയില്ല. കോഹിനൂറിനെ നളിനിയായി രൂപാന്തരപ്പെടുത്തി എന്നു സൂചിപ്പിക്കയും, നളിനിയും സുമുഖനുമായുള്ള സഹകരണത്തെപ്പറ്റി ഊന്നിപ്പറയുകയും ചെയ്യുമ്പോൾ, റോഷ്ണിയുടെ ശ്രദ്ധ ഇന്ദ്രൻെറ പ്രസംഗത്തിൽ പൂർണ്ണമായി കേന്ദ്രീകരിക്കപ്പെട്ടു. ലളിതയുടെ കാര്യം അവൾ അല്പസമയത്തേക്കു മറന്നുതന്നെ പോയി എന്നു പറയാം. റോഷ്ണി അറിയാതെ തന്നെ ചോദിച്ചുപോയി "കോഹിനൂറിനെ ഉയർത്തി എന്നോ? എവിടേക്ക്? നളിനിയുടെ അസാധാരണ സൌന്ദര്യവും കോഹിനൂറും തമ്മിലുള്ള ബന്ധമെന്താണ്?"

ഇന്ദ്രൻ- "അക്കഥയൊന്നും അറിഞ്ഞുകൂടെന്നോണൊ? ഊഹിച്ചതുമില്ലേ? എന്നാൽ ഞാൻ പറഞ്ഞുതരാം. ഓപ്പറേഷൻ സമയമായി എങ്കിലും അതിനാവശ്യമായ പശ്ചാത്തലം മനസ്സിലാക്കി തന്നതിന് ശേഷമായാലും അപകടം ഒന്നുമുണ്ടാകാൻ പോകുന്നില്ല. റോഷ്ണിയുടെ ബുദ്ധിയുടെ ഇരിപ്പിടം കൂടി പ്രയോജനപ്പെടുത്താൻ ഞാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞതുകൊണ്ട് എല്ലാവിവരങ്ങളും ധരിച്ചിരിക്കുന്നത് നന്നാണ്. മനുഷ്യനും കുരങ്ങും തമ്മിൽ സാരാംശത്തിൽ വ്യത്യാസമില്ലെന്ന് ഞാൻ നടത്തിയ ഗവേഷണങ്ങൾ തെളിയിച്ചു. മാനസികമായി അല്പം പുരോഗതിയും ശാരീരികമായി ചില മാററങ്ങളും കുരങ്ങിനുണ്ടായാൽ അത് മനുഷ്യന്റെ നിലയിൽ എത്തിച്ചേരുമെന്ന് പല ശാസ്ത്രജ്ഞന്മാരും മനസ്സിലാക്കിയിട്ടുള്ളതാണ്. ഞാനും വളരെ കാലത്തെ ഗവേഷണം കൊണ്ട് അവരെല്ലാം മുമ്പുതന്നെ എത്തിയ സ്ഥാനത്ത് വലിഞ്ഞിഴഞ്ഞ് എത്തിച്ചേർന്നു എന്നേയുള്ളു. അത് എന്റെ അഭിമാനത്തിന് കുറച്ചു ക്ഷതം ഉണ്ടാക്കി. അങ്ങിനെയാണ്, മുമ്പാരും തന്നെ ചരിച്ചിട്ടില്ലാത്ത, ചരിക്കുന്നതിനു ധൈര്യപ്പെട്ടിട്ടില്ലാത്ത മാർഗ്ഗത്തിലൂടെ മുമ്പോട്ടു പോകാൻ എനിക്കു ആഗ്രഹം തോന്നിയത്. വിവരങ്ങൾ പരസ്യമാക്കിയാൽ എന്നെ ഭ്രാന്തനായി മുദ്ര അടിക്കുമെന്ന് നിശ്ചയമുണ്ടായിരുന്നു. ശാസ്ത്ര പുരോഗതിക്ക്, അവിടെ ഒരു സ്ഥാനം കരസ്ഥമാക്കുന്നതിന് ത്യാഗം അവശ്യം ആവശ്യമാണെന്ന് അറിയാമായിരുന്നതുകൊണ്ട്, ജനതാഭിപ്രായം തൃണവൽ ഗണിക്കാൻ മടി തോന്നിയില്ല. ചെറിയ കുരങ്ങുകളെക്കൊണ്ടുള്ള പരീക്ഷണം വിജയിക്കുമെന്ന് ആദ്യം തന്നെ പ്രതീക്ഷയില്ലായിരുന്നു. അവയ്ക്കും ആകാരത്തിലും പ്രകൃതത്തിലും മനുഷ്യനോട് അടുപ്പമുണ്ടെന്നുള്ളത് ശരിതന്നെയാണ്. പക്ഷെ അവയും മനുഷ്യനും തമ്മിൽ വലു

ല്പത്തിലുള്ള അന്തരം കടന്നു കൂടാൻ പാടില്ലാത്ത തടസ്സമായിനിൽക്കുമെന്നായിരുന്നു എന്റെ സംശയം. ഞാൻ സംശയിച്ചവിധം തന്നെ അനുഭവപ്പെടുകയും ചെയ്തു. എങ്കിലും ആ പരിക്ഷണങ്ങളിൽ നിന്നു പലതും പഠിക്കാൻ കഴിഞ്ഞു. മനുഷ്യരോളം തന്നെ വലുപ്പമുള്ള ഒരു കുരങ്ങിനെ കിട്ടാൻ മാർഗ്ഗമെന്തെന്നാലോചിച്ചുകൊണ്ടിരിക്കുമ്പോളാണ്, നിങ്ങളുടെ സർക്കസിന്റെ ആവശ്യത്തിലേക്ക് കോഹിനൂറിനെ കൊണ്ടുവന്നത്. അതിനെ അവിടെ നിന്ന് തട്ടി എടുക്കാൻ ഒരു പ്രയാസവും ഉണ്ടായില്ല. സർക്കസ് ജോലിക്കാരിൽ ഒരുവനെ കോഹിനൂർ കൊല്ലാൻ കാരണക്കാരൻ ഞാനാണെന്നു വേണമെങ്കിൽ പറയാം. അതിൽ സന്തപിക്കാനൊന്നുമില്ല. മറിച്ച് പുരോഗതിക്കു അല്പമെങ്കിലും സഹായിക്കാൻ ആ മദ്യപനും കഴിഞ്ഞല്ലോ എന്നു സന്തോഷിക്കയാണു വേണ്ടത്. കോഹിനൂറിന്റെ ഉത്ഥാപനത്തിനു ശാരീരികമായി വേണ്ടതെല്ലാം നിങ്ങളുടെ സഹോദരി, ഈ ലളിത സമ്മാനിച്ചു എന്നുള്ളതിൽ റോഷ്ണിക്കു അഭിമാനിക്കാവുന്നതാണ്. മാനസികമായ ഉൽക്കർഷം പൂർത്തി ആക്കുന്നതിന് എന്റെ സന്തത സഹചാരിണി ആയിരുന്ന സുഷ്മയാണ് സഹായിച്ചത്. അവൾക്കു എന്റെ ലക്ഷ്യത്തിന്റെ മാഹാത്മ്യം ശരിക്കറിഞ്ഞുകൂടായിരുന്നതുകൊണ്ടു ഞാൻ ചെയ്യുതു കടുംകൈ ആയി തോന്നിയിരിക്കാം. മനുഷ്യസഹജമായി എനിക്കുള്ള ബലഹീനത, സുഷ്മയുടെ തലച്ചോറ് എടുത്തു കോഹിനൂറിനു കൊടുക്കാൻ തുനിഞ്ഞസമയം എന്റെ കൈകളെ തടഞ്ഞു എങ്കിലും ശാസ്ത്രത്തോടുള്ള ഭക്തി ആ ബലഹീനതയെ തട്ടിമാറ്റി. അങ്ങനെയാണു പലതരത്തിലും ഒരു ഉത്തമകലാവസ്തുവായ നളിനിയെ ഞാൻ സൃഷ്ടിച്ചത്. മനുഷ്യസ്ത്രീയുടെ സുന്ദരമായ ആകാരവും, സ്വഭാവ

വും കിട്ടുന്നതോടൊന്നിച്ച് ചാപല്യവും കോഹിനൂറാൽ—നളിനിയിൽ—ചെന്നുചേരുമെന്നു ഞാൻ ഓർത്തില്ല എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. നളിനിയുടെ ചാപല്യം മൂലം അവൾ സുമുഖനിൽ ഭ്രമിച്ചുവശായി. സുമുഖന് റോസ്ലിയോടുള്ള പ്രേമം നളിനിയെ കേവലം ഒരു മൃഗമാക്കി. ആ ചാപല്യം എൻെറ പ്രയത്നങ്ങളെ എല്ലാം പാഴാക്കി. അവൾ എല്ലാം കളഞ്ഞുകുളിച്ചു എൻെറ അടുക്കൽ വന്നുചേന്നു. എൻെറ മുൻപരീക്ഷണത്തിനു അപജയം സംഭവിക്കാനുണ്ടായ കാരണവും, അതു പരിഹരിക്കാനുള്ള മാർഗ്ഗവും എല്ലാം ഇപ്പോൾ വ്യക്തമായി എനിക്കു കാണാം. അതിൽ സഹായിക്കുന്നതിന് റോസ്ലിയും സമയത്തു വന്നുചേന്നതു് ഒരു ശുഭശകുനമായി, മഹാഭാഗ്യമായി ഞാൻ ഗണിക്കുന്നു. റോസ്ലിയുടെ സഹായത്തോടുകൂടി അത്യുത്തമമായ ഒരു ശാസ്ത്രസൃഷ്ടി രൂപമെടുക്കാൻ പോകയാണ്. വരണം, സന്തോഷത്തോടുകൂടി സഹകരിക്കണം. എന്താ, ഞാൻ പറഞ്ഞതൊന്നും വിശ്വസനീയമായി തോന്നുന്നില്ലേ? ഞാൻ പറഞ്ഞതെല്ലാം അക്ഷരംപ്രതി സത്യമാണ്. ശാസ്ത്രപുരോഗതിക്കു, മററാരുതന്നെക്കും ഇതേവരെ സാധിച്ചിട്ടില്ലാത്ത ഒരു മഹൽകാര്യത്തിന് റോസ്ലിയുടെ സഹായമാണു ഞാൻ ആവശ്യപ്പെടുന്നതു്. നമ്മുടെ ശ്രമം വിജയിച്ചാൽ---അതു പരിപൂർണ്ണവിജയത്തിൽ എത്തുമെന്നുള്ളതിൽ എനിക്കു സംശയം തെല്ലുമില്ല—നമ്മുടെ നാമം ശാസ്ത്രചരിത്രത്തിൽനിന്നു ഒരിക്കലും മാഞ്ഞുപോകയില്ല. ഒരിക്കലും മായാത്ത മഷികൊണ്ട് അതു ചരിത്രത്തിൽ എഴുതപ്പെടും. ഒന്നുകൂടി പറഞ്ഞേക്കാം. റോസ്ലിയെ ഞാൻ ഇവിടെനിന്നു വിടാൻ നിശ്ചയിച്ചിട്ടില്ല. വിളിച്ചിട്ടല്ലല്ലോ വന്നതു്. ഇതാ നിനക്ക് ആവശ്യമുള്ള സാധനം എന്നു പറഞ്ഞു ശാസ്ത്രം എനിക്കു കാണിച്ചുതന്നിരിക്കുന്നതിനെ ഞാ

ൻ ഉപേക്ഷിക്കയില്ല. റോഷ്ണിയുടെ തലച്ചോറിൽ ഒരു പ്രത്യേകഭാഗമാണ് എനിക്കു വശ്യമുള്ളത്. വേദന അല്പംപോലും ഉണ്ടാക്കയില്ല എന്ന് ഉറപ്പു തരാം."

ഇന്ദ്രൻെറ പ്രസംഗം റോഷ്ണിയെ പരിഭ്രാന്തയാക്കി എന്നു പറയേണ്ടതില്ലല്ലോ. അവൾ നിശ്ചേഷ്ടയായി. ആ മുറിയിൽ എല്ലാം കണ്ണു ഓടിച്ചു. ഇന്ദ്രൻ ഒരു ബട്ടൻ അമർത്തി. മുറിയുടെ ഒരു ഭാഗത്തെ അവരുടെ ദൃഷ്ടികളിൽനിന്നു മറച്ചിരുന്ന ഒരു സ്ക്രീൻ അപ്രത്യക്ഷമായി. ഒരു ഓപ്പറേഷൻ മേശയിൽ, ശവംപോലെ കിടക്കുന്നു ലളിത. അക്കാഴ്ച റോഷ്ണിയെ സജീവയാക്കി. അവൾ സഹോദരിയെ വിളിച്ചു കൊണ്ട് അവളുടെ അടുക്കലേക്കു നീങ്ങാൻ ശ്രമിച്ചു. ഇന്ദ്രൻ റോഷ്ണിയുടെ മുഖത്തുനിന്ന് ദൃഷ്ടിമാററാതെ നോക്കുന്നുണ്ട്. അവൾക്ക് അയാളുടെ ആജ്ഞ നിരസിക്കാൻ സാധിക്കയില്ലെന്നു റോഷ്ണി ഭയപ്പെട്ടു, ലളിതയെ തന്നെ നോക്കിക്കൊണ്ടു നില്ക്കാതെ മുറിയുടെ മറുഭാഗത്തേക്കു ദൃഷ്ടി അയപ്പാൻ ആരൊ കല്പിക്കുന്നതുപോലെ തോന്നി. റോഷ്ണി ആ കല്പന അനുസരിച്ചു. അപ്പോഴാണ് മുറിയുടെ ഒരു ഭാഗത്ത് ഒരു കൂട്ടിൽ കോഹിനൂർ അഴിയിൽ പിടിച്ചുകൊണ്ടു നിൽക്കുന്നത് അവൾ കണ്ടത്. സർക്കസ് കൂടാരത്തിൽ നിന്ന് ജോലിക്കാരിൽ ഒരുവനെ കൊന്ന ശേഷം കടന്നുകളഞ്ഞ കോഹിനൂർ ഏതു വിധമാണ് ഇവിടെ എത്തിയത്. ലളിതയെ ഓപ്പറേററു ചെയ്യുന്നതിനടുത്തു തന്നെ ആ മനുഷ്യക്കുരങ്ങിനെ കണ്ടപ്പോൾ റോഷ്ണിക്കുണ്ടായ വെറുപ്പും ഭീതിയും അവർണ്ണനീയമായിരുന്നു.

ഇന്ദ്രൻ:—"റോഷ്ണിക്കു കൂടി പങ്കെടുക്കുന്നതിനു അവസരം തരാൻ ഞാൻ തീർച്ചപ്പെടുത്തിയ അത്ഭുതകരമായ ശസ്ത്രക്രിയയുടെ ഉദ്ദേശം എന്താണെന്നു ഇപ്പോൾ മനസ്സിലായിരിക്കുമല്ലോ."

കൂടിന്റെ അഴികൾ കിടുകിടാ ശബ്ദം ഉണ്ടാകത്തക്ക വിധം കമ്പികളിൽ പിടിച്ച് കുലുക്കിക്കൊണ്ട് കോഹിനൂർ മുരമ്മുന്നു. അവിടെ എന്തോ വിചിത്രതരമായ സംഭവങ്ങൾ നടക്കാൻ പോകുന്നു എന്ന് ആ കുരങ്ങിനും മനസ്സിലായി എന്നു വരുമൊ?

കോഹിനൂറിനു റോഷ്ണിയോടുള്ളതിൽ അനേക മടങ്ങു ശത്രുത ഇന്ദ്രനോട് ഉണ്ടെന്നു അയാളെ അതു നോക്കുന്നതു കണ്ടാൽ അറിയാം. അതൊന്നും ഇന്ദ്രനെ കുലുക്കിയില്ല. അയാൾ പിന്നെയും പറഞ്ഞു, "മൃഗങ്ങൾക്കു വിവേകവും ബുദ്ധിയും ഒന്നും ഇല്ലെന്നു മനുഷ്യർ വിചാരിക്കുന്നതു തെററാണ്. നോക്കണം, കോഹിനൂറിന്റെ മുഖം കണ്ടാൽ മനസ്സിലാക്കാമല്ലോ. ഇവിടെ എന്തോ നടക്കാൻ പോകുന്നു എന്നു അവൾ മനസ്സിലാക്കിയതു് ബുദ്ധികൊണ്ടാണ് മനസ്സിലാക്കിയതെന്നു ഞാൻ പറയുന്നില്ല. പ്രകൃതിദത്തമായ എന്തൊ ശക്തികൊണ്ടായിരിക്കാം. ഏതു തരത്തിലായാലും അവൾ മനസ്സിലാക്കി. എന്നെ അവളുടെ കയ്യിൽ ഒന്നു കിട്ടിയാൽ മതി എന്നാണ് കോഹിനൂറിനു ഇപ്പോൾ."

ഇന്ദ്രനു സുബുദ്ധി അശേഷം ഇല്ലാത്ത നിലയിൽ ആയിക്കഴിഞ്ഞു എന്ന് റോഷ്ണിക്കുണ്ടായിരുന്ന സംശയം പ്രസംഗം കേട്ടപ്പോൾ നിശ്ചയമായി രൂപാന്തരപ്പെട്ടു. അവിടെ നിന്നു രക്ഷപെടുന്നതിനും, സഹോദരിയെ ഈ ഭ്രാന്തനിൽ നിന്ന് രക്ഷിക്കുന്നതിനും എന്താണു മാർഗ്ഗമെന്നു തല പുകഞ്ഞു ആലോചിക്കയായിരുന്നു റോഷ്ണി. കോഹിനൂറിന് അയാളോടു അതിയായ വിദ്വേഷം ഉണ്ടെന്നും, അയാളെ അതിന്റെ കൈയിൽ കിട്ടിയാൽ തകർത്തുകളയും എന്നും ഇന്ദ്രൻ പറഞ്ഞപ്പോൾ രക്ഷപെടുന്നതിനുള്ള

മാഗ്ഗം എന്താണെന്നു് റോസ്ലി കണ്ടു. അതു സ്വീക രിക്കുന്നതെങ്ങനെയാണെന്നു മാത്രം അറിഞ്ഞുകൂടാ.

ഇത്രയും പറഞ്ഞു കഴിഞ്ഞു് ഇന്ദ്രൻ ലളിതയെ ബോധരഹിതയാക്കിയിട്ടിരുന്ന ഓപ്പറേഷൻ മേശയു ടെ അടുക്കലേക്കു തിരിഞ്ഞു. ആ അവസരം റോസ്ലി ശരിക്കു്, ക്ഷണത്തിൽ, പ്രയോജനപ്പെടുത്തി. ഒരു നി മിഷം കൊണ്ടു അവൾ കോഹിനൂറിൻെറ കൂടിനു് അടു ത്തു എത്തി. അതിൻെറ പൂട്ടു തുറന്നു. അവസരം പാത്തിരുന്ന കോഹിനൂർ കൂടിൻെറ ഭാരമേറിയ വാ തിൽ വലിച്ചു തുറക്കാൻ ഒട്ടും താമസിച്ചില്ല. ആ കത കു തുറക്കുന്ന ശബ്ദം കേട്ടു ഇന്ദ്രൻ തിരിഞ്ഞു നോക്കി യതും കൂട്ടിൽ നിന്നു കോഹിനൂർ പുറത്തേക്കു ചാടിയ തും ഒന്നായിക്കഴിഞ്ഞു.

ഈ സമയത്തു വീണ്ടും ഒരു അതിഭയങ്കര മിന്ന ലും അതേ നിമിഷത്തിൽ തന്നെ ആ മിന്നലിനു അനു യോജ്യമായ ഒരു ഇടിയും ഉണ്ടായി. റോസ്ലി വല്ലാ തൊന്നു ഞെട്ടി. ഞെട്ടുന്നതിനൊ ഭയപ്പെട്ടു നിൽക്കു ന്നതിനൊ സമയം ഇല്ലെന്നു കണ്ടു ഇന്ദ്രൻ ശസ്ത്രക്രി യയ്ക്കുള്ള കരുക്കൾ ഇട്ടെറിഞ്ഞു ഓടി ആ മുറിയിൽ നി ന്നു പുറത്തേക്കു കടന്നു. തൻെറ പരമശത്രുവിനെ ഒ ന്നു കൈയിൽ കിട്ടാൻ നോക്കി പാത്തിരുന്ന കോഹി നൂർ ഒരു ചാട്ടം. ഇന്ദ്രൻ അവളുടെ ഉരുക്കു കൈക ളിൽ പെട്ടു. എന്തോ ചതയുകയൊ ഒടിയുകയൊ ചെ യ്യുന്ന ശബ്ദങ്ങളും ഒരു നിലവിളിയും ഒന്നായി പുറ പ്പെട്ടതു് റോസ്ലി കേട്ടു. ആ ഭയങ്കര ശബ്ദങ്ങളും ഇടി യും മിന്നലും റോസ്ലിയെ ഭയപ്പെടുത്തി എങ്കിലും അവ തൻെറ സഹോദരിയുടെ അപകടപൂണ്ണമായ സ്ഥിതി അവളെ വേണ്ടവിധം ധരിപ്പിക്കയും ചെയ്തു.

കോഹിനൂറും ഇന്ദ്രനും എവിടെ, എന്തു ചെയ്യുന്നു

എന്നു റോസ്ലിനി നോക്കുകപോലും ചെയ്തില്ല. ബോധരഹിതയായിക്കിടക്കുന്ന ലളിതയെ സമീപിച്ച് അവളെ കുലുക്കിവിളിച്ച് ഉണർത്താൻ ശ്രമിക്കയാണ് റോസ്ലിനി. കുറേ സമയം കുലുക്കുകയും വിളിക്കുകയും ചെയ്തപ്പോൾ ലളിത കണ്ണുകൾ തുറന്നു. റോസ്ലിനിയെ കണ്ടപ്പോൾ അവൾ വളരെ സന്തോഷത്തോടുകൂടി ഒന്നു പുഞ്ചിരിതൂകി.

മിന്നൽ, ഇടി, ഇവയെ തുടൎന്നു കഠിനമായ മഴയും അതിശക്തമായ ഒരു കാററും ആരംഭിച്ചു. മഴ ഉണ്ടായിട്ടും മിന്നലും ഇടിയും ആവൎത്തിക്കപ്പെട്ടുകൊണ്ടു തന്നെ ഇരിക്കുന്നു. ലളിത ശരിക്കു ഉണൎന്നു. റോസ്ലിനിക്കു വലിയ ആശ്വാസമായി. "ലളിതഒന്നും ഭയപ്പെടേണ്ട, നിൻെറ സുഖക്കേടെല്ലാം കുറഞ്ഞു, ഓപ്പറേഷൻ ഇനി ആവശ്യമില്ല." റോസ്ലിനി പറഞ്ഞതു കേട്ടു ലളിത സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു സഹോദരിയെ ചുംബിച്ചു.

വാറൻ സൎക്കസ് പ്രദൎശനം മുറയ്ക്കു നടന്നുകൊണ്ടിരിക്കയാണ്. മിന്നലും ഇടിയും ആരംഭിച്ചതു് സുമുഖൻ സിംഹങ്ങളെയും കടുവാകളെയും, എല്ലാം ഇറക്കി കളി തുടങ്ങിയപ്പോഴാണ്. ആ ഭയങ്കര മൃഗങ്ങൾക്കു മിന്നലിനോടും ഇടിയോടും വലിയ ഭയമാണെന്നും, അവ ഭയന്നു വല്ല കുഴപ്പങ്ങളും ഉണ്ടാക്കിയേക്കുമെന്നും, സുമുഖനു് തോന്നി. കളി ആരംഭിച്ചുപോയതുകൊണ്ടു വരുന്നതു വരട്ടെ എന്നു വച്ച് തുടരാൻ അയാൾ നിൎബന്ധിതനായി. മഴയും മുറുകി.

മിന്നലും ഇടിയും-ഇടിയും മിന്നലും തുടൎച്ചയായ പിന്നെയും പിന്നെയും ഉണ്ടായതോടുകൂടി, മൃഗങ്ങൾ തൻെറ പിടിയിൽനിന്നു കടക്കുന്നു എന്നു ബോദ്ധ്യമായ സുമുഖൻ കളി പൂൎത്തിയാക്കാതെതന്നെ അവയെ

കൂട്ടിൽ ആക്കാൻ തീച്ചപ്പെടുത്തി. സുമുഖൻ അനുചരന്മാക്ക അതിനു വേണ്ട ആജ്ഞയും നൽകി. കൂടുകൾ ശരിപ്പെടുത്താൻ ഭാവിച്ചപ്പോൾ ഒരു മിന്നലും ഒരു ഇടിയും. അതോടൊപ്പം തന്നെ ഒരു കാററും ഉണ്ടായി. കൂടാരത്തിൻെറ ഒരു തൂണ് ഒടിഞ്ഞു. കൂടാരം മൂടിയിരുന്ന ശീലയുടെ ഒരു ഭാഗം കാററിൽ പറന്നു. കാണികളും കാട്ടുമൃഗങ്ങളും കളിക്കാരും എല്ലാം ഒന്നുപോലെ ഭയന്നു. ഇളകിയ വന്യമൃഗങ്ങൾ അവയുടെ ശത്രുക്കളെ കൊല്ലുനല്ല എങ്ങനെയും രക്ഷപെടാനാണ് നോക്കിയതു്. നാനാഭാഗത്തേക്കും ഓടുന്ന മൃഗങ്ങൾ തങ്ങളെ പിടിക്കാൻ വരുകയാണെന്നു ഭയന്ന് കാണികൾ എങ്ങോട്ടെന്നറിയാതെ ഓടി. അപ്പോഴത്തെ അവിടത്തെ സ്ഥിതിഗതികൾ വർണ്ണിക്കുക അസാദ്ധ്യം തന്നെയാണ്.

അനേകായിരം ഉറപ്പിക വിലകൊടുത്തു വാങ്ങിയ പല മൃഗങ്ങളെയും വാറൻെറ നിർദ്ദേശം അനുസരിച്ചു സക്കസിലെ കിങ്കരന്മാർ വെടിവച്ചു കൊന്നു. തനിക്കു നഷ്ടം സംഭവിച്ചാലും ജനങ്ങൾക്കു ആപത്തുണ്ടാകരുതെന്നു വച്ചാണ് വാറൻ അങ്ങനെ ചെയ്യിച്ചതു്. ആ മൃഗങ്ങളിലേക്കും ഏററം ഭയങ്കരനും മുമ്പു പലപ്പോഴും സുമുഖനെ അകപ്പെടുത്താൻ നോക്കിയിട്ടുള്ളവനും ആയ ഒരു സിംഹത്തെ നശിപ്പിക്കാതെ കൂട്ടിൽ അടയ്ക്കാൻ ശ്രമിക്കയായിരുന്നു സുമുഖൻ. സുമുഖനെ എങ്ങനെയെങ്കിലും അടിച്ചിടുന്നതിനു ആ സിംഹവും ലാക്കു നോക്കിക്കൊണ്ടിരുന്നു. ഒടുവിൽ സിംഹം ഒരു അലറൽ, ഒരു ചാട്ടം, ഒരു അടി, നിലം പതിച്ച സുമുഖൻെറ ദേഹത്ത് കൈകൾ എടുത്തു വച്ചുകൊണ്ടു. വിജയിച്ചു എന്ന ഭാവത്തിൽ സിംഹം ഒന്നു് ഗജ്ജിച്ചു. ആ സിംഹത്തെ വെടി വയ്ക്കാൻ ആജ്ഞാപിക്കുന്നതിനു് വാറനു ധൈയ്യം ഉണ്ടായില്ല. സിംഹത്തെ ലക്ഷ്യമാ

ക്കി വയ്ക്കുന്ന വെടി ഗ്രഹപ്പിഴയ്ക്കു സുമുഖനു കൊണ്ടേങ്കിലോ എന്നായിരുന്നു അയാളുടെ ഭയം.

തന്നെ അടിമപ്പെടുത്തി മൃഗരാജന്റെ നിലയ്ക്കു് അനുയോജ്യമല്ലാത്ത കളികൾ കളിപ്പിച്ച ശത്രുവിനെ കൈയിൽ കിട്ടിരിപ്പായി, അവനും കുറെ കളിക്കട്ടെ എന്നാണു് സിംഹത്തിന്റെ ഭാവം. പിടികിട്ടിയ എലിയെ കൊല്ലുന്നതിനു മുമ്പു പൂച്ച അതിനെ കളിപ്പിക്കുന്ന രീതിയാണു് ആ സിംഹം സ്വീകരിച്ചതു്.

എന്താണു് രക്ഷാമാർഗ്ഗം എന്നറിയാതെ സുമുഖൻ മരണത്തിന്റെ മുഖത്തു നോക്കി കിടക്കയാണു്. തന്റെ ജോലിക്കാരിൽ ഏററം സമർത്ഥനും പുത്രിയുടെ ഭർത്താവായി തെരഞ്ഞെടുത്തിട്ടുള്ളവനും ആയ ആ ചെറുപ്പക്കാരനെ രക്ഷിക്കാൻ മാർഗ്ഗം കാണാതെ പാറൻ പരിഭ്രാന്തനായി നിലകൊള്ളുന്നു. സിംഹം കളിയോ കളിപ്പിക്കലോ മതിയാക്കി ഒന്നു അടിക്കയോ കടിക്കയോ ചെയ്താൽ മതി സുമുഖൻ ഇല്ലാതാവാൻ. അപ്പോഴേക്കു കാണികളിൽ ഒരു നല്ല ഭാഗം കൂടാരത്തിൽ നിന്നു് പുറത്തു ചാടി രക്ഷപെട്ടിരുന്നു.

ആ ഭയങ്കരസിംഹം പെട്ടെന്നു കളി നിർത്തി അല്പം ആശങ്കയോടുകൂടി കൂടാരത്തിന്റെ ഒരു ഭാഗത്തേക്കു നോക്കുന്നതു കണ്ടു പാറനും അവിടേക്കു നോക്കി. ഏതാനും ദിവസങ്ങളായി കാണാതായിരുന്ന കോഹിനൂർ കൂടാരത്തിൽ പ്രവേശിച്ചതു കണ്ടാണു് സിംഹം ഭയപ്പെട്ടതു്. അവൻ സുമുഖന്റെ ദേഹത്തുനിന്നു ഒരു കൈ മാററി. കോഹിനൂർ സുമുഖനെ കണ്ടുകൊണ്ടു് ആയിരിക്കുമൊ, ആ ഭാഗത്തേക്കാണു് അതിവേഗത്തിൽ നടക്കുന്നതു്. കോഹിനൂർ അടുത്തുവരുന്നതു് കണ്ടപ്പോൾ സിംഹം അടികൊണ്ട പട്ടിയെപ്പോലെ വാൽ കാലുകൾക്കിടയിൽ ആക്കിക്കൊണ്ടു പിൻമാറി. കുറ

ങ്ങാപട്ടെ സിംഹത്തെ നോക്കുകപോലും ചെയ്തില്ല. അവൾ സുമുഖനെ കണ്ടു് കുനിഞ്ഞു് ഒരു അമ്മ കുഞ്ഞിനെ കോരി എടുക്കുന്നതുപോലെ അവനെ കോരി എടുത്തുകൊണ്ടു് കൂടാരത്തിനു പുറത്തേക്കു പോയി. കൂടാരം വീണാൽപോലും അപകടമൊന്നും സംഭവിക്കാനില്ലാത്ത ദൂരത്തു് എത്തിയപ്പോൾ, സുമുഖനെ സാവധാനത്തിൽ നിലത്തുകിടത്തി. അടുത്തനിമിഷം കോഹിനൂർ മറുവശത്തേക്കു മറിയുകയും ചെയ്തു. മൃഗവൈദ്യൻ വന്നു പരിശോധിച്ചപ്പോൾ കോഹിനൂറിനു ജീവനില്ല. ഒരു വെടിയുണ്ട ഹൃദയത്തിൽ പാഞ്ഞു കേറിയതായിരുന്നു മരണകാരണം. മററുള്ള മൃഗങ്ങളെ ലക്ഷ്യമാക്കി വെച്ച വെടിയാദൃച്ഛികമായി കോഹിനൂറിന്റു ഏററതായിരിക്കാം. ഹൃദയത്തിൽ വെടിയുണ്ടയും വെച്ചുകൊണ്ടു് കുറേദൂരം നടക്കുകയും സുമുഖനെ രക്ഷിക്കയും ചെയ്യാൻ ആ വാനരത്തിനു് എങ്ങനെ സാധിച്ചു എന്നു വിദഗ്ദ്ധനായ ആ മൃഗവൈദ്യൻ ഇന്നും ചോദിക്കുന്നുണ്ടു്.

വേണ്ടാതനത്തിനു പുറപ്പെട്ടു് ഒരു സ്ത്രീയെ ബലികഴിച്ചു് ഒരു വാനരത്തെ വാനരനാരി ആക്കിയ ഇന്ദ്രന്റെ കഥ എന്തായി?

* * *

അവർ മധുവിധു ആഘോഷിക്കയാണു്. റോസ്സി ഭർത്താവോടു ചോദിച്ചു. "കോഹിനൂറും നളിനിയും ഒന്നാണെന്നു ഇനി എങ്കിലും സമ്മതിക്കുമോ?"

സുമുഖൻ:—"സമ്മതിക്കയായിരിക്കുമല്ലോ നന്നു്. ഏതായാലും കോഹിനൂറിനോടു എനിക്കുള്ള കടപ്പാടു വളരെയാണു്,"

റോസ്സി:—"എനിക്കു ആദ്യം വലിയ വിരോധമായിരുന്നു അതിനോടു്. ഇപ്പോൾ, പിമ്പോട്ടു നോക്കിയിട്ടു ഞാനാണു് വലിയ കടക്കാരി എന്നു തോന്നിപ്പോകു

ന്നു. അതുകാരണമാണല്ലോ ലളിതയും എന്റെ പ്രാണപ്രിയനും രക്ഷപെട്ടതു്."

സുമുഖൻ:—"ആ കടം വീട്ടാൻ വഴിയുണ്ടു്. നമ്മുടെ ആദ്യത്തെ പെൺകുട്ടിക്കു കോഹിനൂർ എന്നു പേരിടാം."

(ശുഭം)

---

Printed at the C. M. S. Press, Kotta"am,—27—1000-—10-4—1954

Remarks

This book is very good

[illegible] I can [illegible]

[illegible]

വി. കെ. ചെറിയാൻ

1401 240219